# ഉന്നതി

യാഥാർത്ഥ്യമാക്കാം ഒരു ജനതയുടെ ഉന്നമനം
സെപ്റ്റംബർ-ഒക്ടോബർ 2023 പുസ്തകം-1 ലക്കം-2

കേരള സർക്കാർ

പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രസിദ്ധീകരണം


## ഉയരുന്ന താരങ്ങൾ വളരുന്ന കായിക കേരളം



### മിന്നുമണി നിശ്ചയദാർഢ്യമുള്ള തദ്ദേശീയ യുവതയുടെ പ്രതീകം: മുഖ്യമന്ത്രി

### അയ്യങ്കാളിയുടെ സമകാലിക പ്രസക്തി: കെ രാധാകൃഷ്ണൻ

### പഠനമുറിക്ക് ഇപ്പോൾ അപേക്ഷിക്കാം


പഠനമുറികൾക്ക്
അപേക്ഷ ക്ഷണിച്ചു
സർക്കാർ, എയ്ഡഡ്, സ്പെഷൽ, സാങ്കേതിക,
കേന്ദ്രീയ വിദ്യാലയങ്ങളിൽ 5 മുതൽ 12 വരെ
ക്ലാസുകളിൽ പഠിക്കുന്നവർക്ക് അപേക്ഷിക്കാം
അവസാന തീയതി : സെപ്തംബർ 30
K.Radhakrishnan
Minister for SC, ST,BC Development
Devaswoms & Parliamentary Affairs
Government of Kerala
kradhakrishnanofficial



## എഡിറ്റോറിയൽ

സെപ്റ്റംബർ-ഒക്ടോബർ 2023
പുസ്തകം-1 ലക്കം-2

# ഉന്നതിയിലേക്ക്

കേരള നവോത്ഥാന ചരിത്രത്തിലെ ഉജ്ജ്വല പോരാളി മഹാത്മാ അയ്യൻകാളിയുടെ 160 -ാം ജന്മദിനമാണ് കടന്നു പോയത്. എല്ലാ വർഷത്തെയും പോലെ പട്ടികജാതി വികസന വകുപ്പ് അയ്യൻകാളി ദിനം സമുചിതമായി ആചരിച്ചു. തിരുവനന്തപുരം വെള്ളയമ്പലത്തെ അയ്യൻകാളി പ്രതിമയിൽ ബഹു. മന്ത്രി കെ. രാധാകൃഷ്ണനൾപ്പടെയുള്ള മന്ത്രിമാർ, എം. എൽ.എമാർ മറ്റ് വിശിഷ്ടാതിഥികൾ എന്നിവർ പങ്കെടുത്തു കൊണ്ട് പുഷ്പാർച്ചനയും അനുസ്മരണ സമ്മേളനവും നടത്തുകയുണ്ടായി.

അതുപോലെ തന്നെ തദ്ദേശീയ ജനതയുടെ അന്തർദേശീയ ദിനവും പട്ടിക വർഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം അയ്യൻകാളി ഭവനിൽ വെച്ച് ആചരിക്കുകയുണ്ടായി. ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത ഈ പരിപാടിയിൽ വെച്ച് ദേശീയ വനിതാ ക്രിക്കറ്റ് ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ട നമ്മുടെ സഹോദരി മിന്നു മണിയെ ആദരിക്കുകയുണ്ടായി. നിശ്ചയദാർഢ്യമുള്ള തദ്ദേശീയ യുവതയുടെ പ്രതീകമാണ് മിന്നുമണിയെന്ന് ബഹു. മുഖ്യമന്ത്രി മിന്നു മണിയെ വിശേഷിപ്പിച്ചത് പട്ടിക വിഭാഗത്തിലെ പുതിയ തലമുറയ്ക്ക് ആവേശം പകരുന്നതാണ്. മിന്നുമണിയുമായുള്ള അഭിമുഖം ഈ ലക്കത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ വികസന വകുപ്പുകളുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ കായിക മേഖലയ്ക്ക് പ്രാധാന്യം നൽകി വരുന്നുണ്ട്. തിരുവനന്തപുരം വെള്ളായണിയിലും കാസർകോഡ് കരിന്തളത്തും രണ്ട് സ്പോർട്സ് എം.ആർ.എസുകളും നമുക്കുണ്ട്. ഇതിലൂടെ നിരവധി കായിക പ്രതിഭകളെ വാർത്തെടുക്കാൻ ഇതിനകം നമുക്ക് കഴിഞ്ഞു. അതിനെ സംബന്ധിച്ചുള്ള ഹ്രസ്വ വിവരങ്ങളും ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം പട്ടികജാതി-പട്ടികവർഗ വികസന പിന്നാക്കവിഭാഗ വകുപ്പുകളുടെ വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വാർത്തകളും മറ്റ് സ്ഥിരം പംക്തികളും ഈ ലക്കത്തിലുണ്ട്.

**കെ. ഗോപാലകൃഷ്ണൻ ഐ എ എസ്**
ചീഫ് എഡിറ്റർ
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്

**ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും**
ഉന്നതി: ചീഫ് പബ്ലിസിറ്റി ആഫീസ്, എസ്.സി. വികസന വകുപ്പ്, അയ്യൻകാളി ഭവൻ, കനക നഗർ, കവടിയാർ പി.ഒ., വെള്ളയമ്പലം, തിരുവനന്തപുരം 695003
ഫോൺ: 0471-2737213, 2737214 Email: unnathimasika.cpo@gmail.com Office: cposcdd@gmail.com

ഉന്നതി
യാഥാർത്ഥ്യമാക്കാം ഒരു ജനതയുടെ ഉന്നമനം

**എഡിറ്റോറിയൽ ബോർഡ്**

ചെയർമാൻ
**കെ. രാധാകൃഷ്ണൻ**
(പട്ടികജാതി/പട്ടികവർഗ, പിന്നാക്ക വിഭാഗ, ദേവസ്വം, പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

ചീഫ് എഡിറ്റർ
**കെ. ഗോപാലകൃഷ്ണൻ ഐ.എ.എസ്**
(ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്)

അസോസിയേറ്റ് എഡിറ്റർ
**ഡി.ആർ. മേഘശ്രീ ഐ.എ.എസ്.**
(ഡയറക്ടർ, പട്ടികവർഗ വികസന വകുപ്പ്)

എഡിറ്റർ
**രാജേഷ് ചിറപ്പാട്**

അസിസ്റ്റന്റ് എഡിറ്റേഴ്സ്
**സുരേഷ് ഗോപി**
**ഡോ. സരിത അഭിരാമം**

മാനേജർ
**ജോൺ നൈനാൻ**
(ചീഫ് പബ്ലിസിറ്റി ഓഫീസർ)

കോ-ഓർഡിനേറ്റിംഗ് എഡിറ്റേഴ്സ്
**വി. സജീവ്**
(അഡീ. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്)

**ജോസഫ് ജോൺ**
(ജോയിന്റ് ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്)

ജില്ലാ പ്രതിനിധികൾ:
തിരുവനന്തപുരം : ഇ.എസ്. അംബിക
കൊല്ലം : ബിന എസ്.എസ്
പത്തനംതിട്ട : ആർ. രഘു
ആലപ്പുഴ : ബഞ്ചമിൻ ബി
കോട്ടയം : എം.എസ് സുനിൽ
ഇടുക്കി : സാജു ജേക്കബ്
എറണാകുളം : കെ. സന്ധ്യ
തൃശ്ശൂർ : ലിസാ ജെ. മങ്ങാട്
പാലക്കാട് : കുമാരി ശ്രീജ കെ.എസ്
മലപ്പുറം : മണികണ്ഠൻ കെ
കോഴിക്കോട് : കെ.പി. ഷാജി
വയനാട് : മനോഹരൻ. കെ
കണ്ണൂർ : കെ.വി. രവിരാജ്
കാസറഗോഡ് : മീനാറാണി എസ്

# ഉള്ളടക്കം

06 അയ്യൻകാളിയുടെ സമകാലിക പ്രസക്തി
കെ. രാധാകൃഷ്ണൻ



08 ഉയരുന്ന താരങ്ങൾ; വളരുന്ന കായികകേരളം

09 നിശ്ചയദാർഢ്യത്തിന്റെ മിന്നുമണി
ഷിനു സുകുമാരൻ




10 മിന്നുമണി എന്ന ക്രിക്കറ്റർ

16 ഭരണഘടനയെ അറിയുക
മൗലികാവകാശങ്ങൾ
ഡോ. അഭയചന്ദ്രൻ കെ

18 പ്രാക്തനം
തുളു ജനതയുടെ
ഓണാഘോഷം

20 അയ്യൻകാളിയെ
അനുസ്മരിച്ച് കേരളം

22 ഒത്തൊരുമിച്ച്
ഉന്നതിയിലേക്ക്

25 മണിളുക്കി ഊരിൽ
ഇനി മണിക്കിലുക്കം

26 കഥ
ബദാം മരത്തിൽ
സജിത് കെ. കൊടക്കാട്ട്





29 സുപരീക്ഷിത ജീവിതം
എം വിജയകുമാരൻ

34 മൂവി തോട്ട്സ്
ഋതുഭേദങ്ങളിലെ
ജീവിതം
രാജേഷ് കെ എരുമേലി

37 കവിത
ഒസ്‌ക്കത്ത്
അനീഷ് ഹാറൂൺ റഷീദ്

37 ഇന്ത്യൻ യാത്രകൾ
പത്താൻകോട്ടിലെ
തണുത്ത കാറ്റും
പകലിരവുകളും
രാധാകൃഷ്ണൻ ചെറുവല്ലി

42 മസ്റ്റ് റീഡ് ബുക്ക്
ദാക്ഷായണി
വേലായുധൻ;
വീണ്ടെടുക്കപ്പെട്ട ചരിത്രം
ഡോ. ഒ.കെ സന്തോഷ്

44 എം.ആർ.എസ്
വിദ്യാർത്ഥികളുമായി
മുഖാമുഖം





47 വിജ്ഞാന
ഉന്നതി

48 ജൂനിയർ ഉന്നതി
ചോദ്യങ്ങൾ
കവിത
അമൃത രാജ്



# അയ്യൻ കാളിയുടെ സമകാലിക പ്രസക്തി

കെ. രാധാകൃഷ്ണൻ

മഹാത്മാ അയ്യൻകാളിയുടെ 160ാം ജന്മ വാർഷികമാണ് കടന്നു പോയത്. തിരുവനന്തപുരം വെങ്ങാനൂരിൽ അയ്യൻ-മാല ദമ്പതികളുടെ മകനായി 1863 ആഗസ്റ്റ് 28 നാണ് അദ്ദേഹം ജനിച്ചത്. പോരാട്ടത്തിന്റെയും, ധീരതയുടെയും മാതൃകയായ ആദ്ദേഹം ജാതി മേധാവിത്വത്തിനെതിരെ നടത്തിയ സമരങ്ങൾ ശ്രദ്ധേയമായിരുന്നു.

ഇന്നു നാം കാണുന്ന സാമൂഹ്യ സാഹചര്യങ്ങളായിരുന്നില്ല ഒരു നൂറ്റാണ്ട് മുമ്പ് കേരളത്തിൽ നിലവിലിരുന്നത്. ജാതി വ്യവസ്ഥയുടെ നുകങ്ങളിൽ ദളിത്പിന്നാക്ക വിഭാഗക്കാർ തളയ്ക്കപ്പെട്ടിരുന്നു. അക്ഷരവും അറിവും അധികാരവും സമ്പത്തും ദളിതർക്ക് ഒരിക്കലും ലഭിച്ചിരുന്നില്ല, പൊതുവഴിയിലൂടെ നടക്കാനോ, നല്ലവസ്ത്രം ധരിക്കാനോ, നല്ല ഭക്ഷണം കഴിക്കാനോ അവകാശമില്ലാതിരുന്ന അടിമ സമാനമായ ജീവിതം. ജാതി വിവേചനങ്ങൾ കൊടികുത്തി നിന്ന നാളുകളായിരുന്നു അക്കാലം.

ദേശീയ സ്വാതന്ത്ര്യസമരത്തിന്റെയും നവോത്ഥാന മുന്നേറ്റങ്ങളുടെയും അലയൊലികൾ കേരളമാകെ ഈ കാലത്ത് ഉയർന്നുവന്നു. അതിനൊപ്പം പുരോഗമന പ്രസ്ഥാനങ്ങളുടെ സ്വാധീനവും വർദ്ധിച്ചു. ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ സമരാഹ്വാനം ചെയ്ത അയ്യാ വൈകുണ്ഡ സ്വാമി, ദളിത് കുട്ടികളുടെ വിദ്യാഭ്യാസത്തിനായി യത്നിച്ച ആറാട്ടുപുഴ വേലായുധ പണിക്കർ, സാമൂഹ്യമുന്നേറ്റങ്ങ

ചിത്രീകരണം രാജേഷ് ചിറപ്പാട്


ൾക്ക് നെടുനായകത്വം വഹിച്ച ശ്രീനാരായണ ഗുരു തുടങ്ങിയ നേതാക്കളുടെ ഇടപെടലുകളും മാറ്റങ്ങൾക്ക് ഊർജ്ജം പകർന്നു. ഇത്തരത്തിൽ വിവിധ ആശയധാരകളുടെയും, പ്രയോഗങ്ങളുടെയും കൈവഴികൾ ഒത്തുചേർന്ന പരിസരത്തു നിന്നുമാണ് അയ്യൻകാളിയെ പോലുള്ളവർ ജാതി വിവേചനങ്ങൾക്കും സാമൂഹ്യ അസമത്വങ്ങൾക്കുമെതിരായ മുന്നേറ്റം ഏറ്റെടുത്തത്. തദ്ദേശീയരായ പട്ടിക വർഗ ജനതയെയും, പട്ടികജാതി, പിന്നാക്ക വിഭാഗക്കാരെയും ഒരു കുടക്കീഴിൽ ചേർത്തുപിടിക്കാൻ കേരളത്തിനു കഴിയുന്നതും നവോത്ഥാനപുരോഗമന പ്രസ്ഥാനങ്ങൾ പടുത്തുയർത്തിയ കരുത്തിലാണ്.

എന്നാൽ നവോത്ഥാനവും പുരോഗമന മുന്നേറ്റങ്ങളും രാജ്യത്താകെയുണ്ടാക്കിയ മാറ്റങ്ങളെ ബോധപൂർവം തകർക്കുന്ന കാഴ്ചകളാണിപ്പോൾ കാണുന്നത്. രാജ്യത്തിന്റെ ബഹുസ്വരതയും, മതേതരത്വവും കേന്ദ്ര ഭരണകൂടം തച്ചു തകർക്കുന്നു. ഭരണ ഘടന, ഫെഡറലിസം, പൗരസ്വാതന്ത്ര്യം, ജനാധിപത്യം തുടങ്ങിയ അടിസ്ഥാന ശിലകളെ തകർക്കുകയാണ്. ജനങ്ങൾക്കിടയിൽ വിഭജനവും, വിദ്വേഷവും സൃഷ്ടിച്ച് തങ്ങൾക്ക് അനഭിമതരായ ജനസമൂഹങ്ങളെ സംഘപരിവാർ വേട്ടയാടുകയാണ്.

ഇന്ത്യയിലെ ദളിതരുടെയും, തദ്ദേശീയ ജനതയുടെയും, പിന്നാക്കക്കാരുടെയും അരക്ഷിതാവസ്ഥ നാൾക്കുനാൾ വർദ്ധിച്ചു വരികയാണ്. കേന്ദ്രസർക്കാരിന്റെ ഇന്നത്തെ നയ സമീപനങ്ങളുടെ ഭാഗമായി ഉന്നത വിദ്യാഭ്യാസ സാധ്യതകളും, തൊഴിലവസരങ്ങളും തദ്ദേശീയ – ദളിത് പിന്നാക്ക വിഭാഗങ്ങൾക്ക് നിഷേധിക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലകളിലും തൊഴിലിടങ്ങളിലും ഇവർ ഒഴിവാക്കപ്പെടുന്നു. തങ്ങളുടെതായ ആവാസ വ്യവസ്ഥകളിൽ നിന്ന് അവർ ആട്ടിയോടിക്കപ്പെടുന്നു. ലോകത്തിലെ അഞ്ചാമത്തെ സാമ്പത്തിക ശക്തിയായെന്ന് അനുദിനം പറയുമ്പോഴും ഒരു നേരത്തെ അന്നത്തിന് വകയില്ലാത്ത ജനലക്ഷങ്ങൾ ഇന്ത്യയിൽ അവശേഷിക്കുന്നുണ്ടെന്ന് നീതി ആയോഗിന്റെ കണക്കുകൾ വെളിപ്പെടുത്തുന്നുണ്ട്.

4 വർഷത്തിനിടെ പാർശ്വവൽക്കരിക്കപ്പെട്ടവർക്കെതിരായ 1,89,000 കേസുകൾ രജിസ്റ്റർ ചെയ്യതായി ദേശീയ ക്രൈം റെക്കാർഡ്സ് ബ്യൂറോയുടെ കണക്കുകൾ വ്യക്തമാക്കുന്നു. ഇതിൽ 54% കേസുകളും ഉത്തർപ്രദേശ്, രാജസ്ഥാൻ, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലാണ്. വിചാരണകളും മറ്റുമായി വർഷങ്ങൾ നീണ്ടാലും ഒട്ടുമിക്ക കേസുകളിലും പ്രതികൾ ശിക്ഷിക്കപ്പെടുന്നില്ല. സാക്ഷികളെ കൂറുമാറ്റിച്ചും മറ്റുമാണ് കേസുകൾ അട്ടിമറിക്കുന്നത്. മാത്രമല്ല പല

പ്രതികൾക്കും താരപരിവേഷം ലഭിക്കുകയും ചെയ്യുന്നു. ക്ഷേത്രത്തിലെ സമൂഹ വിരുന്നിന് എത്തിയ ദളിത് കുടുംബത്തെ പന്തിയിൽ നിന്ന് ഇറക്കി വിടുക, ആദിവാസി യുവാവിന്റെ മുഖത്ത് മൂത്രമൊഴിക്കുക തുടങ്ങി, ഇരുണ്ട കാലഘട്ടത്തെ ഓർമ്മിപ്പിക്കുന്ന അതിക്രമങ്ങളാണ് ആധുനിക ഇന്ത്യയിൽ പാവപ്പെട്ടവർക്കെതിരെ ഉണ്ടാകുന്നത്.





ഇതിനുപുറമെയാണ് വിവിധ സംസ്ഥാനങ്ങളിൽ അരങ്ങേറുന്ന വർഗീയ കലാപങ്ങൾ. മെയ് ആദ്യം മണിപ്പൂരിൽ തുടങ്ങിയ കലാപത്തിന്റെ ചോരത്തുള്ളികൾ ഇനിയും ഉണങ്ങിയിട്ടില്ല. സമാധാന ശ്രമങ്ങൾക്ക് മുന്നിട്ടിറങ്ങേണ്ട ഭരണകൂടങ്ങൾ ഇപ്പോഴും വൈരാഗ്യത്തിന്റെ കനലുകൾ ഊതിപ്പെരുപ്പിക്കുകയാണ്. മണിപ്പൂരിനു പിന്നാലെ ഹരിയാനയിലും സംഘർഷങ്ങൾ സൃഷ്ടിക്കപ്പെടുകയാണ്. മണിപ്പൂരിൽ മാത്രം നൂറുകണക്കിന് ആളുകൾ കൊല്ലപ്പെട്ടു, തങ്ങളുടെ കുഞ്ഞുങ്ങളെ കൂടി കൊല്ലാതിരിക്കാൻ അവരെ അഭയാർത്ഥി ക്യാമ്പുകളിൽ വിട്ട് അമ്മമാർ വനാന്തരങ്ങളിലേക്ക്  ഓടി രക്ഷപ്പെട്ട നിരവധി സംഭവങ്ങളുണ്ട്. അക്രമികളുടെ കണ്ണിൽ

പ്പെട്ട സ്ത്രീകളുടെ മാനം തെരുവിൽ സംഘം ചേർന്ന് വലിച്ചിഴയ്ക്കുന്നു. ലോകത്തിന് മുന്നിൽ രാജ്യം നാണംകെട്ടു നിന്ന സംഭവ പരമ്പരകളാണ് മണിപ്പൂരിൽ കണ്ടത്.

സാമൂഹ്യ ഐക്യം തകർത്ത് ജനങ്ങൾക്കിടയിൽ ഭിന്നിപ്പ് വിതയ്ക്കാനുള്ള ശ്രമങ്ങളെ ജനങ്ങൾ ഒന്നിച്ചെതിർക്കേണ്ടതുണ്ട്. മതനിരപേക്ഷ ജനാധിപത്യ റിപ്പബ്ലിക്കായി ഇന്ത്യയെ നിലനിർത്താൻ വളരെ ജാഗ്രതയോടെ പ്രതിരോധനിര കെട്ടിപ്പടുക്കേണ്ടതുണ്ട്.

ഇന്ത്യയിലെ പൊതു സാഹചര്യങ്ങളിൽ നിന്നും അരക്ഷിതാവസ്ഥയിൽ നിന്നുമെല്ലാം ഏറെ വ്യത്യസ്തമാണ് കേരളം. പാർശ്വവൽക്കരിക്കപ്പെട്ട ജനസമൂഹങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസ അവസരങ്ങളൊരുക്കി, വീടും ഭൂമിയും ആരോഗ്യവും തൊഴിലും നൽകി ഉന്നതിയിലേയ്ക്ക് കൈപിടിച്ചുയർത്തുകയാണ് ഈ സർക്കാർ. അതി ദരിദ്രരായവരെ ഉന്നതിയിലേക്ക് ഉയർത്താൻ സമഗ്രമായ പദ്ധതികൾ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. നീതി അയോഗിന്റെ കണക്കുകളിൽ ബീഹാറിൽ 51% പേരും, ഉത്തർപ്രദേശിൽ 38% പേരും ജാർഖണ്ഡിൽ 42% പേരും അതിദരിദ്രരായിരിക്കെ കേരളത്തിലിത് വെറും 0.052% ആണ്. അവർക്കുകൂടി മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകി പൊതുസമൂഹത്തിലേക്ക് ഉയർത്തുന്നതോടെ കേരളം ഇന്ത്യയ്ക്ക് വീണ്ടും മാതൃകയാകും.

10 ബി. എ ക്കാരെ കണ്ടിട്ട് മരിക്കണമെന്ന് ആഗ്രഹിച്ച അയ്യൻകാളിയുടെ പിന്മുറക്കാർക്ക് സംസ്ഥാനത്തും രാജ്യത്തും വിദേശത്തുമൊക്കെ മികച്ച ഉന്നത വിദ്യാഭ്യാസത്തിന് സർക്കാർ അവസരം ഒരുക്കുന്നു. ഇതിന്റെ ഭാഗമായി 425 പേരെ രണ്ടു വർഷത്തിനിടെ വിദേശ വിദ്യാഭ്യാസത്തിനായി സ്കോളർഷിപ്പ് നൽകി അയക്കാനായതിൽ നമുക്ക് ഏറെ അഭിമാനിക്കാം. പഞ്ചമിയുടെ സ്കൂൾ പ്രവേശനവും, വില്ലുവണ്ടിയുടെ ചക്രപ്രയാണവും, ശ്രീമൂലം പ്രജാസഭയിൽ മുഴങ്ങിയ ശബ്ദവും, പാർശ്വ

വൽക്കരിക്കപ്പെട്ട ജനതയുടെ ഉന്നതിയിൽ അയ്യൻകാളിയുടെ അടയാള പ്പെടുത്തലുകളാണ്.

ജാതിഉപജാതി, മത ബോധങ്ങൾക്കപ്പുറമുള്ള മനുഷ്യരുടെ നന്മയിൽ ഊന്നിയുള്ള

കൂട്ടായ്മയാണ് നമുക്ക് വേണ്ടത്. ആ വഴികൾ ഇന്ന് കൂടുതൽ തെളിഞ്ഞിരിക്കുന്നു. നവകേരളത്തിലേയ്ക്കുള്ള പ്രയാണത്തിൽ, ഈ

സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് അയ്യൻകാളിയുടെ സ്മരണകൾ കൂടുതൽ ഊർജ്ജമാകുകയാണ്. അദ്ദേഹത്തിന്റെ 160ാം ജന്മവാർഷികം ഓർമ്മിപ്പിക്കുന്ന ചരിത്രപാഠങ്ങളും, സമത്വാധിഷ്ഠിതമായ സമൂഹം കെട്ടിപ്പടുക്കുന്നതിന് വിട്ടുവീഴ്ചയില്ലാത്ത പോരാട്ടങ്ങളും ആ പ്രയാണത്തിന് ഗതിവേഗം നൽകുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. •






MRS കളുടെ കായിക കുതിപ്പ്

# ഉയരുന്ന താരങ്ങൾ; വളരുന്ന കായിക കേരളം!

രാജ്യത്തിന്റെ കായിക നേട്ടങ്ങളുടെ ചരിത്രത്തിൽ കേരളത്തിന്റെ സംഭാവനകൾ അവിസ്മരണീയമാണ്. മലയോരങ്ങളിലും തെരുവുകളിലും തീരദേശങ്ങളിലും ജനിച്ച് വളർന്ന താരങ്ങൾ പാരമ്പര്യമായ കായികശേഷിയും സ്വതസിദ്ധമായ പ്രതിഭാ വിശേഷവും കൊണ്ട് സംസ്ഥാനത്തിനും രാജ്യത്തിനും അഭിമാനകരമായ നേട്ടങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്. സൗകര്യങ്ങളുടെയും അവസരങ്ങളുടെയും കുറവ് കൊണ്ട് പ്രതിഭയുള്ള ഒരാളും കായിക നേട്ടങ്ങളുടെ ഉന്നതിയിലേക്ക് എത്താതിരിക്കുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ലെന്ന് സർക്കാരിന് നിർബന്ധമുണ്ട്. അതുകൊണ്ടാണ് സ്കൂൾ വിദ്യാഭ്യാസത്തോടൊപ്പം കായിക വിദ്യാഭ്യാസത്തിനും പരിശീലനങ്ങൾക്കും മികച്ച അടിസ്ഥാന സൗകര്യങ്ങൾ സർക്കാർ ഒരുക്കുന്നത്. ഒരു കുട്ടിയുടെ സമഗ്രമായ വിദ്യാഭ്യാസ വികസനത്തിലും വ്യക്തിത്വ വികാസത്തിലും കായിക വിനോദങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണെന്ന് സർക്കാരിന് ബോധ്യമുണ്ട്. പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങളിൽ നിന്നും സവിശേഷമായ പാരമ്പര്യ സിദ്ധികളോടെ വരുന്ന കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ അവരുടെ കായിക കഴിവുകൾ തിരിച്ചറിഞ്ഞ് അത് പരിപോഷിപ്പിക്കാനുള്ള ശ്രമങ്ങളുടെ ഫലം കണ്ടു തുടങ്ങിയിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ വികസന വകുപ്പുകളുടെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ കായിക വിദ്യാഭ്യാസത്തിന് മുന്തിയ പരിഗണനയും സൗകര്യങ്ങളുമാണ് ഒരുക്കിയിട്ടുള്ളത്. തിരുവനനന്തപുരം വെള്ളായണിയിലും കാസർഗോഡ് കരിന്തളത്തും രണ്ട് സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ മികച്ച സൗകര്യങ്ങളോടെ പ്രവർത്തിച്ച് വരുന്നു. 2002 ൽ വെള്ളായണിയിൽ ആരംഭിച്ച ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഇതിനകം നിരവധി കായിക പ്രതിഭകളെ വാർത്തെടുത്തിട്ടുണ്ട്. കഴിഞ്ഞ അക്കാദമിക് വർഷം തന്നെ അത്‌ലറ്റിക്സ്, റസ്ലിംഗ്, ജൂഡോ , ജിംനാസ്റ്റിക്സ് ഇനങ്ങളിൽ സംസ്ഥാന ദേശീയ മത്സരങ്ങളിൽ നൂറോളം മെഡലുകൾ ഈ സ്കൂളിലെ കായിക താരങ്ങൾ നേടിയെടുത്തിട്ടുണ്ട്. കഴിഞ്ഞ അക്കാദമിക് വർഷം ആരംഭിച്ച കരിന്തളത്തെ ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ നവാഗതരായ കുട്ടികൾ ആ വർഷം തന്നെ കളിക്കളം എന്ന സംസ്ഥാന എം ആർ എസ് കായിക മേളയിലും ഏകലവ്യ സ്കൂളുകളുടെ അഖിലേന്ത്യാ മേളയിലും മികച്ച നേട്ടങ്ങൾ കരസ്ഥമാക്കി. 2022 ഡിസംബറിൽ ആന്ധ്രപ്രദേശിൽ നടന്ന ഏകലവ്യ എം ആർ എസ് അഖിലേന്ത്യാ സ്പോർട്സ് മീറ്റിൽ കേരളത്തിന് വേണ്ടി പങ്കെടുത്ത ഈ സ്കൂളിലെ 29 കുട്ടികളിൽ ഏഴുപേർ വ്യക്തിഗത മെഡലുകൾ നേടുകയും വനിതാ ഫുട്ബോളിൽ കേരളത്തിന്റെ പെൺകുട്ടികൾ ഫൈനലിലെത്തുകയും ചെയ്തത് അഭിമാനാർഹമായ നേട്ടമായിരുന്നു.

മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ സംസ്ഥാനതല കായിക മേളയായ കളിക്കളത്തിൽ ഓരോ വർഷവും കൂടുതൽ വേഗവും ഉയരവും താണ്ടി പ്രതിഭകൾ മാറ്റ് തെളിയിക്കുന്ന കാഴ്ചയാണുള്ളത്. കഴിഞ്ഞ തവണ കളിക്കളം മേളയിൽ ഓവറോൾ ട്രോഫി നേടിയ വയനാട്ടിലെ കണിയാമ്പറ്റയും റണ്ണേഴ്സ് അപ്പായ വയനാട്ടിലെ തന്നെ നല്ലൂർനാട് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ മികച്ച കായിക പ്രതിഭകളെ വാർത്തെടുക്കുന്ന സ്ഥാപനങ്ങളായി മാറുന്നു. സംസ്ഥാന സ്കൂൾ കായിക മേളയിലും മോഡൽ റസിഡൻഷ്യൽ സ്കൂൾ കായിക താരങ്ങൾ മികച്ച നേട്ടങ്ങൾ കരസ്ഥമാക്കുന്നു. കായിക പരിശീലനങ്ങൾക്കായി മികച്ച സൗകര്യങ്ങളാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സർക്കാർ ഒരുക്കിയിട്ടുള്ളത്.●

# നിശ്ചയദാർഢ്യത്തിന്റെ മിന്നുമണി



**ഷിനു സുകുമാരൻ**

ഇന്ത്യൻ ദേശീയ വനിതാ ക്രിക്കറ്റ് ടീമിലംഗമായ ആദ്യത്തെ മലയാളിയാണ് മിന്നുമണി. വയനാട്ടിലെ എടപ്പടി എന്ന ഗോത്രഗ്രാമത്തിലെ സാധാരണ കർഷക കുടുംബത്തിൽ ജനിച്ച ഒരു പെൺകുട്ടി ഇന്റർനാഷണൽ ക്രിക്കറ്ററായി മാറിയ അപൂർവ്വ കഥയാണത്.

രാജ്യത്ത് വനിതാ ക്രിക്കറ്റും അതിന്റെ താരങ്ങളും പ്രശസ്തിയുടെ വെള്ളിവെളിച്ചത്തിലേക്ക് വരാത്ത കാലം. വയനാട്ടിലെ പള്ളിക്കുന്നിൽ ഒരു പ്രാദേശിക ക്രിക്കറ്റ് ടൂർണമെന്റ് നടക്കുന്നു. ആണുങ്ങൾ മാത്രം കളിക്കുന്ന പ്രാദേശിക ടൂർണമെന്റുകൾ. സെമി ഫൈനലിലെത്തിയ ടീമുകളിലൊന്നായ എടപ്പടി യംഗ്സ്റ്റേഴ്സ് ക്ലബിന് വേണ്ടി പത്ത് പുരുഷ കളിക്കാർക്കൊപ്പം സെമി കളിക്കാനിറങ്ങുന്നു ഒരു പെൺകുട്ടി! സെമിക്കും ഫൈനലിനും വേണ്ടി അവർ കാത്തുവച്ച വജ്രായുധം! ബന്ധുക്കളായ കളിക്കൂട്ടുകാർക്കൊപ്പം ഉശിരോടെ കളിച്ച് സെമി ജയിച്ച് അവളുടെ ടീം ഫൈനലിലുമെത്തി. പള്ളിയറ മിറക്കിൾ ഫൈറ്റേഴ്സിനെതിരെയുള്ള ഫൈനലിൽ വിജയത്തിലേക്കുള്ള വഴിത്തിരിവായത് ആ പെൺകുട്ടിയുടെ ഒരുഗ്രൻ ക്യാച്ചായിരുന്നു. സഹോദരന്മാരും കളിക്കൂട്ടുകാരുമായ ടീമംഗങ്ങൾ അവളെ എടുത്തുയർത്തി ആഘോഷിച്ചു. അന്നവിടെ എതിർ ടീമിലുള്ളവർക്കോ കാണികൾക്കോ അതൊരുത്ഭുതമല്ല. അവളെ എല്ലാവർക്കുമറിയാം. അവളുടെ പേരിൽ തന്നെ വിജയത്തിന്റെ കിലുക്കമുണ്ട്; മിന്നുമണി! എടപ്പടിയിലെ പാടത്തും പറമ്പിലും ആൺകുട്ടികൾക്കൊപ്പം ക്രിക്കറ്റ് കളിച്ച് വളർന്ന പെൺകുട്ടി. ആൺപെൺ വ്യത്യാസമില്ലാതെ ഗ്രാമ മൈതാനങ്ങളിൽ അവരവളെയും കൂട്ടി. ഓരോ കളിക്കളവും പിന്നിടുമ്പോൾ അവരൊത്തു കൂടി പരസ്പരം ഭാവി ചർച്ച ചെയ്യും, സ്വപ്നങ്ങൾ പങ്കു വയ്ക്കും. ഇന്ത്യയ്ക്കു വേണ്ടി കളിക്കാനിറങ്ങുന്ന ദിവസം സ്വപ്നം കാണാൻ കളിക്കൂട്ടുകാരെല്ലാം മിന്നുവിനോട് പറയും. വരാൻപോകുന്ന വലിയ മൈതാനങ്ങളും ആർത്തിരമ്പുന്ന ഗാലറികളും സങ്കൽപിച്ചവൾ ബാറ്റും ബോളും കയ്യിലേന്തി. നിശ്ചയദാർഢ്യത്തോടെ മുന്നേറിയ അവളുടെ ജഴ്സിയിൽ ഒരുനാൾ എഴുതപ്പെട്ടു; മിന്നുമണി ഇന്ത്യ!!

## സത്യമായിത്തീർന്ന സ്വപ്നം

പള്ളിക്കുന്നിലെ ആ ഗ്രാമ മൈതാനത്തിൽ നിന്നും ബംഗ്ലാദേശിലെ മിർപുർ ക്രിക്കറ്റ് ഗ്രൗണ്ടിലേക്ക് മൂന്നുനാല് വർഷങ്ങളുടെ ദൂരം മാത്രമേ ഉണ്ടായിരുന്നുള്ളു.









2023 ജൂലൈ 9! ഇന്ത്യൻ ടി ട്വന്റി ദേശീയ ടീമിലംഗമായ മിന്നുമണി രാജ്യത്തിനു വേണ്ടി ആദ്യമായി കളിക്കാനിറങ്ങിയത് അന്നാണ്. എറിഞ്ഞ ആദ്യ ഓവറിൽ തന്നെ ബംഗ്ലാദേശിന്റെ ഷമിമ സുൽത്താന്റെ വിക്കറ്റെടുത്തുകൊണ്ട് മിന്നുമണി അന്താരാഷ്ട്ര കരിയറിലേക്ക് മികച്ച കാൽവയ്പ് നടത്തി. കമന്റേറ്റർമാർ ആവേശത്തോടെ പറഞ്ഞു; ഇന്ത്യയ്ക്ക് വേണ്ടി ക്രിക്കറ്റ് കളിക്കാനിറങ്ങിയ ആദ്യ മലയാളി വനിത! അന്നേരം ടെലിവിഷനിൽ കളി കണ്ടുകൊണ്ടിരുന്ന മിന്നുമണിയുടെ അച്ഛനമ്മമാരായ വയനാട് മാനന്തവാടി എടപ്പടി ചോയിമൂലയിൽ കൈപ്പാട്ട് മാവുംകണ്ടി വീട്ടിലെ മണിയും വസന്തയും ഊരിലെ മറ്റു ബന്ധുജനങ്ങളും കളിക്കൂട്ടുകാരായ സഹോദരന്മാരും അത്യധികം ആനന്ദത്തോടെയും അഭിമാനത്തോടെയും കണ്ണീരണിഞ്ഞു. വയനാടും കേരളവും ഏറ്റുപറഞ്ഞു, നമ്മുടെ മിന്നുമണി!

ബംഗ്ലാദേശുമായുള്ള ടി ട്വന്റി പരമ്പരയിലെ മൂന്ന് കളിയിലും കൂടി മിന്നുമണിയ്ക്ക് അഞ്ചു വിക്കറ്റുകളുടെ മികച്ച നേട്ടം. പരമ്പരയിൽ ഇന്ത്യയ്ക്കു വേണ്ടി ഏറ്റവും കൂടുതൽ വിക്കറ്റെടുത്ത താരവും മിന്നുമണി തന്നെ. അന്താരാഷ്ട്ര കരിയറിൽ സ്വപ്നസമാനമായ തുടക്കം!

## തുടങ്ങിയതേയുള്ളൂ മിന്നുമണി

പതിനാറാം വയസിലാണ് മിന്നുമണി കേരള വനിതാ ക്രിക്കറ്റ് ടീമിലെത്തുന്നത്. അന്നു മുതൽ ഇന്നുവരെയും കേരള ക്രിക്കറ്റ് ടീമിൽ നിന്നും മാറിനില്ക്കേണ്ടി വന്നിട്ടില്ല. 2016ൽ കേരള ടീമിന്റെ ക്യാപ്റ്റനായി. 2019ൽ ഇന്ത്യൻ എ ടീമിൽ അംഗമായി. ഏഷ്യാകപ്പ് ജൂനിയർ ചാമ്പ്യൻഷിപ്പിലും ചാലഞ്ചർ ട്രോഫിയിലും കളിച്ചു.

വനിതാ ക്രിക്കറ്റിൽ മാറ്റങ്ങൾ പെട്ടന്നാണ് സംഭവിച്ചത്. വനിതാ കളിക്കാരെയും അവരുടെ കളിയും ലോകം ശ്രദ്ധിച്ചു. പുതിയ താരങ്ങൾ പ്രശസ്തിയുടെ വെള്ളിവെളിച്ചത്തിലേക്ക് വന്നു. മിതാലിരാജും ജൂലൻ ഗ്വാസ്വാമിയും സ്മൃതി മന്ഥാനയും ഹർമൻപ്രീത് കൗറും സമകാലീന പുരുഷ ക്രിക്കറ്റർമാരെപ്പോലെ സെലിബ്രിറ്റികളായി. ബാറ്റ്സ്മാൻ മാറി ബാറ്ററായി. ബിസിസിഐയും ഐസിസിഐയും ക്രിക്കറ്റ് കളിക്കാർക്ക് ആൺപെൺ വ്യത്യാസമില്ലാതെ വേതനം പ്രഖ്യാപിച്ചു. ഇന്ത്യൻ പ്രീമിയർ ലീഗിന്റെ അതേ പകിട്ടിലും പത്രാസിലും വിമൺ പ്രീമിയർ ലീഗും അവതരിച്ചു. പെൺ ക്രിക്കറ്റ് കളി കാണാൻ ഗാലറിയിലും ടെലിവിഷനു മുന്നിലും കാണികൾ നിറഞ്ഞുതുടങ്ങി. വനിതാ പ്രീമിയർ ലീഗിനിറങ്ങുന്ന ആദ്യ മലയാളിയെന്ന ചരിത്രനേട്ടവും മിന്നുമണി സ്വന്തമാക്കി. തലസ്ഥാന ടീമായ ഡൽഹി കാപിറ്റൽസിന്റെ താരമായി മിന്നുമണി മാറി. അടുത്ത പരമ്പരകൾക്കും കപ്പുകൾക്കുമായുള്ള പരിശീലന ക്യാമ്പിൽ സജീവമാണ് ഇപ്പോൾ മിന്നുമണി.

## കൊയ്ത്തുപാടത്തെ ഓൾറൗണ്ടർ

വയലേലകൾ നിറഞ്ഞ മനോഹരമായ വയനാടൻ ഗ്രാമമാണ് എടപ്പടി. കുറിച്യ ഗോത്ര സമുദായത്തിലുൾപ്പെട്ട അമ്പതോളം കുടുംബങ്ങൾ അവിടെ താമസിക്കുന്നു. നെല്പാടങ്ങളിൽ കൊയ്ത്ത് കഴിയാനായി കാത്തിരിക്കുന്നത് ഗ്രാമത്തിലെ കുട്ടികളാണ്. മധ്യവേനലവധി എത്തുമ്പോൾ പാടത്തെ അവർ മൈതാനമാക്കി മാറ്റും. ഊരിലെ ബന്ധുക്കളായ ആൺകുട്ടികൾക്കൊപ്പം മിന്നുമണിയും ക്രിക്കറ്റ് കളിച്ചുതുടങ്ങിയത് ഈ പാടങ്ങളിലാണ്. പാടത്തിന്റെ ഒത്ത നടുക്കുറച്ച ചെളിപ്പിച്ചിൽ ഒരു വലംകൈ ഓഫ് സ്പിന്നറും ഇടംകൈ ബാറ്ററുമായി മിന്നുമണി മുളച്ചുവന്നു. തങ്ങൾക്കൊപ്പം നിറഞ്ഞു കളിക്കുന്ന മിന്നുവിനെ സഹോദരന്മാർ ഒരേ മനസോടെ പ്രോത്സാഹിപ്പിച്ചു. വീട്ടിലും നാട്ടിലുമുള്ള മുതിർന്നവർ നിരുത്സാഹപ്പെടുത്തിയിട്ടും കുട്ടിയായ മിന്നുമണിയെ കൂട്ടി തന്നെ ചേട്ടന്മാർ കളിക്കളങ്ങളിലേക്ക് നടന്നു. മാനന്തവാടിയിലെയും വയനാട്ടിലെയും പ്രാദേശിക ടൂർണമെന്റുകളിൽ ആണുങ്ങൾക്കൊപ്പം പന്തെറിഞ്ഞും ബാറ്റ് ചെയ്തും അവൾ പയറ്റിതെളിഞ്ഞു.

## എൽസമ്മ ടീച്ചറെന്ന സെലക്ടർ

വയലേലകളിൽ കൃഷി ചെയ്തും കൂലിപ്പണിക്ക് പോയുമാണ് എടപ്പെടി മാവുംകണ്ടി വീട്ടിലെ മണിയും വസന്തയും രണ്ട് പെൺമക്കളെ വളർത്തിയത്. മാനന്തവാടി സർക്കാർ യു.പി. സ്കൂളിൽ പഠിക്കുമ്പോൾ തന്നെ ക്രിക്കറ്റാണ് തന്റെ വഴിയെന്ന് മിന്നുവിന് തോന്നിത്തുടങ്ങി. മാനന്തവാടി സർക്കാർ ഹയർ സെക്കൻഡറി സ്കൂളിൽ എട്ടാം ക്ലാസിൽ പഠിക്കുമ്പോഴാണ് സ്കൂളിലെ കായികാധ്യാപികയായ കെ.പി. എൽസമ്മ ടീച്ചർ മിന്നുമണിയിലെ ക്രിക്കറ്റ് പ്രതിഭയെ തിരിച്ചറിഞ്ഞത്. അവരുടെ ശ്രമഫലമായി വയനാട് ക്രിക്കറ്റ് കോച്ച് ഷാനവാസ് മിന്നുമണിയെ ക്രിക്കറ്റിന്റെ ശാസ്ത്രീയ പരിശീലനത്തിലേക്ക് നയിച്ചു. വയനാട് ക്രിക്കറ്റ് അസോസിയേഷനിൽ എത്തിയതോടെ ചിട്ടയായ പരിശീലനം ലഭിച്ചു തുടങ്ങി. തുടർന്ന് കേരള ക്രിക്കറ്റ് അസോസിയേഷന്റെ കീഴിലുള്ള തൊടുപുഴ, വയനാട്, തിരുവനന്തപുരം അക്കാദമികളിൽ മികച്ച പരിശീലനം ലഭിച്ചതോടെ പ്രൊഫഷണൽ ക്രിക്കറ്റിലേക്ക് മിന്നുമണി പ്രവേശിച്ചു. വയനാട് ക്രിക്കറ്റ് അസോസിയേഷനും കൃഷ്ണഗിരി സ്റ്റേഡിയവും മിന്നുമണിയ്ക്ക് പരിപൂർണ പിന്തുണയുമായി നിന്നു. വയനാട്ടിലെ ഒരു ഗോത്ര ഗ്രാമത്തിലെ സാധാരണ കർഷക കുടുംബത്തിൽ ജനിച്ച പെൺകുട്ടി അസാധാരണ വഴികളിലൂടെ സഞ്ചരിച്ചപ്പോൾ സൃഷ്ടിക്കപ്പെട്ടത് ഒരു ചരിത്രമാണ്. സമത്വത്തിന്റെയും അവസരങ്ങളുടെയും പുതിയ കാലത്ത് നമ്മുടെ പെൺകുട്ടികൾക്കുള്ള ഒരു പാഠപുസ്തകമാണ് മിന്നുമണിയുടെ ജീവിതം. 'നിശ്ചയദാർഢ്യത്തിലൂടെ തദ്ദേശീയ യുവത' എന്നതാണ് ഇത്തവണത്തെ അന്താരാഷ്ട്ര തദ്ദേശീയ ദിനാഘോഷത്തിന്റെ ആപ്തവാക്യം. മിന്നുമണി എന്ന ഇന്ത്യൻ ക്രിക്കറ്റുടെ ജീവിതവഴികളെ ഈ വാക്യം ശരിക്കും അന്വർത്ഥമാക്കുന്നു. ●




ഉന്നതി സ്റ്റാർട്ടപ് മിഷൻ പദ്ധതി ധാരണാപത്രം മന്ത്രി കെ. രാധാകൃഷ്ണന്റെ സാന്നിധ്യത്തിൽ സ്റ്റാർട്ടപ് മിഷൻ സി.ഇ.ഒ അനൂപ് അംബികയും എംപവർമെന്റ് സൊസൈറ്റി സി.ഇ. ഒ എൻ. പ്രശാന്തും കൈമാറുന്നു. എസ്.ടി വകുപ്പ് ഡയറക്ടർ ഡി.ആർ. മേഘശ്രീ, എസ്.ടി വകുപ്പ് ജോയിൻറ് ഡയറക്ടർ മുരളി എം നായകർ എന്നിവർ സമീപം

# പട്ടികവിഭാഗക്കാർക്കായി ഉന്നതി സ്റ്റാർട്ടപ് മിഷൻ

പട്ടികവിഭാഗത്തിലെ യുവാക്കളെ സ്റ്റാർട്ടപ് രംഗത്ത് സജീവമാക്കുന്നതിനായി ഉന്നതി സ്റ്റാർട്ടപ് മിഷന് തുടക്കമായി. ഉന്നതി സ്റ്റാർട്ടപ് സിറ്റിയും ഇതിന്റെ ഭാഗമായി തിരുവനന്തപുരത്ത് സ്ഥാപിക്കും. കേരള സ്റ്റാർട്ടപ് മിഷന്റെ പിന്തുണയോടെ കേരള എംപവർമെന്റ് സൊസൈറ്റിയാണ് പദ്ധതി നടപ്പിലാക്കുന്നത്. മന്ത്രി കെ രാധാകൃഷ്ണന്റെ സാന്നിധ്യത്തിൽ സ്റ്റാർട്ടപ് മിഷനും എംപവർമെൻറ് സൈറ്റിയും ധാരണാപത്രം കൈമാറി. ഇതിന്റെ ഭാഗമായി തിരുവനന്തപുരം മണ്ണന്തലയിലുള്ള പട്ടികജാതി വികസനവകുപ്പിന്റെ ഉടമസ്ഥതയിലുള്ള 10 ഏക്കറിൽ 5000 ചതുരശ്രയടിയിൽ ഉന്നതി സ്റ്റാർട്ടപ് സിറ്റിയും സ്ഥാപിക്കാനും ധാരണയായി. ഐടി, ഇലക്ട്രോണിക്സ്, കൃഷി, ടൂറിസം, പൊതുസേവനം എന്നീ മേഖലകളിൽ പട്ടികവിഭാഗം സംരംഭകർക്ക് ഇൻകുബേഷൻ സൗകര്യവും പിന്തുണയും ലഭിക്കും. നിലവിലുള്ള സംരംഭങ്ങൾക്ക് വായ്പാസൗകര്യം, സംരംഭകത്വ വികസന പരിപാടികൾ, നേതൃശില്പശാലകൾ, മെന്റർഷിപ്പ്, നിക്ഷേപക സംഗമങ്ങൾ തുടങ്ങിയവയും ഇതിന്റെ ഭാഗമാണ്. •

**സ്റ്റാർട്ടപ്പ് മിഷനുമായി ധാരണാ പത്രം കൈമാറി**

# മിന്നുമണി എന്ന ക്രിക്കറ്റർ




**മിന്നുമണി / ഷിനു സുകുമാരൻ**

**ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിലംഗമായി തെരഞ്ഞെടുത്ത ആദ്യ മലയാളിയായ മിന്നുമണി ക്രിക്കറ്റിനെക്കുറിച്ചും ജീവിതത്തെക്കുറിച്ചും സംസാരിക്കുന്നു**

*വനിതാ ക്രിക്കറ്റ് ഇന്ന് കാണുന്ന വിധം ലൈംലൈറ്റിലേക്ക് വന്നിട്ട് അധികം നാളായിട്ടില്ല. അതിനൊക്കെ മുൻപ് തന്നെ മിന്നുമണി ക്രിക്കറ്റ് കരിയറിലേക്ക് വന്നു. മിന്നുവിനെ ക്രിക്കറ്റിലേക്ക് ആകർഷിച്ചത് എന്താണ്?*

ചെറിയ കുട്ടിയായിരിക്കുമ്പോൾ തന്നെ ക്രിക്കറ്റ് കാണാനും കളിക്കാനും അവസരം കിട്ടി. വയനാട്ടിലെ ഗ്രാമത്തിൽ ബന്ധുക്കളായ ആൺകുട്ടികൾക്കൊപ്പം പറമ്പിൽ കളിച്ച് തുടങ്ങിയ കുട്ടിക്കാലം മുതൽ ഏറ്റവും ഇഷ്ടപ്പെട്ട ഒരു കളിയായി ക്രിക്കറ്റിനെ കൂടെ കൂട്ടി. ആ ഇഷ്ടം ഓരോ ഘട്ടത്തിലും വളർന്നുകൊണ്ടേയിരുന്നു. മെൻ ക്രിക്കറ്റ് വിമൺ ക്രിക്കറ്റ് എന്ന വേർതിരിവില്ലാതെ തന്നെ ക്രിക്കറ്റിനെ ഞാനൊരുപാട് സ്നേഹിക്കുന്നു. ഒരു ക്രിക്കറ്റ് കളിക്കാരിയായി മാറിയതിലും ഇപ്പോൾ രാജ്യത്തിന് വേണ്ടി കളിക്കാൻ കഴിഞ്ഞതിലും ഞാനേറെ അഭിമാനിക്കുകയും സന്തോഷിക്കുകയും ചെയ്യുന്നു.

*വയനാട്ടിലെ ഗ്രാമത്തിൽ സഹോദരങ്ങൾക്കൊപ്പം ക്രിക്കറ്റ് കളിച്ച് വളർന്ന ആ കാലത്തെ കുറിച്ച് പറയാമോ?*

ഇന്നും നാട്ടിൽ പോകുമ്പോൾ അവരോടൊപ്പം കളിക്കാറുണ്ട്. കുട്ടിക്കാലം മുതൽ അവരോടൊപ്പമുള്ള കളിയും അവരുടെ എല്ലാം പിന്തുണയുമാണ് എന്റെ വളർച്ചയുടെ അടിത്തറ. പെൺകുട്ടിയാണ്; നിന്നെക്കൊണ്ട് പറ്റില്ല എന്ന് പറഞ്ഞ് അവരന്ന് മാറ്റി നിർത്തിയിരുന്നെങ്കിൽ മിന്നുമണി എന്ന ക്രിക്കറ്റർ ഉണ്ടാകില്ലായിരുന്നു. എപ്പോഴും കൂടെ കൂട്ടുകയും യാതൊരു ആൺപെൺ വിവേചനവുമില്ലാതെ അവരോടൊപ്പം കളിച്ച് വളരാൻ കഴിഞ്ഞതുമാണ് എന്റെ ഏറ്റവും വലിയ നേട്ടവും സന്തോഷവും. എന്റെ വളർച്ചയുടെ അടിത്തറ ആ കാലമായിരുന്നു.

*വയനാട്ടിലെ പ്രാദേശിക പുരുഷ ക്രിക്കറ്റ് ടൂർണമെന്റുകളിൽ കളിച്ചാണ് മിന്നു തെളിഞ്ഞത്. വനിതാ ക്രിക്കറ്റ് കാണുന്നതും ശ്രദ്ധിക്കുന്നതും എപ്പോഴായിരുന്നു? അവരിൽ ആരായിരുന്നു പ്രചോദനം?*

വിമൺ ക്രിക്കറ്റ് ഇന്ത്യൻ ടെലിവിഷനിലും വാർത്തകളിലുമൊക്കെ വരാൻ തുടങ്ങിയിട്ട് അധികകാലമായില്ലല്ലോ. അതിന് മുൻപെല്ലാം മെൻ ക്രിക്കറ്റ് തന്നെയായിരുന്നു കാണുന്നതും ഫോളോ ചെയ്യുന്നതുമൊക്കെ. അത് കണ്ടും കളിച്ചുമാണ് ഞാൻ വളർന്നത്. പ്രത്യേകിച്ച് ഒരു കളിക്കാരോടും

**മെൻ ക്രിക്കറ്റ് വിമൺ ക്രിക്കറ്റ് എന്ന വേർതിരിവില്ലാതെ തന്നെ ക്രിക്കറ്റിനെ ഞാനൊരുപാട് സ്നേഹിക്കുന്നു. ഒരു ക്രിക്കറ്റ് കളിക്കാരിയായി മാറിയതിലും ഇപ്പോൾ രാജ്യത്തിന് വേണ്ടി കളിക്കാൻ കഴിഞ്ഞതിലും ഞാനേറെ അഭിമാനിക്കുകയും സന്തോഷിക്കുകയും ചെയ്യുന്നു.**





തദ്ദേശീയ ജനതയുടെ ദിനാചരണ സമ്മേളനത്തിൽ മിന്നുമണിയെ മുഖ്യമന്ത്രി പിണറായി വിജയൻ അനുമോദിക്കുന്നു

ആരാധനയൊന്നുമില്ലായിരുന്നു. എല്ലാവരുടെയും കളി കാണുകയും ആസ്വദിക്കുകയും അവരുടെ കളി രീതികൾ ശ്രദ്ധിക്കുകയും ചെയ്യും.

*ക്രിക്കറ്റിലെ ജൻഡർ ഇക്വാലിറ്റിയിൽ വലിയ മാറ്റങ്ങൾ പെട്ടന്നാണ് വന്നത്. ബാറ്റ്മാൻ മാറി ബാറ്ററായി! തുല്യ പ്രതിഫലം, തുല്യ പ്രശസ്തി. എങ്ങനെ കാണുന്നു ഈ മാറ്റങ്ങളെ?*

തീർച്ചയായും വലിയൊരു തീരുമാനമാണ് ബി സി സി ഐ എടുത്തത്. ഒരേ കളിയിൽ ആൺപെൺ ഭേദമില്ലാതെ എല്ലാവരും എടുക്കുന്ന എഫർട്ടും ഒരുപോലെ തന്നെ. ഒരേ വേതനവും സൗകര്യങ്ങളും നല്കുന്നതാണല്ലോ സാമാന്യ നീതി. പുതിയ കാലവും ലോകവും അതർഹിക്കുകയും ചെയ്യുന്നു എന്നാണ് എന്റെ അഭിപ്രായം.

ക്രിക്കറ്റിലേക്ക് വരുന്ന പുതിയ തലമുറയ്ക്ക് വലിയൊരു പ്രചോദനം തന്നെയാണ് ഈ തീരുമാനം. സാമ്പത്തികമായി പിന്നാക്കം നില്കുന്നവർക്കൊക്കെ ഈ തീരുമാനം നല്കുന്ന പിന്തുണ വളരെ വലുതാണ്. കാണികളും വനിതാ ക്രിക്കറ്റിനെ സ്വീകരിച്ചത് വളരെ നല്ല മാറ്റമാണ്.

*വയനാട്ടിലെ ലോക്കൽ പ്ലയറിൽ നിന്നും ഇന്റർനാഷണൽ ക്രിക്കറ്ററായുള്ള വളർച്ചയെ എങ്ങനെ ഓർമിക്കുന്നു?*

വളരെയധികം അഭിമാനവും സന്തോഷവും ഉണ്ട്. എന്നെ പോലെയുള്ള ഒരുപാട് കളിക്കാർ സ്വപ്നം കാണുന്ന ഒരു നേട്ടമാണ് സ്വന്തം രാജ്യത്തിന് വേണ്ടി കളിക്കുക എന്നത്. ക്രിക്കറ്റിനെ സീരിയസായി എടുക്കുന്ന എല്ലാ കളിക്കാരും ഇതിനുവേണ്ടിയാണ് ഓരോ നിമിഷവും കഠിനാധ്വാനം ചെയ്യുകൊണ്ടിരിക്കുന്നത്. എന്നോടൊപ്പം കേരള ടീമിലും എ ടീമിലും ഒക്കെ കളിച്ചിരുന്നവർ ഈ വലിയ ലക്ഷ്യത്തിന് വേണ്ടിയാണ് എപ്പോഴും പരിശ്രമിക്കുന്നത്. കേരളത്തിൽ നിന്നുള്ള ആദ്യത്തെ ദേശീയ വനിതാ ടീം ക്രിക്കറ്റർ എന്ന നിലയിൽ പറഞ്ഞറിയിക്കാനാകാത്ത ആഹ്ലാദവും അഭിമാനവും എനിക്കുണ്ട്. എന്റെ ക്രിക്കറ്റ് കരിയറിന് പല ഘട്ടത്തിലും പിന്തുണ നല്കിയ എല്ലാവരോടും നന്ദിയും കടപ്പാടുമുണ്ട്.

*കുടുംബത്തിന്റെ സ്വാധീനം? പിന്തുണ?*

കുട്ടിക്കാലത്ത് ക്രിക്കറ്റ് കളിച്ച് നടക്കുന്നതിനോട് കുടുംബത്തിന് എതിർപ്പായിരുന്നു. ഇത് ആൺകുട്ടികളുടെ കളിയാണ്; നിന്നെ കൊണ്ടിത് മുന്നോട്ട് കൊണ്ടുപോകാനാവില്ല എന്നുള്ള തരത്തിലുള്ള സമീപനമായിരുന്നു വീട്ടിൽ. അപ്പോഴും എന്റെ സഹോദരങ്ങളും കസിൻസുമായിരുന്നു കൂടെ നിന്നതും കളിക്കാൻ കൂടെ കൂട്ടി പ്രോത്സാഹിപ്പിച്ചിരുന്നതും. ക്രിക്കറ്റ് എന്റെ കരിയറായി മാറുന്നതും ഞാനതിന്റെ പടവുകൾ കയറുന്നതും തിരിച്ചറിഞ്ഞപ്പോൾ കുടുംബവും പിന്തുണയുമായി ഒപ്പമുണ്ട്.

*കേരളത്തിലെ ക്രിക്കറ്റ് അസോസി*




മന്ത്രി കെ. രാധാകൃഷ്ണനോടൊപ്പം മിന്നുമണി

*യേഷനകളുടെ പിന്തുണയെ പറ്റി പറയാമോ?*

വയനാട് ക്രിക്കറ്റ് അസോസിയേഷനും കേരള ക്രിക്കറ്റ് അസോസിയേഷനും എല്ലാ തരത്തിലും പിന്തുണച്ചുകൊണ്ട് എന്നോടൊപ്പം നിന്നിരുന്നു; എപ്പോഴും ആ സപ്പോർട്ടുണ്ട്. അതുപോലെ കേരള ക്രിക്കറ്റ് അക്കാദമിയിൽ നിന്നും കിട്ടിയ റെഗുലറായിട്ടുള്ള പരിശീലനങ്ങൾ കൊണ്ട് നല്ല രീതിയിൽ വളർന്നു വരാൻ സാധിച്ചു.

*കായികലോകത്തേക്ക്, പ്രത്യേകിച്ച് ക്രിക്കറ്റിലേക്ക് വരുന്ന പെൺകുട്ടികളോട് എന്താണ് പറയാനുള്ളത്?*

ഒരുപാട് പ്രതികൂല സാഹചര്യങ്ങളിലൂടെ നമ്മൾ കടന്നുപോകേണ്ടി വരും. പത്ത് വർഷത്തിലധികമുള്ള ഒരു കഠിനാധ്വാന കാലയളവ് കഴിഞ്ഞാണ് ഞാനിവിടെ എത്തിനില്ക്കുന്നത്. കുറഞ്ഞ സമയം കൊണ്ട് വലിയ ലക്ഷ്യത്തിലേക്കോ കാണുന്ന സ്വപ്നത്തിലേക്കോ എത്തിച്ചേരാനാകില്ല. കഷ്ടപ്പെടാനും അധ്വാനിക്കാനുമുള്ള മനസ്സുണ്ടാകണം. ഏതൊക്കെ പ്രതിസന്ധികൾ വന്നാലും അവയൊക്കെ തരണം ചെയ്ത് മുന്നോട്ട് പോകാനുള്ള ഇച്ഛാശക്തി നമുക്കുണ്ടാകണം. എല്ലാ സമയത്തും നമുക്ക് ഒരുപോലെ ഫെർഫോം ചെയ്യാൻ കഴിയണമെന്നില്ല. അപ്പോഴും ആത്മവിശ്വാസം കൈവിടാതെ കഠിനാധ്വാനം ചെയ്യാനുള്ള മനസ്സുണ്ടായാൽ ഒടുവിൽ ആ ലക്ഷ്യത്തിലേക്കെത്തിചേരാനാകും.

*'നിശ്ചയദാർഢ്യത്തോടെ തദ്ദേശീയ യുവത' എന്നതാണ് ഇക്കൊല്ലത്തെ അന്തർദേശീയ തദ്ദേശീയ ദിനാഘോഷത്തിന്റെ ആപ്തവാക്യം. ഈയവസരത്തിൽ ഗോത്രസമൂഹങ്ങളിലെ പെൺകുട്ടികൾ പൊതുസമൂഹത്തിലെ നേട്ടങ്ങൾ ആർജിച്ച് ഉയരേണ്ടതിന്റെ പ്രസക്തി സ്വാനുഭവത്തിൽ നിന്ന് പറയാമോ?*

ഓരോ ഗോത്രസമൂഹങ്ങളിലും വ്യത്യസ്തമായ ആചാര വിശ്വാസങ്ങളും ജീവിത രീതികളുമാണുള്ളത്. അവയൊക്കെ സ്വന്തം ലക്ഷ്യത്തിലേക്കും സ്വപ്നങ്ങളിലേക്കുമുള്ള വഴികളിൽ പെൺകുട്ടികൾക്ക് തടസമാകാതിരിക്കാൻ സമൂഹം കൂടി ശ്രദ്ധിക്കണം.

അതോടൊപ്പം തന്നെ സ്വന്തം ജീവിതവും ലക്ഷ്യങ്ങളും സെറ്റ് ചെയ്യാൻ പെൺകുട്ടികൾ സ്വന്തമായി തന്നെ മുൻകൈ എടുക്കണം. നമുക്കെല്ലാവർക്കും കഴിവുകളുണ്ടെന്ന് മനസിലാക്കി അത് കുടുംബത്തിനും സമൂഹത്തിനും തെളിയിച്ച് കൊടുക്കേണ്ടത് നമ്മുടെ ആവശ്യമാണ്.

എന്റെ കാര്യത്തിലും ഇങ്ങനെയായിരുന്നു. എന്റെ കഴിവും നിശ്ചയദാർഢ്യവും പൂർണമായി മനസിലാക്കിയപ്പോൾ എന്റെ രക്ഷകർത്താക്കൾക്കും ഊരിനും എന്നോടൊപ്പം നില്ക്കേണ്ടി വന്നു. പുതിയ ലോകം തുല്യ അവസരങ്ങളുടേത് കൂടിയാണ്. ഉറച്ച ലക്ഷ്യബോധവും കഠിനാധ്വാനവും കൈമുതലായുണ്ടെങ്കിൽ നമ്മൾ സ്വപ്നം കാണുന്നത് യാഥാർത്ഥ്യമാക്കാനാകും. ●







നമ്മുടെ ഭരണഘടനയെക്കുറിച്ച് ലളിതമായി പ്രതിപാദിക്കുന്ന പംക്തി

# മൗലികാവകാശങ്ങൾ

ഡോ. അഭയചന്ദ്രൻ കെ

**ഭൂ**മിയിലെ എല്ലാ ജീവികൾക്കും അന്തർലീനമായ ചില ജന്മാവകാശങ്ങൾ ഉണ്ട്  അവയെ സ്വാഭാവിക (natural) അവകാശങ്ങൾ എന്ന് വിളിക്കുന്നു. മനുഷ്യനിൽ അന്തർലീനമായ ഈ അവകാശങ്ങൾ സംരക്ഷിക്കപ്പെടാൻ കൂടിയാണ് അവർ ഭരണഘടനക്ക് രൂപം നൽകിയത്. ഈ അടിസ്ഥാന അവകാശങ്ങൾ ഭരണഘടനയുടെ അനിവാര്യമായ സവിശേഷതയാണ്. ഒരു സ്വതന്ത്ര രാജ്യത്തെ പൗരനെന്ന പദവിയിൽ അന്തർലീനമായ സ്വാഭാവിക അവകാശങ്ങളുടെ അംഗീകരിക്കപ്പെട്ട രൂപമാണ് അത്.

ഭരണഘടന വിഭാവനം ചെയ്ത പ്രകാരം 1950 ജനുവരി 26ന് ഇന്ത്യ ഒരു പരമാധികാര ജനാധിപത്യ റിപ്പബ്ലിക്കായി സ്ഥാപിതമായി. ഇന്ത്യൻ ഭരണഘടനയുടെ മൂന്നാം ഭാഗം മൗലികാവകാശങ്ങളുടെ ഒരു വിശാലമായ നിര സ്വതന്ത്ര ഇന്ത്യയിലെ ഓരോ പൗരനും ഉറപ്പ് നൽകുന്നു. സാമൂഹികസാമ്പത്തികരാഷ്ട്രീയ നീതി നടപ്പിലാക്കുകയാണ് ഭരണഘടനയുടെ അടിസ്ഥാന തത്വമെന്നിരിക്കെ മൗലികാവകാശങ്ങൾ ഈ അടിസ്ഥാന തത്വത്തിന്റെ സാക്ഷാൽക്കാരമാണെന്നു വിലയിരുത്തപ്പെടുന്നു. മൗലികാവകാശങ്ങൾ വിശാലമായ അർത്ഥത്തിൽ ഒരു വ്യക്തിക്ക് ഒരു ജനാതിപത്യ സാമൂഹ്യക്രമത്തിൽ അന്തസ്സോടെ ജീവക്കാനാവിശ്യമായ രാഷ്ട്രീയസാമൂഹ്യസാമ്പത്തിക അവകാശങ്ങൾ പ്രതിപാദിക്കുന്നു. ഭരണഘടനയുടെ മൂന്നാം ഭാഗം ഉറപ്പു നൽകുന്ന ഈ മൗലികാവകാശങ്ങൾ പ്രാഥമികമായി പൗരന്മാർക്കും ചില സന്ദർഭങ്ങളിൽ ഇന്ത്യയിലെ ഓരോ താമസക്കാർക്കും ലഭ്യമാകുന്നു. ഭരണഘടനയിൽ മൗലികാവകാശങ്ങൾ ഉൾപ്പെടുത്താൻ അനേക കാരണങ്ങളുണ്ടായിരുന്നു. വ്യത്യസ്ത ചിന്താഗതിയിലൂടെയും സമരമാർഗങ്ങളിലൂടെയും രൂപപ്പെട്ടു വികാസം പ്രാപിച്ച ഇന്ത്യൻ സ്വാതന്ത്ര്യ സമരങ്ങളിൽ ഉയർത്തിപ്പിടിച്ച സാമൂഹ്യനീതിയും ജനാധിപത്യ മൂല്യങ്ങളുമായിരുന്നു അവയിലേറ്റവും പ്രധാനം.

ഈ സമരമാർഗ്ഗങ്ങളെ പലവിധത്തിൽ സ്വാധിനിച്ച പാശ്ചാത്യ ആശയങ്ങളും രേഖകളുമുണ്ട്. 1215 ജൂൺ 15ന് ഇംഗ്ലണ്ടിലെ രാജാവിനെകൊണ്ട് അംഗീകരിപ്പിച്ച ഒരു ചാർട്ടർ അഥവ രേഖയാണ് മാഗ്നാ കാർട്ട . ഇതു മനുഷ്യാവകാശങ്ങളുടെ ആദ്യകാല രേഖയെന്നാണ് പൊതുവെയുള്ള വിശ്വാസം. 1689 ൽ ഇംഗ്ലീഷ് പാർലമെൻറ് കൊണ്ടുവന്ന നിയമമാണു ബിൽ ഓഫ് റൈറ്റ്സ്. അത് ചില അടിസ്ഥാന പൗരാവകാശങ്ങൾ സ്ഥാപിക്കുകയും രാജാധികാരങ്ങൾ നിയമപ്രകാരം പരിമിതപ്പെടുത്തുകയും ചെയ്തു.  ഇംഗ്ലീഷ് ഭരണഘടനാ നിയമത്തിൽ ഇത് ഒരു നിർണായക ചട്ടമായി തുടരുന്നു. അതുപോലെതന്നെ മൗലികാവകാശങ്ങളെ സ്വാധീനിച്ച രണ്ടു സ്വാതന്ത്ര്യ സമരങ്ങളായിരുന്നു ഫ്രഞ്ച് വിപ്ലവവും  അമേരിക്കൻ സ്വാതന്ത്ര്യ സമരവും. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മുദ്രാവാക്യം ആദ്യമായി പ്രത്യക്ഷപ്പെട്ടത് ഫ്രഞ്ച് വിപ്ലവകാലത്താണ്. 1789 ലെ മനുഷ്യന്റെയും പൗരന്റെയും അവകാശങ്ങളുടെ പ്രഖ്യാപനം (Declaration of the Rights of Man and of the Citizen) ഫ്രഞ്ച് വിപ്ലവം സമ്മാനിച്ച മനുഷ്യാവകാശ രേഖയാണ്. ഈ പ്രഖ്യാപനം യൂറോപ്പിലും ലോകമെമ്പാടുമുള്ള വ്യക്തിസ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും ജനകീയ സങ്കൽപ്പങ്ങളുടെ വികാസത്തിൽ കാര്യമായ സ്വാധീനം ചെലുത്തി.

1791 ഡിസംബർ 15ന് ഒരൊറ്റ യൂണിറ്റായി അംഗീകരിച്ച യു.എസ് ഭരണഘടനയിലെ ആദ്യത്തെ 10 ഭേദഗതികളാണ് ബിൽ ഓഫ് റൈറ്റ്സ്. ഇത് അമേരിക്കൻ പൗരന്മാർക്ക് സംസാര സ്വാതന്ത്ര്യം, പത്ര സ്വാതന്ത്ര്യം, മത സ്വാതന്ത്ര്യം തുടങ്ങിയ മൗലികാവകാശങ്ങൾ ഉറപ്പുനൽകുന്നു. 1948ൽ ഐക്യരാഷ്ട്രസഭ മനുഷ്യാവകാശങ്ങളുടെ സാർവത്രിക പ്രഖ്യാപനം അംഗീകരിച്ചതിലൂടെ ലോകമെമ്പാടുമുള്ള മനുഷ്യർക്കുവേണ്ടി മൗലികാവകാശങ്ങളുടെയും സ്വാതന്ത്ര്യങ്ങളുടെയും വിശാലമായ ഒരു ശ്രേണി അവതരിപ്പിക്കുകയുണ്ടായി. ദേശീയത, ലിംഗഭേദം, വംശീയ ഉത്ഭവം, മതം, ഭാഷ, പദവി എന്നിവയുടെ വിവേചനമില്ലാത് അതു മനുഷ്യാവകാശങ്ങൾ ഉറപ്പുനൽകുന്നു.

മുകളിൽ പ്രതിപാതിച്ച സമര പോരാട്ടങ്ങളിൽ നിന്നും അവകാശ പത്രികകളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് ലോക രാഷ്ട്രങ്ങൾ തങ്ങളുടെ പരമോന്നത നിയമസംഹിതയുടെ ഭാഗമായി മൗലികാവിശ്യങ്ങൾ ഉൾപ്പെടുത്തി. അങ്ങനെ മനുഷ്യാവകാശങ്ങൾക്ക് ഭരണഘടനായിൽ യുക്തമായ ഒരു സ്ഥാനം നൽകി. ഇന്ത്യൻ ഭരണഘടനയിലെ അനുച്ഛേദം 12 മുതൽ 35 വരെയുള്ള അവകാശങ്ങളെ ഇന്ത്യയുടെ മാഗ്നകാർട്ട എന്നാണ് വിളിക്കുന്നത്.

ഇന്ത്യൻ സ്വാതന്ത്ര്യസമരം അതിൻറെ അവസാന നാളുകളിൽ എത്തിനിൽക്കുമ്പോൾ സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടനയുടെ രൂപരേഖയെക്കുറിച്ചുള്ള ചർച്ചകളിൽ രാഷ്ട്രീയ പൗരാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതും എല്ലാ ജനങ്ങൾക്കും തുല്യാവകാശങ്ങൾ പ്രധാനം ചെയ്യുന്നതുമായ ഒരു പരമോന്നത രേഖയായിരിക്കണം ഭരണഘടനയെന്ന് ഏകദേശ ധാരണ ഉണ്ടായിരുന്നു. ഇന്ത്യൻ ജനതയുടെ മൗലികാവകാശങ്ങൾ പ്രഖ്യാപിക്കാത്തതും അവരുടെ സംരക്ഷണത്തിന് മതിയായ ഉറപ്പ് നൽകാത്തതുമായ ഒരു ഭരണഘടനയ്ക്കും നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാനാകില്ലെന്ന് 1919ൽ കോൺഗ്രസ് പാർട്ടിയെ അഭിസംബോധന ചെയ്തുകൊണ്ട് സ്വാതന്ത്ര്യസമര നേതാവായിരുന്ന ശ്രീ മോത്തിലാൽ നെഹ്റു പറഞ്ഞു. വ്യക്തിയുടെ സ്വാതന്ത്ര്യം ഉറപ്പുനൽകുന്ന ചില മൗലികാവകാശങ്ങൾ ഭരണഘടനയിൽ ഉൾപ്പെടുത്താനും അത് സംരക്ഷിക്കുന്നതിനാവശ്യമായ നിയമ സാധുത നൽകുന്നതിനും തങ്ങൾ ആഗ്രഹിക്കുന്നുവെന്ന് 1930കളുടെ അവസാനത്തിൽ നെഹ്റു എഴുതുകയുണ്ടായി.

## മൗലികാവകാശങ്ങൾ ഇന്ത്യൻ ഭരണഘടനയിൽ

ഇന്ത്യൻ ജനത അവർക്കു തന്നെ സമർപ്പിച്ച മനോഹരമായ ഭരണഘടന 1949 ൽ നിലവിൽ വന്നപ്പോൾ അതിൽ ഏറ്റവും ആകർഷകമായി വിലയിരുത്തപ്പെട്ടത് പാർട്ട് മൂന്നിൽ ഉൾപ്പെടുത്തിയ മൗലികാവകാശങ്ങളുടെ നീണ്ട പട്ടികയായിരുന്നു. ഭരണഘടന മൗലികാവകാശങ്ങൾക്ക് പ്രത്യേക പദവിയാണ് കല്പിച്ചു നൽകിയിരിക്കുന്നത്. അതിലേറ്റവും പ്രധാനപ്പെട്ടത് മൗലികാവകാശങ്ങൾക്കു നൽകിയിരിക്കുന്ന പവിത്രതയാണ്. ഈ അവകാശങ്ങൾ ലംഘിക്കാനോ യുക്തിസഹമല്ലാത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്താനോ ഭരണകൂടത്തിനുകഴിയില്ലെന്നു മാത്രമല്ല പാർലമെന്റിനോ സംസ്ഥാന നിയമസഭകൾക്കോ ഈ അവകാശങ്ങളെ അസാധുവാക്കുന്നതിനോ ലംഘിക്കുന്നതിനോ വേണ്ടി ഒരു നിയമവും നിർമിക്കാൻ കഴിയില്ല. എല്ലാ വ്യക്തികളെയും തുല്യമായി പരിഗണിക്കുന്ന അനുച്ഛേദം 14 മുതലുള്ള പ്രസ്തുത പട്ടികയിലെ അവകാശങ്ങൾ നിഷേധിക്കുകപ്പെടുകയാണെങ്കിൽ പരമോന്നത കോടതിയായ സുപ്രീം കോടതിയിലൂടെ അത് നേടിയെടുക്കാനുള്ള അവകാശവും മൗലികാവകാശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി.

## മൗലികാവകാശങ്ങളുടെ പ്രത്യേകതകൾ

ഭരണഘടന പരമോന്നത നിയമമായ രാജ്യത്തു ചില മനുഷ്യാവകാശങ്ങൾ പ്രത്യേക അവകാശങ്ങളുടെ സംരക്ഷണത്തോടുകൂടി ഭരണഘടനയിൽ ഉൾപ്പെടിത്തി അവയെ മൗലികാവകാശങ്ങളെന്നു വിളിക്കുകയും സാധാരണ നിയമങ്ങൾക്കു മുകളിൽ പ്രേതീഷ്ടിക്കുകയും ചെയ്യുന്നു. മൗലികാവകാശങ്ങൾ പ്രതിപാദിച്ചിരിക്കുന്ന ഭരണഘടനയുടെ മൂന്നാം ഭാഗത്തിന് വിരുദ്ധമായി നിയമങ്ങൾ നിർമ്മിക്കാൻ സംസ്ഥാനങ്ങൾക്കോ നിയമനിർമാണ സഭകൾക്കോ കഴിയില്ലെന്ന് അനുച്ഛേദം 13 വ്യക്തമാക്കുന്നുണ്ട്. അനുച്ഛേദം 12 പ്രകാരം സംസ്ഥാനത്തിന്റെ നിർവചനത്തിൽ പെടുന്ന ഒരു സ്ഥാപനത്തിനും മൗലികാവകാശ ലംഘനം നടത്താൻ ഭരണഘടന അനുവദിക്കുന്നില്ല. ചുരുക്കത്തെയിൽ പാർലമെന്റിന്റെയും നിയമസഭകളുടെയും നിയമനിർമ്മാണ അധികാരം ഉപയോഗപ്പെടുത്തി മൗലികാവകാശങ്ങൾ അസാധുവാക്കുന്നതിനോ യുക്തിരഹിതമായ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിനോ സാധ്യമല്ല.

ഭരണഘടനയുടെ 13ാം അനുച്ഛേദം മൗലികാവകാശങ്ങൾക്കു നൽകിയിരിക്കുന്ന പ്രത്യേക പ്രാധാന്യത്തെ സൂചിപ്പിക്കുന്നു. അതു ഭരണഘടന നിലവിൽവരുന്നതിനു മുമ്പുള്ള നിയമങ്ങൾ മൗലികാവകാശങ്ങൾക്കു വിരുദ്ധമെങ്കിൽ നിലനിൽക്കില്ലെന്നും മൗലികാവകാശങ്ങളെ പൂർണ്ണമായും അസാധുവാക്കുകയോ ഭാഗികമായി റദ്ദാക്കുകയോ ചെയ്യുന്ന നിയമങ്ങൾ ഭാവിയിൽ ഉണ്ടാക്കുന്നത്തിൽനിന്നും ഭരണകൂടത്തെ വിലക്കുകയും ചെയ്യുന്നു. അനുച്ഛേദം 14 മുതൽ 18 വരെ തുല്യതയ്ക്കുള്ള അവകാശം ഉറപ്പുനൽകുന്നു. മതം, വംശം, ജാതി, ലിംഗം ജന്മസ്ഥലം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനം നിരോധിക്കുകയും ചെയ്യുന്നു. അനുച്ഛേദം 19 അടിസ്ഥാന സ്വാതന്ത്ര്യങ്ങൾ ഉറപ്പുനൽകുന്നു, അതായത് അഭിപ്രായസ്വാതന്ത്ര്യം, സമാധാനപരമായി ഒത്തുചേരാനുള്ള സ്വാതന്ത്ര്യം; സംഘടനകളോ യൂണിയനുകളോ രൂപീകരിക്കാനുള്ള സ്വാതന്ത്ര്യം; ഇന്ത്യയുടെ

ഏത് ഭാഗത്തും സ്വതന്ത്രമായി സഞ്ചരിക്കാനും താമസിക്കാനും സ്ഥിരതാമസമാക്കാനുമുള്ള സ്വാതന്ത്ര്യം; തൊഴിൽ, വ്യാപാരം ബിസിനസ്സ് നടത്താനുള്ള സ്വാതന്ത്ര്യം. അനുച്ഛേദം 21 ജീവിക്കാനുള്ള സ്വാതന്ത്ര്യം ഉറപ്പുനൽകുന്നു. അനുച്ഛേദം 23 ഉം 24 ഉം ചൂഷണത്തിനെതിരെയല്ല സ്വാതന്ത്ര്യത്തെ പ്രതിപാദിക്കുന്നു. അനുച്ഛേദം 25 മുതൽ 28 വരെ മതസ്വാതന്ത്ര്യം അഥവാ ഒരാളുടെ മതം ആചരിക്കുന്നതിനും വിശ്വസിക്കുന്നതിനും അതു പ്രചരിപ്പിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം, അനുച്ഛേദം 29, 30 ന്യൂനപക്ഷങ്ങൾക്ക് അവരുടെ ഭാഷ, ലിപി, സംസ്കാരം എന്നിവ സംരക്ഷിക്കാനും അവർക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാനും നിയന്ത്രിക്കാനുമുള്ള അവകാശങ്ങൾ ഉറപ്പുനൽകുന്നു. എന്നാൽ സ്വത്തവകാശം മൗലികാവകാശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നങ്കിലും ഭരണഘടനയുടെ നാൽപ്പത്തി നാലാം ഭേദഗതിയിലൂടെ റദ്ദാക്കപ്പെട്ടു.

### കോടതികളുടെ ചുമതല

മൗലികാവകാശങ്ങളും അവയുടെ സംരക്ഷണവും ഭരണഘടന ഉറപ്പുനൽകുന്നതിനാൽ അവ യുക്തിരഹിതമായി നിയന്ത്രിക്കുകയോ ലംഘിക്കുകയോയില്ലെന്നുറപ്പാക്കാൻ സർക്കാരുകളുടെ അധികാരത്തിനുമേൽ നിയന്ത്രണം ആവിശ്യമാണ്. കോടതികൾ ഈ കടമ നിറമേറ്റണമെന്നു ഭരണഘടന നിർഷകർഷിക്കുന്നു. മൗലികാവകാശങ്ങളുടെ സംരക്ഷണവും പരിപാലനവും കോടതികളുടെ അധികാരവും കടമയും മാത്രമല്ല അവയുടെ സംരക്ഷണത്തിനു കോടതികൾ കാവലായി നിലകൊള്ളുകയും വേണം. അനുച്ഛേദം 226 പ്രകാരം ഹൈക്കോടതികൾക്കും മൗലികാവകാശങ്ങളുടെ ലംഘനം തടയാനുള്ള കടമയുണ്ട്. കേശവാനന്ദ ഭാരതി കേസിൽ (1973) സുപ്രീംകോടതിയുടെ 13 അംഗ ബെഞ്ച് മൗലികാവകാശങ്ങളുടെ ഘടനയെ സംബന്ധിച്ചും പ്രാധാന്യത്തെക്കുറിച്ച് വിശാലമായി പരിശോധിക്കുകയുണ്ടായി. മൗലികാവകാശങ്ങൾക്ക് സ്ഥിരമായ ഉള്ളടക്കമില്ലെന്നും അവയിൽ മിക്കതും വെറും ശൂന്യമായ പാത്രങ്ങൾപോലെയാണെന്നും ഓരോ തലമുറയും അനുഭവത്തിന്റെ വെളിച്ചത്തിൽ ഉള്ളടക്കങ്ങൾ പകരാവുന്നതാണെന്നും കോടതി നിരീക്ഷിക്കുകയുണ്ടായി. മൗലികാവകാശങ്ങളും നിർദ്ദേശതത്വങ്ങളും ഭരണഘടനയുടെ 'മനസ്സാക്ഷി'യാണെന്നും, ഒരു സമത്വസുന്ദര സമൂഹം സൃഷ്ടിക്കുക, അനാചാരങ്ങളിൽ നിന്നും യുക്തിഹീനമായ നിയന്ത്രണങ്ങളിൽ നിന്നും ഇന്ത്യൻ ജനതയെ മോചിപ്പിക്കുക, എല്ലാവർക്കും സ്വാതന്ത്ര്യം ലഭ്യമാക്കുക തുടങ്ങിയവയാണ് ഇവയുടെ ലക്ഷ്യമെന്നും കോടതി അഭിപ്രായപ്പെട്ടു.

മൗലികാവകാശങ്ങൾ ഭരണകൂടം പൗരന്മാർക്കു നൽകിയ സമ്മാനമല്ല. വ്യക്തികൾ മനുഷ്യരാശിയിലെ അംഗങ്ങളാണെന്ന നിലയിൽ സ്വതന്ത്രമായി ജീവിക്കാനുള്ള അംഗീകരിക്കപ്പെട്ട മനുഷ്യാവകാശങ്ങളാണ് അവ. ഇന്ത്യൻ ഭരണഘടന ഈ മനുഷ്യാവകാശങ്ങളെ അതിന്റെ മൂന്നാം ഭാഗത്തിൽ ഉൾപ്പെടുത്തി അവയുടെ നിലനിൽപ്പിനെ സ്ഥിരീകരിക്കുകയും അവക്കു സംരക്ഷണം നൽകുകയും ചെയ്യുന്നു. •

പ്രാക്തനം

# തുളുജനതയുടെ ഓണാഘോഷം

സുരേഷ് ഗോപി

മലയാളികളുടെ ദേശീയോത്സവമായ ഓണം ചിങ്ങമാസത്തിലാണല്ലോ. എന്നാൽ ഉത്തര കേരളത്തിലെ തുളു ജനതയുടെ ഓണാഘോഷം തുലാം മാസത്തിലെ ദീപാവലിയാണ്. തിരുവോണ നാളിൽ മഹാബലി തന്റെ പ്രജകളെ സന്ദർശിക്കാൻ എത്തും എന്നു കേരളീയർ വിശ്വസിക്കുന്നതു പോലെ ദീപാവലി നാളുകളിൽ ബലിയേന്ദ്രൻ പ്രജകളെ കാണാൻ എത്തും എന്ന് തുളു ജനത വിശ്വസിക്കുന്നു. പൊലിയന്ദ്രം എന്നാണ് ഈ ആഘോഷത്തെ വിളിക്കുക. മഹാബലിയുടെയും ബലീന്ദ്രന്റെയും പേരുകളിൽ ബലി ഉണ്ട് എന്നതു മാത്രമല്ല, വാമനനാണ് അവരെ തോല്പിച്ചു നാടുകടത്തിയത് എന്ന സമാനതയും ഉണ്ട്. ബലിയെ വാമനൻ പാതാളത്തിലേക്ക് ചവുട്ടിത്താഴ്ത്തുകയായിരുന്നു. ബലീന്ദ്രനെയാവട്ടെ ഓട്ടത്തോണിയിൽ അരക്കിന്റെ തുഴയും നൽകി കടലിലേക്ക് തള്ളിവിടുകയാണ്. ചില വ്യവസ്ഥകൾ പാലിച്ചാൽ ബലീന്ദ്രന് നാടു തിരിച്ചു തരാം എന്നാരുറപ്പ് നൽകുന്നുണ്ട് ഉപ്പ് കർപ്പൂരമാകുന്ന കാലത്ത്, കരിങ്കല്ല് കായാവുന്ന കാലത്ത്, കുന്നിക്കുരുവിന്റെ കറുപ്പ് മായുന്ന കാലത്ത്, മോരിൽ വെണ്ണമുങ്ങുന്ന കാലത്ത്, ഉഴുന്ന് മദ്ദളമാകുന്ന കാലത്ത് ബലീന്ദ്രന് രാജ്യം തിരിച്ചു കിട്ടും!

തുലാം മാസത്തിൽ അമാവാസി തൊട്ടു മൂന്നു നാളുകളാണ് പൊലിയന്ദ്രം ആഘോഷം. ബലീന്ദ്രൻ എന്ന പേരിൽ നിന്നാണ് പൊലിയന്ദ്രം ഉണ്ടായത്.

ചിങ്ങമാസത്തിലെ അത്തം തൊട്ട് തിരുവോണം വരെ മലയാളികൾ പൂവിടുമ്പോൾ തുളുവർ സോണ ( ചിങ്ങം) മാസം മുഴുവൻ പൂവിടുന്നു. •



തിരുവനന്തപുരം പാലോട് നടന്ന പട്ടയമേളയിൽ ഭൂമിയുടെ രേഖകൾ കൈമാറിയപ്പോൾ
മന്ത്രിമാരായ കെ രാധാകൃഷ്ണൻ, കെ. രാജൻ, ജി.ആർ അനിൽ എന്നിവർ സമീപം

# 3156 കുടുംബങ്ങൾ ഭൂമിയുടെ അവകാശികളായി

തിരുവനന്തപുരം ജില്ലയിലെ പട്ടയമേള പാലോട് നടന്നു. 3156 കുടുംബങ്ങളാണ് ഭൂമിയുടെ അവകാശികളായത്. ഇതോടെ എല്ലാ പട്ടിക വർഗക്കാർക്കും ഭൂമിയുള്ള ജില്ലയായി തിരുവനന്തപുരം മാറി. 1361 പട്ടികവർഗ വിഭാഗങ്ങൾക്ക് വനാവകാശ രേഖയും 1795 കുടുംബങ്ങൾക്ക് പട്ടയവും ലഭിക്കും. 20 വർഷമായി സമരം നടന്ന ചെറ്റച്ചലിൽ എല്ലാവർക്കും വനാവകാശ രേഖ കൈമാറി. ഇതോടെ ഭൂമിയില്ലാത്ത എല്ലാവർക്കും ഭൂമിയെന്ന സർക്കാർ ലക്ഷ്യത്തിലേക്ക് ഒരു പടി കൂടി അടുത്തിരിക്കുകയാണ്. •

## ലഹരി വിരുദ്ധ സന്ദേശവുമായി 'സേവ് ക്ലബ്ബ്'

ജീവിതമാണ് ലഹരി എന്ന സന്ദേശവുമായി ലഹരിമാഫിയയ്ക്കെതിരെ അതിജീവനത്തിന്റെ പുതിയ പാഠങ്ങൾ രചിക്കുകയാണ് 'സേവ് ക്ലബ്ബ്'.

പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് വിദ്യാർത്ഥിയുവജനങ്ങളെ അണി നിരത്തിക്കൊണ്ടുള്ള പ്രവർത്തന പദ്ധതികളാണ് സേവ് ക്ലബ്ബ് ഒരുക്കുന്നത്.

കഴിഞ്ഞ ഗാന്ധിജയന്തി ദിനത്തിലാണ് സമൂഹിക ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ഭാഗമായി സേവ് ക്ലബ്ബ് ആരംഭിച്ചത്. സാമൂഹിക മുന്നേറ്റം, സന്നദ്ധ വിദ്യാഭ്യാസം എന്നീ മുദ്രാവാക്യം ഉയർത്തിപ്പിടിച്ചു കൊണ്ടാണ് സേവ് ക്ലബ്ബ് മുന്നോട്ട് നീങ്ങുന്നത്.

35000 ലധികം വിദ്യാർത്ഥിയുവജനങ്ങളെ ഉൾപ്പെടുത്തിയാണ് 1650 ലധികം പട്ടികജാതി കോളനികളിൽ സേവ് ക്ലബ്ബിന്റെ സന്നദ്ധ സേന രൂപീകരിച്ചിട്ടുള്ളത്.

കൂടുതൽ ഇടങ്ങളിലേക്ക് സേവ് ക്ലബ്ബ് വ്യാപിപ്പിക്കാനുള്ള ശ്രമത്തിലാണ് പട്ടികജാതി വികസന വകുപ്പ്. •




# അയ്യൻകാളിയെ അനുസ്മരിച്ച് കേരളം

മഹാത്മാ അയ്യൻ കാളിയുടെ 160 ജന്മദിനം പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സമുചിതമായി ആചരിച്ചു.

തിരുവനന്തപുരം വെള്ളയമ്പലത്തിലുള്ള മഹാത്മ അയ്യൻ കാളിയുടെ പ്രതിമയിൽ മന്ത്രിമാരായ കെ രാധാകൃഷ്ണൻ, വി ശിവൻകുട്ടി, ആന്റണി രാജു, ജി ആർ അനിൽ എന്നിവർ പുഷ്പാർച്ചന നടത്തി. തുടർന്ന് നടന്ന അനുസ്മരണ സമ്മേളനത്തിൽ മന്ത്രി വി ശിവൻ കുട്ടി അധ്യക്ഷനായി. മന്ത്രിമാരായ കെ. രാധാകൃഷ്ണൻ, ആന്റണി രാജു, ജി ആർ അനിൽ, വി കെ പ്രശാന്ത് എം എൽ എ, മുൻ എം പി ഒ രാജഗോപാൽ, പട്ടികജാതിപട്ടിക വർഗ കമീഷൻ ചെയർമാൻ ബി.എസ്. മാവോജി, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി സുരേഷ് കുമാർ, ഡെപ്യൂട്ടി മേയർ പി കെ രാജു , അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. എ ജയതിലക്, കെ വിദ്യാധരൻ, വി സജീവ് എന്നിവർ സംസാരിച്ചു. സംസ്ഥാനത്തെമ്പാടും വിവിധ കേന്ദ്രങ്ങളിൽ അനുസ്മരണം നടന്നു. •




## വിദേശ പഠന വായ്പയുമായി

# പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപറേഷൻ

പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപറേഷന്റെ വിദേശ പഠന വായ്പാ പദ്ധതി മന്ത്രി കെ രാധാകൃഷ്ണൻ ഉദ്ഘാടനം നിർവഹിച്ചു. കോർപറേഷൻ ചെയർമാൻ ജാസി ഗിഫ്റ്റ് അധ്യക്ഷനായി.

2.5 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 3.5 ശതമാനം പലിശയ്ക്കും ആൺകുട്ടികൾക്ക് 4 ശതമാനത്തിനുമാണ് 10 ലക്ഷം രൂപ വരെ വായ്പ നൽകുന്നത്. 2.5 ലക്ഷത്തിനു മേൽ വരുമാനമുള്ളവർക്കിത് യഥാക്രമം 4.5 വും 5 വും ശതമാനമാണ്.

കോഴ്സ് പൂർത്തിയാക്കി 6 മാസം കഴിഞ്ഞ് തിരിച്ചടവ് തുടങ്ങണം. 6 വർഷം കാലാവധിയുമുണ്ട്. പ്രവേശന ഫീസ്, പരീക്ഷ, ട്യൂഷൻ, ഹോസ്റ്റൽ, വിസ ചെലവുകൾ, യാത്രാക്കൂലി എന്നിവയ്ക്കാണ് വായ്പ.

യു കെ ലിവർപൂൾ സർവകലാശാലയിൽ പ്രവേശനം ലഭിച്ച ഭവ്യ ജോയി, ഓസ്ട്രേലിയയിലെ എഡിത് കോവാൻ സർവകലാശാലയിൽ പ്രവേശനം ലഭിച്ച ദിൽജിത് എം ജോസഫ് എന്നിവർ വായ്പാ ഗഡു ഏറ്റുവാങ്ങി. •



തദ്ദേശീയ ജനതയുടെ അന്തർദേശീയ ദിനാഘോഷം ആഗസ്റ്റ് 9, തിരുവനന്തപുരം അയ്യൻകാളി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

## 'നിശ്ചയദാർഢ്യത്തോടെ തദ്ദേശീയ യുവത'

# ഒത്തൊരുമിച്ച് ഉന്നതിയിലേക്ക്

പട്ടികവർഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശീയ ജനതയുടെ അന്തർദേശീയ ദിനാഘോഷം ആഗസ്റ്റ് 9, തിരുവനന്തപുരം അയ്യൻ കാളി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

2026ഓടെ എല്ലാ പട്ടികവർഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കാൻ കഴിയുമെന്നാണു പ്രതീക്ഷയെന്നു മുഖ്യമന്ത്രി പറഞ്ഞു.

തിരുവനന്തപുരം ജില്ലയിൽ എല്ലാ പട്ടികവർഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കിയ മാതൃകയിൽ കേരളത്തിലെ എല്ലാ പട്ടികവർഗ കുടുംബങ്ങൾക്കും ഭൂമി നൽകാനാണ് ഉദ്ദേശിക്കുന്നതെന്നു മുഖ്യമന്ത്രി വ്യക്തമാക്കി. ലാൻഡ് ബാങ്ക് പദ്ധതിയനുസരിച്ചു വിവിധ ജില്ലകളിലായി 45 ഏക്കറോളം ഭൂമി വാങ്ങിയിട്ടുണ്ട്. അത് ആദിവാസി കുടുംബങ്ങൾക്കു വിതരണം ചെയ്യും. 21 ഏക്കർ കൂടി വാങ്ങുന്നതിന് അംഗീകാരം നൽകിക്കഴിഞ്ഞു. സംസ്ഥാനത്ത് 7,693 ഏക്കർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യാൻ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ രണ്ടായിരത്തോളം ഏക്കർ വിതരണം ചെയ്യുകഴിഞ്ഞു. ആദിവാസി വിഭാഗത്തിലെ 3,647 പേർക്ക് ഇതിന്റെ ഗുണഫലം ലഭിച്ചു. ആദിവാസി ഭൂ സമരങ്ങളിൽ ഉയർത്തിയ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു. മുത്തങ്ങ സമരത്തിൽ പങ്കെടുത്ത എല്ലാവർക്കും ഈ സർക്കാർ ഭൂമി ലഭ്യമാക്കി. ഭൂസമരങ്ങൾ നടന്നുവരുന്ന പ്രദേശങ്ങളിൽ പ്രശ്നപരിഹാരത്തിനു നടപടി സ്വീകരിച്ചുവരുന്നു. ലൈഫ് പദ്ധതിയിൽ സംസ്ഥാനത്താകെ 3.5 ലക്ഷത്തോളം ഭവനങ്ങൾ വിതരണം ചെയ്തതിൽ 8,394 പട്ടികവർഗ കുടുംബങ്ങൾക്കു വീട് ലഭ്യമാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ ജനസംഖ്യയുടെ 1.45 ശതമാനമാണു തദ്ദേശീയ ജനവിഭാഗങ്ങൾ. അവരുടെകൂടി ഉന്നമനം ലക്ഷ്യംവച്ചുള്ള സമഗ്ര പദ്ധതികളാണു സർക്കാർ നടത്തിവരുന്നത്. ലോകത്ത് ഡിജിറ്റൽ ഡിവൈഡ് ഏറ്റവുമധികം അനുഭവിക്കുന്നതു തദ്ദേശീയ ജനതയാണ്. മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് 30 ശതമാനത്തോളം കുറവാണ് രാജ്യത്ത് ആദിവാസി ജനവിഭാഗങ്ങൾക്കു ലഭ്യമാകുന്ന ഇന്റർനെറ്റ് സൗകര്യം. ഇത് തുടർന്നാൽ വൈജ്ഞാനിക മുന്നേറ്റത്തിൽ ആദിവാസി ജനത പിന്തള്ളപ്പെടും. ഒരു ജനവിഭാഗംപോലും ഡിജിറ്റൽ ഡിവൈഡ് അനുഭവിക്കുന്നില്ലെന്ന് ഉറപ്പാക്കാൻ സാർവത്രിക ഇന്റർനെറ്റ് എന്ന ലക്ഷ്യത്തോടെ കേരളത്തിൽ കെഫോൺ പദ്ധതി നടപ്പാക്കുകയാണ്. വിദൂര ആദിവാസി ഗ്രാമങ്ങളിൽപ്പോലും ഇന്റർനെറ്റ് സൗകര്യം ഇതിന്റെ ഭാഗമായി ലഭ്യമാക്കുന്നു. ഓൺലൈൻ പഠന സൗകര്യം എല്ലാ ആദിവാസി ഊരുകളിലേക്കും വ്യാപിപ്പിക്കാൻ

നടപടിയെടുത്തു. 35,000ൽപ്പരം പട്ടികവിദ്യാർഥികൾക്കു ലാപ്ടോപ്പുകൾ നൽകി.

ആദിവാസി വിദ്യാർഥികൾക്ക് പ്രീപ്രൈമറി മുതൽ പി.എച്ച്. ഡിവരെ പഠനത്തിന് ആവശ്യമായ സൗകര്യങ്ങൾ സർക്കാർ ഒരുക്കുന്നുണ്ട്. പൈലറ്റ് പരിശീലനം, എയർഹോസ്റ്റസ് പരിശീലനം തുടങ്ങിയ പദ്ധതികൾ ആരംഭിച്ചു. പട്ടികവർഗ വകുപ്പിന്റെ ഐടിഐകൾ നവീകരിച്ചു നിലവിലുള്ള ട്രേഡുകളിൽ ആഡ് ഓൺ കോഴ്സുകൾ ആരംഭിച്ചു. അട്ടപ്പാടിയിലും കാസർകോഡും രണ്ട് ഏകലവ്യ എം.ആർ.എസുകൾ തുടങ്ങി. സിവിൽ എൻജിനീയറിങ്ങിൽ എംടെക്, ബിടെക്, ഐടിഐ ഡിപ്ലോമ യോഗ്യതകളുള്ള 200 പേരെ പട്ടികവർഗ വികസന വകുപ്പിന്റെ വിവിധ ഓഫിസുകളിൽ അക്രഡിറ്റഡ് എൻജിനീയർമാരായി നിയമിച്ചു. രണ്ടു വർഷമാണു കാലാവധി. ഈ അനുഭവസമ്പത്ത് പ്രയോജനപ്പെടുത്തി കൂടുതൽ മെച്ചപ്പെട്ട അവസരങ്ങൾ നേരിയെടുക്കാൻ അവർക്കു കഴിയും. വനാശ്രിതരായ 500 പട്ടികവർഗക്കാരെ പി.എസ്.സി. മുഖേന പ്രത്യേക തെരഞ്ഞെടുപ്പിലൂടെ ബീറ്റ് ഫോറസ്റ്റ് ഓഫിസർമാരായി നിയമിച്ചു. എക്സൈസിലും ഇതേ രീതിയിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ഊരുകളുടെ നിർമാണം പൂർത്തിയാക്കാൻ സഹായിക്കുന്ന സേഫ് പദ്ധതി, എല്ലാ പട്ടികവർഗക്കാർക്കും അടിസ്ഥാന രേഖകൾ ലഭ്യമാക്കി ഡിജിറ്റൈസ് ചെയ്തു സൂക്ഷിക്കുന്ന എബിസിഡി പദ്ധതി തുടങ്ങിയ നൂതന പദ്ധതികളിലൂടെ പട്ടികവർഗ സമൂഹങ്ങളെ നവകേരള നിർമിതിയുടെ ഭാഗമാക്കാനാണു സർക്കാർ ലക്ഷ്യമിടുന്നത്. വിദൂര ആദിവാസി ഊരുകളിലുള്ളവരുടെ പ്രശ്നങ്ങൾ ലഘൂകരിക്കാൻ പ്രത്യേക ഇടപെടലുകളും നടത്തുന്നു. തദ്ദേശീയ ജനത രാജ്യത്തിന്റെ ചരിത്രത്തിന്റെ ഭാഗമാണ്. അവരെ നാടിന്റെ ചരിത്രത്തിൽനിന്നു മായ്ച്ചുകളയാനുള്ള ശ്രമങ്ങൾ ചിലയിടങ്ങളിൽ നടക്കുന്നുണ്ട്. ദൗർഭാഗ്യകരമായ അത്തരം നീക്കങ്ങളെ ചെറുത്തുതോൽപ്പിക്കേണ്ടത് നമ്മുടെ കടമയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

വികസന പദ്ധതികളിലൂടെ തദ്ദേശീയ ജനവിഭാഗങ്ങളെ സ്വയംപര്യാപ്തതയിലേക്കെത്തിക്കാനുള്ള ലക്ഷ്യത്തോടെയാണു സർക്കാർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതെന്നു ചടങ്ങിൽ അധ്യക്ഷത വഹിച്ച പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ പറഞ്ഞു. 'നിശ്ചയദാർഢ്യത്തോടെ തദ്ദേശീയ യുവത' എന്ന സന്ദേശമുയർത്തിയാണ് തദ്ദേശീയ ദിനം ആഘോഷിക്കുന്നത്. ദേശീയ വനിതാ ക്രിക്കറ്റ് ടീം അംഗം മിന്നു മണിയെ ചടങ്ങിൽ മുഖ്യമന്ത്രി ആദരിച്ചു. കാസർകോഡ് ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളിനുള്ള സ്പോർട്സ് കിറ്റ് വിതരണം കായിക മന്ത്രി വി. അബ്ദുറഹിമാനും കേരള എംപവർമെന്റ് സൊസൈറ്റി 'ഉന്നതി'യുടെ വെബ്സൈറ്റ് പ്രകാശനവും എം.ആർ.എസുകളിൽ സംഘടിപ്പിച്ച ഉപന്യാസ രചനാ മത്സരത്തിലെ വിജയികൾക്കുള്ള പുരസ്കാരങ്ങളും പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടിയും SAFE പദ്ധതി പ്രകാരം ഭവന നിർമാണം പൂർത്തിയാക്കിയ ഗുണഭോക്താവിനുള്ള ധനസഹായ വിതരണം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിലും എ.ബി.സി.ഡി. പദ്ധതി പ്രകാരം ആധികാരിക രേഖകൾ ലഭിച്ച കുടുംബങ്ങൾക്കുള്ള രേഖകൾ ഒ.ആർ. കേളു എം.എൽ.എയും വിതരണം ചെയ്തു. ഗതാഗത മന്ത്രി ആന്റണി രാജുവും ചടങ്ങിൽ പങ്കെടുത്തു.

തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ, കൗൺസിലർ പാളയം രാജൻ, പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർ ഡി.ആർ. മേഘശ്രീ, സംസ്ഥാന പട്ടികവർഗ ഉപദേശക സമിതി അംഗം വിദ്യാധരൻ കാണി തുടങ്ങിയവരും സന്നിഹിതരായിരുന്നു. •

# മിന്നുമണി നിശ്ചയ ദാർഢ്യമുള്ള തദ്ദേശീയ യുവതയുടെ പ്രതീകം:

## മുഖ്യമന്ത്രി

നിശ്ചയദാർഢ്യമുള്ള തദ്ദേശീയ യുവതയുടെ പ്രതീകമാണ് ഇന്ത്യൻ വനിതാ ക്രിക്കറ്റ് താരം മിന്നു മണിയെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ തദ്ദേശീയ ജനതയുടെ അന്തർദേശീയ ദിനാഘോഷ ചടങ്ങിന്റെ ഉദ്ഘാടന വേദിയിൽ മിന്നു മണിയെ ആദരിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ലോക ക്രിക്കറ്റ് ഭൂപടത്തിൽ തന്റേതായ സ്ഥാനമുറപ്പിക്കാനും ക്രിക്കറ്റ് ലോകത്തിന്റെ നെറുകയിലെത്താനും മിന്നുവിനു കഴിയട്ടെയെന്നു മുഖ്യമന്ത്രി ആശംസിച്ചു. ഇന്ത്യൻ സീനിയർ 2020 ടീമിൽ അംഗമാകുന്ന ആദ്യ മലയാളി ക്രിക്കറ്റ് താരമാണു വയനാട് സ്വദേശിയായ മിന്നുമണി. കേരള ടീമിനു വേണ്ടിയും ഇന്ത്യ എ ടീമിനു വേണ്ടിയും മികച്ച പ്രകടനം മിന്നു നടത്തി. വരും തലമുറയ്ക്കു മിന്നു മണി പ്രചോദനമാകട്ടെയെന്നും അദ്ദേഹം പറഞ്ഞു. വേദിയിൽ പൊന്നാടണയിച്ച് ആദരിച്ച ശേഷം മിന്നുവിനു ചുണ്ടൻ വള്ളത്തിന്റെ മാതൃകയും മുഖ്യമന്ത്രി സമ്മാനിച്ചു. •




SC-ST കോർപറേഷന്റെ പുതിയ ലോഗോ മന്ത്രി കെ.രാധാകൃഷ്ണൻ പ്രകാശനം ചെയ്യുന്നു.
പി ബാലചന്ദ്രൻ എം എൽ എ, കോർപറേഷൻ ചെയർമാൻ യു ആർ പ്രദീപ് തുടങ്ങിയവർ സമീപം

# വായ്പാ കുടിശ്ശിക തീർപ്പാക്കൽ തുടങ്ങി

## SC-ST കോർപറേഷനിൽ 60% പലിശയിളവ്

എസ് സി എസ് ടി കോർപറേഷനിൽ വായ്പാ കുടിശിക തീർപ്പാക്കാൻ പ്രത്യേക പദ്ധതി ആരംഭിച്ചു കോർപറേഷന്റെ സുവർണജൂബിലി വാർഷികം പ്രമാണിച്ചാണ് 60 ശതമാനം വരെ പലിശയിളവ് നൽകുന്ന പദ്ധതി.

റവന്യൂ റിക്കവറി നേരിടുന്നവർക്കും ഈ സൗകര്യം പ്രയോജനപ്പെടുത്താം.

10 വർഷത്തിനുമുകളിൽ കുടിശിക ആയിട്ടുള്ളവർക്കാണ് പലിശയിലും പിഴ പലിശയിലും 60 ശതമാനം ഇളവ് നൽകുന്നത്. 6 വർഷം മുതൽ 10 വർഷം വരെ 50 ശതമാനവും 3 മുതൽ 6 വർഷം വരെ 40 ശതമാനവും ഇളവ് ലഭിക്കും. ഒരു വർഷം മുതൽ 3 വർഷം വരെ കുടിശികയുള്ളവർക്ക് 30 ശതമാനവും ഒരു വർഷം വരെ കുടിശികയുള്ളവർക്ക് 20 ശതമാനവും ഇളവ് ലഭിക്കും. •



പട്ടികജാതി വിഭാഗം യുവതികൾ നെടുമങ്ങാട് ആരംഭിച്ച ശിങ്കാരിമേളം ടീമിന്റെ അരങ്ങേറ്റവും സേഫ് പദ്ധതി ഗുണഭോക്താക്കളുടെ സംഗമവും മന്ത്രി കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.
മന്ത്രി ജി ആർ അനിൽ, ജി സ്റ്റീഫൻ എം എൽ എ, ഡി കെ മുരളി എം എൽ എ തുടങ്ങിയവർ സമീപം.



മണിതൂക്കി ഊരു നിവാസികൾ മുളയിലും ഈറയിലും നിർമിച്ച കരകൗശല വസ്തുക്കളുമായി
മന്ത്രി കെ. രാധാകൃഷ്ണന്റെ ഓഫീസിലെത്തിയപ്പോൾ

# മണിതൂക്കി ഊരിൽ ഇനി 'മണിക്കിലുക്കം'

ആദിവാസി ഊരിലെ തൊഴിൽരഹിതരായ നാൽപ്പതോളം പേരെ സംരംഭകരാക്കി കേരള സർവകലാശാല. തിരുവനന്തപുരം വിതുര മണിതൂക്കി ഊരിലാണ് വിതുര പഞ്ചായത്തിന്റെയും ബാംബൂ മിഷന്റെയും സഹകരണത്തോടെ കേരള സർവകലാശാല സോഷ്യോളജി വിഭാഗം സ്റ്റാർട്ടപ്പ് പദ്ധതി നടപ്പാക്കുന്നത്.

പ്രഗത്ഭരായ പരിശീലകരുടെ മേൽനോട്ടത്തിൽ ഊരുകളിൽ നിർമിച്ച മനോഹരമായ കരകൗശല വസ്തുക്കൾ ഓൺലൈൻ വഴി വിൽപ്പന നടത്തി. സംസ്ഥാനത്ത് ഔട്ട്ലെറ്റുകളും സ്ഥാപിക്കും.

തൊഴിൽരഹിതരായ ആദിവാസി വിഭാഗങ്ങൾക്ക് വരുമാനം ഉറപ്പാക്കുകയാണ് ലക്ഷ്യം. ഊരിലെ സ്ത്രീകൾ ഉൾപ്പെടെയുള്ള നാൽപ്പത് പേർക്ക് പരിശീലനം നൽകി സ്റ്റാർട്ടപ് രൂപീകരിച്ചു. ഇത് കേരള സർവകലാശാലയിലെ സ്റ്റാർട്ടപ് ഇൻകുബേഷൻ സെന്ററായ ക്യൂബിക്കിന് കീഴിൽ പ്രവർത്തിക്കും. കേരള സ്റ്റാർട്ടപ് മിഷനിലും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ബാംബൂ ഉൽപ്പന്നങ്ങൾ, കരകൗശല വസ്തുക്കൾ, സുവനീറുകൾ എന്നിവയാണ് നിർമിക്കുക. വിപണനവും മറ്റ് സാങ്കേതിക സഹായങ്ങളും കേരള സർവകലാശാല ലഭ്യമാക്കും.

മറ്റ് ജില്ലകളിലെ ആദിവാസി ഊരുകളിലും പദ്ധതി നടപ്പാക്കും. കേരള സർവകലാശാല കാര്യവട്ടം ക്യാമ്പസിൽ ആരംഭിച്ച റിസർച്ച് ഫെസ്റ്റിൽ സ്റ്റാർട്ടപ്പുകളുടെ ഉദ്ഘാടനം മന്ത്രി കെ രാധാകൃഷ്ണൻ നിർവഹിച്ചു. സോഷ്യോളജി വിഭാഗം മേധാവി ഡോ. ആർ എസ് സന്ധ്യയുടെ നേതൃത്വത്തിലാണ് സ്റ്റാർട്ടപ് നടപ്പാക്കുന്നത്. സോഷ്യോളജി വിഭാഗം വിദ്യാർഥികളുടെ നേതൃത്വത്തിൽ ഊരുകളിൽ വിവിധ ക്ഷേമപ്രവർത്തനങ്ങളും നടത്തുന്നുണ്ട്. •




കഥ

# ബദാം മരത്തിൽ

സജിത് കെ. കൊടക്കാട്ട്



വൈകുന്നേരം ചന്തയിലേക്ക് പോകുന്ന വഴി  വായനശാലയുടെ മുറ്റത്ത് ,പടർന്നു പന്തലിച്ച ബദാം മരത്തോട് ചേർത്ത് കുറേ ആളുകളെ പിടിച്ചുകെട്ടിയിട്ടിരിക്കുന്നതു കണ്ടു.

എന്താണു കാര്യമെന്നറിയാൻ ഞാൻ തിടുക്കപ്പെട്ട് അവരുടെ അടുത്തേക്ക് ചെന്നു.

പ്രായം ചെന്നവരും ചെറുപ്പക്കാരുമായി അവർ ആറേഴു പേരുണ്ടായിരുന്നു. എന്നെ കണ്ടപ്പോൾ തല കുടഞ്ഞും കയറിനുള്ളിലെ ശരീരം കുതറിച്ചും കെട്ടഴിക്കാനുമുള്ള ഭഗീരഥ ശ്രമങ്ങൾ അവർ നടത്തിക്കൊണ്ടിരുന്നു.

നിങ്ങളെ എന്തിനാണ് പിടിച്ചുകെട്ടിയിരിക്കുന്നതെന്നും ആരാണിതു ചെയ്തതെന്നും ആരായാലും  ഇതു വലിയ മോശമായിപ്പോയി, തെറ്റായിപ്പോയി എന്നൊക്കെ ആവേശം മൂത്തു പറയാൻ ഞാൻ നാവെടുക്കുമ്പോഴാണ് വായനശാലക്കകത്തു നിന്നും രണ്ടു മുതിർന്ന പൗരൻമാർ വെളിയിലേയ്ക്കിറങ്ങി എന്റെ നേരെ ധൃതിയിൽ നടന്നു വരുന്നത് കണ്ടത്.

ഒരാളൊരു പോലീസാപ്പീസറുടെ മട്ടുണ്ട്.ഗൗരവമുള്ള മുഖമാണ്. മറ്റേയാൾ വെളുത്ത് തടിച്ച് ഉയരം കൂടിയ ആളാണെങ്കിലും മുഖം കുട്ടികളുടേതു പോലെയായിരുന്നു.

അവർ തുള്ളിയുറഞ്ഞ് എന്റെ മുന്നിൽ നിന്നപ്പോൾ ഇതെന്തു കഥയെന്നു ഞാൻ കൈ കൊണ്ട് ആംഗ്യം ചോദിച്ചു. അപ്പോൾ ഗൗരവക്കാരൻ പറഞ്ഞു. ' നിങ്ങള് പൊയ്ക്കോ.ഇതിവന്മാരുടെ സ്ഥിരം പരിപാടിയാ.'

ഞാൻ പോവാതെ അവിടെ തന്നെ തട്ടിമുട്ടി ചൊറിഞ്ഞു നിന്നപ്പോൾ

കുട്ടിമുഖം എന്റെ അടുത്തേക്ക് വന്നിട്ട് ഒട്ടും കുട്ടിയല്ലാത്ത മുഖത്തോടെ പറഞ്ഞു. 'നിങ്ങളി ങ്ങനെ നോക്കി നില്ക്കാതെ വേഗം പോയാട്ടെ.. ആളുകൾ കൂടുംന്നേ.. '

'എന്നാലും അതല്ലല്ലോ, മാഷെ. സമൂഹത്തിലെ മാന്യൻമാരായ ഇവരെയൊക്കെ ഇങ്ങനെ പിടിച്ചു കെട്ടിയിട്ടാന്നൊക്കെ പറഞ്ഞാ. ഇതൊന്നും ശരിയല്ല.'

' ശരിയല്ലെന്ന് പറയാൻ നിങ്ങൾ ക്ക് അനുഭവമുണ്ടോ. ഒന്നു പോയാട്ടെ. ഇവരേ... തനി മൂരാച്ചി കളാ.... സംഗതി നമ്മുടെ വായ നശാലയൊക്കെത്തന്നെയാണ്. എല്ലാവരും വളരെ നല്ലവരുമാണ്. എന്നാൽ ചില കുരുത്തക്കേടുകൾ ഇവരിൽ പരക്കെയുണ്ട്. '

'അതെന്താണെന്നു പറയൂ മാഷെ. കുരുത്തക്കേടുകൾ നമുക്കും അറി യണമല്ലോ. '

'അറിഞ്ഞാലേ നിങ്ങൾ പോവു ള്ളുവെങ്കിൽ പറയാം.' അങ്ങനെ പറഞ്ഞത് ഗൗരവക്കാരനായ ആളായിരുന്നു..ഗൗരവം മുഖത്തേ ഉള്ളു. സംസാരം കൂറ്റടഞ്ഞ കുട്ടി യെപ്പോലുണ്ട്.

അയാൾ പറഞ്ഞു.

' അഞ്ചു മണിക്ക് വായനശാലേടെ മീറ്റിംഗ് വിളിച്ചാ ആറു മണിക്കല്ലാ തെ ഇവൻമാര് വന്നു കണ്ടിട്ടില്ല. ഇത് സ്ഥിരം പരിപാടിയാ. നിങ്ങ ളിപ്പോ തന്നെ നോക്കൂ ,ഞങ്ങള് കുറച്ചു പേര് നാലേമുക്കാലിനുണ്ട് ഇവിടെ വന്നിരിക്കുന്നു. എന്നി ട്ടിവൻമാര് എത്തിയതെപ്പഴാ.... ആറു മണിക്ക്.!! ഞങ്ങൾക്കുമില്ലേ കൂട്ടും കുടുംബോം പരിപാടികളും ?'

കൂറ്റടച്ച ഗൗരവക്കാരൻ പറയുന്ന തു കേട്ട് കുട്ടിമുഖം പരിസരം മറന്ന് ചിരിച്ചു.

' എന്നാ പിന്നെ നിങ്ങൾക്ക് മീറ്റിംഗ് ആരു മണിക്ക് വിളിച്ചാ പോരായിരുന്നോ..' ഞാൻ വലിയ ബുദ്ധി മാനെ പോലെ ഒരു ഐഡിയ പറഞ്ഞു. അപ്പോൾ കുട്ടി മുഖത്തിന്റെ കണ്ണുകൾ കത്താൻ തുടങ്ങി.

'എന്റെ ചെങ്ങായ് .. മണ്ടത്ത രം പറയല്ലെ. മൂന്നാലു മാസം മുമ്പുവരെ എല്ലാ മീറ്റിംഗുകളും ആറുമണിക്കായിരുന്നു വെച്ചത്. അപ്പോ ഴിവൻമാരുണ്ട് ഏഴുമ ണിക്ക് വരുന്നു.!! അതിനും മുമ്പ് ഏഴു മണിക്കായിരുന്നു വിളിച്ച ത്. അപ്പോഴിവൻമാരുണ്ട് എട്ടു മണിക്ക് വരുന്നു.പ്രസിഡണ്ടായ എന്റെ കാര്യം പോട്ടെ. ഞാനൊരു റബ്ബർ സ്റ്റാമ്പ്. . എന്നാൽ സെക്രട്ട റി അങ്ങനെയാണോ.'

കുട്ടിമുഖക്കാരൻ ഗൗരവക്കാരനെ കാക്കയെ പോലെ നോക്കി, സ്വ കാര്യം പോലെ എന്റെ ചെവിയിൽ ഇങ്ങനെ പറഞ്ഞു:

'ഞങ്ങളുടെ സെക്രട്ടറിയാ.. വന്നി ട്ടിപ്പം കുറച്ചേ ആയിട്ടുള്ളു. നല്ല വായനക്കാരനും സംഘാടകനു മാണ്. എന്തായാലും പട്ടാളത്തിൽ നിന്നും പിരിഞ്ഞെത്തിയ ഒരാളെ സെക്രട്ടറിയായി കിട്ടിയപ്പോ കുറേ മാറ്റങ്ങളൊക്കെ വന്നിട്ടുണ്ട്. എന്നാൽ മീറ്റിംഗ് സമയത്തിന് ഒരു മാറ്റവുമില്ല.'

ഞാൻ പെട്ടെന്ന് മൊബൈലെ ടുത്ത് സമയം നോക്കി. ഏഴു മണിക്ക് ഞാനൊരു മീറ്റിംഗ് വിളിച്ചതാണല്ലോ എന്ന് പെട്ടെ ന്നോർത്തു. ഇപ്പോൾ തന്നെ മണി ആറ് മുക്കാലായി. ഇനി ചന്തയിൽ നിന്നും സാധനങ്ങൾ വാങ്ങി .എപ്പോഴാണാവോ വീട്ടിലെത്തി, യോഗസ്ഥലത്തേക്ക് പോവുക?

ബദാം മരത്തെ യും അവിടുത്തെ ആളുകളേയും മറന്ന് ഞാൻ മറന്ന് വേഗം റോഡിലേക്കിറങ്ങി ചന്ത ലക്ഷ്യം വെച്ചു നടന്നു. ●





# സുപരീക്ഷിത ജീവിതം



## എം വിജയകുമാരൻ

കോച്ചേരിൽ രാമൻ നാരായണൻ എന്ന കെ ആർ നാരായണൻ ഇന്ത്യയിലെ പത്താമത്തെ രാഷ്ട്രപതിയായിരുന്നു. പ്രവർത്തിക്കുന്ന പ്രസിഡന്റ് എന്നാണ് പൊതുവേ അറിയപ്പെട്ടിരുന്നത്. നിർണായകമായ രാഷ്ട്രീയ സന്ദർഭങ്ങളിൽ ദൃഢമായ തീരുമാനങ്ങളിലൂടെ ലോകത്തിലെ ജനാധിപത്യ വിശ്വാസികളുടെ ആദരവ് നേടിയെടുക്കാൻ അദ്ദേഹത്തിന് സാധിച്ചു. കെ ആർ നാരായണന്റെ ബാല്യം കഷ്ടപ്പാടുകൾ നിറഞ്ഞതായിരുന്നു. പല രാത്രികളിലും വിശന്നു തളർന്നാണ് ഉറങ്ങിയിരുന്നത് എന്ന് അദ്ദേഹം പറയുകയുണ്ടായി. ഉഴവൂരിലെ വീട്ടിൽ നിന്ന് ഉറവലങ്ങാട് സ്കൂൾ വരെ തോർത്ത് ഉടുത്തു കൊണ്ടാണ് അദ്ദേഹം പഠിക്കാൻ പോയത്. ദിവസവും 16 കിലോമീറ്റർ സഞ്ചരിച്ചാണ് സ്കൂളിൽ എത്തിയത്. നടന്നുകൊണ്ട് വായിച്ചു പഠിച്ചു . പുസ്തകം വാങ്ങാൻ പണമില്ലാത്ത ഇല്ലാതിരുന്നതിനാൽ ജ്യേഷ്ഠൻ കെ ആർ നീലകണ്ഠൻ മറ്റു കുട്ടികളിൽ നിന്ന് പുസ്തകം കടം വാങ്ങി പകർത്തി എഴുതി അനുജന് കൊടുക്കുമായിരുന്നു. ചാണകം മെഴുകിയ തറയിൽ ഇരുന്നുകൊണ്ടാണ് അദ്ദേഹം പഠിച്ചത്. ഫീസ് കൊടുക്കാൻ വിഷമമായിരുന്നു. പലപ്പോഴും ഫീസ് കൊടുക്കാൻ കഴിയാത്തതിനാൽ ക്ലാസിൽ നിന്ന് വെളിയിലാക്കും. വെളിയിൽ നിന്നുകൊണ്ട് അദ്ദേഹം പാഠങ്ങൾ പഠിച്ചു.

തിരുവിതാംകൂർ രാജ്യത്തിന്റെ സ്കോളർഷിപ്പ് കിട്ടിയതിനാൽ കോട്ടയം സിഎംഎസ് കോളേജിൽ ഇന്റർമിഡിയറ്റിനു ചേർന്ന് പഠിച്ചു. പഠനത്തിന്



തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ചേർന്നു. ബി എ ഓണേഴ്സ് പാസായപ്പോൾ ലക്ച റർ പദവിക്ക് അപേക്ഷ നൽകി. ജാതിയുടെ പേരിൽ സർ സി പി രാ മസ്വാമി അയ്യർ അപേക്ഷ നിരസി ക്കുകയും പകരം ക്ലാർക്ക് ആയി ജോലി നൽകാമെന്നും അറിയിച്ചു. തുടർ പഠന സഹായത്തിന് മഹാ രാജാവിനെ കാണാൻ അനുമതി ചോദിച്ചു. അത് നിരസിക്കപ്പെട്ടു. ഇതിൽ പ്രതിഷേധിച്ച് നാരായ ണൻ ബിരുദദാന ചടങ്ങ് ബഹിഷ്ക രിച്ചു. പ്രൊവിഷണൽ സർട്ടിഫി ക്കറ്റുമായി ഡൽഹിയിലെത്തിയ നാരായണൻ ഹിന്ദു അടക്കമുള്ള പത്രങ്ങളിൽ ലേഖകനായി പ്രവർ ത്തിച്ചു. 1945ൽ മുംബൈയിൽ വച്ച് മഹാത്മാഗാന്ധിയെ മഹാത്മാ ഗാന്ധിയെ ഇന്റർവ്യൂ ചെയ്യാൻ അവസരം ലഭിച്ചു. പ്രിയ ശിഷ്യൻ ജെ ആർ ഡി ടാറ്റ നാരായണന്റെ ഉപരിപഠനത്തിന് 1600 രൂപയുടെ സ്കോളർഷിപ്പ് അനുവദിച്ചു.ഇത് നാരായണന്റെ ജീവിതത്തിൽ വഴിത്തിരിവായി മാറി. അദ്ദേഹം ലണ്ടൻ സ്കൂൾ ഓഫ് എക്കണോ മിക്സ് ചേർന്ന് പൊളിറ്റിക്കൽ സയൻസിൽ ബിരുദം എടുത്തു. പ്രസിദ്ധനായ ഹാരോഡ് ലാസ്കി എന്ന പ്രൊഫസറുടെ പ്രിയ ശി ഷ്യനായിരുന്നു കെ ആർ നാരായ ണൻ. ലണ്ടനിൽ കൃഷ്ണമേനോന്റെ നേതൃത്വത്തിലുള്ള ഇന്ത്യ ലീഗിൽ ചേർന്ന് പ്രവർത്തിച്ചു. ലണ്ടൻ പഠനശേഷം ഇന്ത്യയിൽ എത്തി പ്ര ധാനമന്ത്രി നെഹ്റുവിനെ കണ്ടു. ഹാരോഡ് ലാസ്കിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ നെഹ്റു നാരാ യണനെ ഫോറിൻ സർവീസിൽ ഉദ്യോഗസ്ഥനായി നിയമിച്ചു. ജപ്പാൻ, ബ്രിട്ടൻ, തായ്ലാൻഡ്, ചൈന തുടങ്ങിയ രാജ്യങ്ങളിൽ അംബാസിഡറായി പ്രവർത്തിച്ചു. രംഗൂണിൽ വെച്ച് മാൻഡ് ടിണ്ട് എന്ന സ്ത്രീയുമായി. നെഹ്റുവിന്റെ സ്പെഷ്യൽ ഉത്തരവ് പ്രകാരം അവരെ വിവാഹം കഴിച്ചു. ഉഷ എന്ന പേര് സ്വീകരിച്ച് അവർ ഇന്ത്യക്കാരിയായി. 1978 അദ്ദേഹം സർവീസിൽ നിന്ന്. വിരമിച്ചു.

1979 കെ ആർ നാരായണനെ ഡൽ ഹിയിലെ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ വൈസ് ചാൻസറിലായി നിയമിച്ചു. 1984 വരെ ആ പദവിയിൽ തുടർന്നു. വിരമിച്ച നാരായണനെ കേന്ദ്ര ഗവൺമെന്റ് തിരികെ സർവീസി ലേക്ക് വിളിക്കുകയും അമേരിക്ക യിലെ ഇന്ത്യൻ അംബാസിഡർ ആക്കുകയും ചെയ്തു. ഇന്ത്യകണ്ട ഏറ്റവും നല്ല അംബാസിഡർ ആണ് കെ ആർ നാരായണൻ എന്ന് ഒരിക്കൽ ജവഹർലാൽ നെഹ്റു പറയുകയുണ്ടായി.

വൈസ് പ്രസിഡണ്ട് ആയിരുന്ന ഡോക്ടർ ശങ്കർ ദയാൽ ശർമ രാഷ്ട്രപതിയായി തെരഞ്ഞെടു ക്കപ്പെട്ടപ്പോൾ അന്ന് പ്രധാനമ ന്ത്രിയായിരുന്ന വി പി സിംഗ് കെ ആർ നാരായണനെ ആസ്ഥാന ത്തേക്ക് നിർദ്ദേശിച്ചു. ഇടതുപക്ഷ കക്ഷികളുടെ പൂർണ പിന്തുണ അദ്ദേഹത്തിനുണ്ടായിരുന്നു. പി.വി നരസിംഹറാവിന്റെയും

കോൺഗ്രസിന്റെയും പിന്തുണ കൂടി ലഭിച്ചതോടെ കെ ആർ നാരായണൻ എതിരില്ലാതെ ഉപരാഷ്ട്രപതിയായി തിരഞ്ഞെടുക്കപ്പെട്ടു. 1992 ബാബറി മസ്ജിദ് തകർക്കപ്പെട്ടത് മതേതര ഇന്ത്യക്ക് വലിയ ആഘാതമായിരുന്നു. ഗാന്ധിവധത്തിന് ശേഷം ഇന്ത്യ കണ്ട ഏറ്റവും വലിയ ദുരന്തം എന്നാണ് ഈ സംഭവത്തെ ഉപരാഷ്ട്രപതി കെ ആർ നാരായണൻ വിശേഷിപ്പിച്ചത്.

1997 ശങ്കർ ദയാൽ ശർമ്മ രാഷ്ട്രപതി സ്ഥാനത്തു നിന്നും വിരമിച്ചു. ഉപരാഷ്ട്രപതിയായിരുന്ന കെ ആർ നാരായണൻ രാഷ്ട്രപതി സ്ഥാനത്തേക്ക് മത്സരിച്ചു. പ്രമുഖ രാഷ്ട്രീയ പാർട്ടികൾ എല്ലാം അദ്ദേഹത്തെ പിന്തുണച്ചു. ടി എൻ ശേഷൻ ആയിരുന്നു എതിരാളി. 95 ശതമാനത്തിൽ കൂടുതൽ വോട്ടുകൾ നേടി ഇന്ത്യയുടെ പത്താമത് രാഷ്ട്രപതിയായി കെ.ആർ നാരായണൻ വിജയിച്ചു. ദളിത് വിഭാഗത്തിൽ നിന്ന് ഒരാൾ രാഷ്ട്രപതി ആകണമെന്ന മഹാത്മാഗാന്ധിയുടെ സ്വപ്നമാണ് ഇവിടെ നിറവേറപെട്ടത്. ചരിത്രം സൃഷ്ടിച്ച തീരുമാനങ്ങൾ ഭരണഘടനയ്ക്ക് അകത്തു നിന്നുകൊണ്ട് ജനാധിപത്യ മൂല്യങ്ങളെ പൂർണ്ണമായി സംരക്ഷിക്കാൻ രാഷ്ട്രപതി എന്ന നിലയിൽ കെ ആർ നാരായണന് കഴിഞ്ഞു. കീഴ്വഴക്കങ്ങളെ ലംഘിച്ചുകൊണ്ടാണ് പല തീരുമാനങ്ങളും എടുത്തത്. സാധാരണ രാഷ്ട്രപതിമാർ തെരഞ്ഞെടുപ്പുകളിൽ വോട്ട് ചെയ്യാറില്ല എന്നാൽ കെ ആർ നാരായണൻ 1988 പൊതു തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ എത്തിയത് പലരെയും അമ്പരപ്പിച്ചു. സ്വാതന്ത്ര്യത്തിന്റെ അമ്പതാം വാർഷികത്തിൽ രാത്രിയിൽ സമ്മേളിച്ച പാർലമെന്റിന് അഭിസംബോധന ചെയ്തുകൊണ്ട് ഭരണഘടനയുടെ അടിസ്ഥാന ശിലകളിൽ നിന്ന് വ്യതിചലിക്കുന്നതിനെതിരെ അതീവ ജാഗ്രത പുലർത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. പ്രവർത്തിക്കുന്ന പ്രസിഡണ്ട് ആയിരിക്കും താൻ എന്നു പറഞ്ഞ കെ ആർ നാരായണന്റെ പല തീരുമാനങ്ങളും

**1992 ബാബറി മസ്ജിദ് തകർക്കപ്പെട്ടത് മതേതര ഇന്ത്യക്ക് വലിയ ആഘാതമായിരുന്നു. ഗാന്ധിവധത്തിന് ശേഷം ഇന്ത്യ കണ്ട ഏറ്റവും വലിയ ദുരന്തം എന്നാണ് ഈ സംഭവത്തെ ഉപരാഷ്ട്രപതി കെ ആർ നാരായണൻ വിശേഷിപ്പിച്ചത്.**

ഭരിച്ചിരുന്ന ഗവൺമെന്റുകളെ പലപ്പോഴും വിഷമത്തിലാക്കി. ജനാധിപത്യത്തെ സംരക്ഷിക്കാനുള്ള കെ ആർ നാരായണന്റെ അസാധാരണ ധൈര്യവും നീതിബോധവും ലോക നേതാക്കളിൽ മതിപ്പുളവാക്കി. ആസ്ട്രേലിയൻ മിഷനറിയായിരുന്ന ഗ്രഹാം സ്റ്റെയിനിനെയും അദ്ദേഹത്തിന്റെ കുട്ടികളെയും മതഭ്രാന്തന്മാർ ചുട്ടുകൊന്നപ്പോൾ മതേതരത്വത്തിന് കരിനിഴൽ വീണതിൽ കെ ആർ നാരായണൻ ഏറെ ദുഃഖിതൻ ആയിരുന്നു. ഗുജറാത്തിൽ നടന്ന വർഗീയ കലാപം അദ്ദേഹത്തെ വേദനിപ്പിക്കുകയും പ്രസിഡണ്ട് എന്ന നിലയിൽ പട്ടാളത്തെ ഗുജറാത്തിലേക്ക് അയക്കാൻ ആവശ്യപ്പെടുകയും ചെയ്തു. പ്രസിഡന്റ് പദവിയിൽ ഇരുന്ന് അഞ്ചുവർഷവും ആരാധനാലയങ്ങളിലേക്കോ ആൾദൈവ സന്നിധിയിലേക്കോ അദ്ദേഹം പോയില്ല.

ഭരണഘടനയുടെ കാവലാളായും മതേതര മൂല്യങ്ങളുടെ സംരക്ഷകനായും ജനാധിപത്യ പോരാളിയായും പ്രസിഡണ്ട് പദവിയിൽ നിറഞ്ഞാടിയ കെ ആർ നാരായണൻ 2002 ജൂലൈ 25ന് രാഷ്ട്രപതി സ്ഥാനത്തുനിന്ന് വിരമിച്ചു. 2005 നവംബർ 9ന് അദ്ദേഹം അന്തരിച്ചു. •

**ഉന്നതി ദ്വൈമാസികയിലേക്ക് കുട്ടികളടക്കമുള്ള എഴുത്തുകാരിൽനിന്നും സൃഷ്ടികൾ ക്ഷണിക്കുന്നു.**
**കഥ, കവിത, ലേഖനങ്ങൾ എന്നിവയുടെ സോഫ്റ്റ്കോപ്പി**
**unnathimasika.cpo@gmail.com**
**എന്ന ഇമെയിലിലേക്ക് അയയ്ക്കുക.**
**സൃഷ്ടികളോടൊപ്പം എഴുത്തുകാരുടെ മേൽവിലാസവും ഫോട്ടോയും ചേർക്കേണ്ടതാണ്.**

**തപാൽ വിലാസം ചുവടെ കൊടുക്കുന്നു**

**എഡിറ്റർ, ഉന്നതി ദ്വൈമാസിക, ചീഫ് പബ്ലിസിറ്റി ഓഫീസ്, അയ്യങ്കാളി ഭവൻ, കനകനഗർ, കവടിയാർ പി.ഒ, വെള്ളയമ്പലം, തിരുവനന്തപുരം 695 003, ഫോൺ: 0471-2737213, 2737214, 8113904202**



എക്സ്പ്ലോറ 2023 കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ സന്ദർശിക്കുന്നു

# എക്സ്പ്ലോറ 2023

## ശാസ്ത്രത്തിനായി ഒരു ഉത്സവം

### സന്ദർശകരായി ആയിരത്തോളം കുട്ടികൾ

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള കട്ടേല ഡോ.അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഫെസ്റ്റിവൽ ഓഫ് സയൻസ് എക്സ്പ്ലോറ 2023 എന്ന പേരിൽ ശാസ്ത്രോത്സവം സംഘടിപ്പിച്ചു. സ്കൂളിലെ അഞ്ചു മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥിനികളുടെ 250ലധികം സയൻസ്സ്റ്റിൽ മോഡൽ, വർക്കിങ് മോഡൽ പ്രോജക്ടുകൾ എന്നിവ പ്രദർശിപ്പിക്കപ്പെട്ടു. ശാസ്ത്ര പ്രഭാഷണങ്ങളും മേളയുടെ ഭാഗമായി നടന്നു.

കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി കൗൺസിലിന്റെ സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോക്ടർ ഹരിനാരായണൻ പി മേള ഉദ്ഘാടനം ചെയ്തു. പട്ടികവർഗ വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ കൃഷ്ണ പ്രകാശ് ആശംസകൾ പറഞ്ഞു.

കഴക്കൂട്ടം എംഎൽഎ കടകംപള്ളി സുരേന്ദ്രൻ എക്സ്പ്ലോറ 2023 സന്ദർശിക്കുകയും കുട്ടികളുടെ ശാസ്ത്ര പരീക്ഷണങ്ങളും അറിവും കൗതുകങ്ങളും ചോദിച്ചറിയുകയും ചെയ്തു. ചാന്ദ്രദൗത്യങ്ങൾ, ലാൻഡർ, ചന്ദ്രയാൻ എന്നീ മോഡലുകൾ എക്സിബിഷന്റെ പ്രധാന ആകർഷണമായിരുന്നു. •

# പഠനമുറിക്ക് ഇപ്പോൾ അപേക്ഷിക്കാം

## അവസാന തീയതി: സെപ്റ്റംബർ 30

പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നിർമിച്ചു നൽകുന്ന പഠനമുറികൾക്ക് അപേക്ഷ ക്ഷണിച്ചു. സർക്കാർ, എയ്ഡഡ്, സ്പെഷൽ, സാങ്കേതിക, കേന്ദ്രീയ വിദ്യാലയങ്ങളിൽ 5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്നവർക്ക് അപേക്ഷിക്കാം. സെപ്തംബർ 30 ആണ് അവസാന തീയതി.

മുൻകാലങ്ങളിൽ എട്ടാം ക്ലാസ് മുതൽ നൽകി വന്നിരുന്ന പഠനമുറി പദ്ധതി വിപുലമാക്കിയ ശേഷമുള്ള ആദ്യ അവസരമാണിത്. 5000 പഠനമുറികൾ ഈ വർഷം നിർമിക്കും.

ഒരു ലക്ഷം രൂപ വരെ കുടുംബ വരുമാനമുള്ളവരും 800 ചതുരശയടിയിൽ താഴെ വിസ്തീർണ്ണമുള്ള വീടുകളിൽ താമസിക്കുന്നവരുമായ വിദ്യാർത്ഥികൾക്കാണ് അപേക്ഷിക്കാവുന്നത്. ഗ്രാമസഭ ലിസ്റ്റിൽ പേരില്ലാത്തവർക്കും അപേക്ഷിക്കാം. ബന്ധപ്പെട്ട ബ്ലോക്ക് , മുനിസിപ്പാലിറ്റി, കോർപറേഷൻ പട്ടികജാതി വികസന വകുപ്പ് ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷാ ഫോമും കൂടുതൽ വിവരങ്ങളും ഓഫീസിൽ ലഭിക്കും. •



60 വയസ്സ് മുതലുള്ള പട്ടികവർഗക്കാർക്കുള്ള ഓണസമ്മാനം
മുഖ്യമന്ത്രി പിണറായി വിജയൻ വിതരണം ചെയ്യുന്നു

# പട്ടിക വർഗക്കാർക്കുള്ള ഓണസമ്മാനം മുഖ്യമന്ത്രി വിതരണം ചെയ്തു

60 വയസ് മുതലുള്ള പട്ടിക വർഗക്കാർക്കുള്ള ഓണസമ്മാനം മുഖ്യമന്ത്രി പിണറായി വിജയൻ വിതരണം ചെയ്തു. മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന പരിപാടിയിൽ മന്ത്രി കെ രാധാകൃഷ്ണൻ അധ്യക്ഷനായി.

55,781 പേർക്കാണ് 1000 രൂപ വീതം സമ്മാനമായി വിതരണം ചെയ്യുന്നത്. വിതുര മണിതൂക്കി ഊരിലെ കുന്നും പുറത്ത് പരപ്പിയമ്മ, മാത്തി,കല്ലണയിലെ ഊരുമൂപ്പൻ രാജേന്ദ്രൻ കാണി എന്നിവർ മുഖ്യമന്ത്രിയിൽ നിന്ന് സമ്മാനം ഏറ്റുവാങ്ങി.

പട്ടികവർഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. എ ജയതിലക്, സ്പെഷ്യൽ സെക്രട്ടറി എൻ പ്രശാന്ത്, ജോയിന്റ് ഡയറക്ടർ മുരളി എം നായർ തുടങ്ങിയവർ പങ്കെടുത്തു. •




റാന്നിയിൽ പട്ടിക വർഗക്കാരായ 20 കുടുംബങ്ങൾക്ക് ഭൂമിയുടെ അവകാശ രേഖകൾ മന്ത്രി കെ. രാധാകൃഷ്ണൻ കൈമാറുന്നു. വനം മന്ത്രി എ കെ ശശീന്ദ്രൻ,എം എൽ എ പ്രമോദ് നാരായണൻ എന്നിവർ സമീപം



രാജേഷ് കെ. എരുമേലി

ലോകജനതയെ സ്വാധീനിക്കുകയും ജനാധിപത്യ-മതനിരപേക്ഷ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയും ചെയ്ത മികച്ച ചലച്ചിത്രങ്ങളെയും ചലച്ചിത്ര പ്രതിഭകളെയും പരിചയപ്പെടുത്തുന്ന പംക്തി

# ഋതുഭേദങ്ങളിലെ ജീവിതം

മനുഷ്യജീവിതത്തിന്റെ ആന്തരികബാഹ്യ തലങ്ങളെ ഋതുചക്രങ്ങളുടെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്ന സിനിമയാണ് കിം കിം ഡുക്ക് സംവിധാനം ചെയ്ത സ്പ്രിംഗ്,സമ്മർ, ഫാൾ, വിന്റർ... ആൻഡ് സ്പ്രിംഗ്. ഒരു തടാകവും അതിന്റെ പരിസരവുമാണ് സിനിമയുടെ പശ്ചാത്തലം. തടാകത്തിൽ പൊങ്ങിക്കിടക്കുന്ന ഒരു ബുദ്ധ വിഹാരമാണ് തുടക്കം മുതൽ ഒടുക്കം വരെ ഫ്രെയിമിൽ നിറയുന്നത്. കുട്ടിക്കാലം മുതൽ ജീവിതത്തിന്റെ അവസാനഘട്ടം വരെയുള്ള ഒരു ബുദ്ധ സന്യാസിയുടെ ജീവിതമാണ് ഈ സിനിമയിൽ ആവിഷ്കരിക്കുന്നത്. കാവ്യാനുഭൂതിയിലൂടെ പ്രേക്ഷകനെ സഞ്ചരിപ്പിക്കുന്ന ഷോട്ടുകളും പശ്ചാത്തല സംഗീതവും ലോക ക്ലാസിക് സിനിമകളുടെ നിരയിലേയ്ക്ക് സിനിമയെ ഉയർത്തിയിരിക്കുന്നു.

വൈവിധ്യമാർന്ന അഞ്ച് ഘട്ടങ്ങളിലൂടെയാണ് സിനിമ കടന്നുപോകുന്നത്. വസന്തം, വേനൽ, ശരത്കാലം, ശീതകാലം... പിന്നെ വസന്തവും. ഉയർന്നും താഴ്ന്നുമുള്ള മനുഷ്യ ജീവിത യാത്രയാണ് സിനിമ മുന്നോട്ടുവയ്ക്കുന്നത്. ഓരോ സീസണുകളും മാറുന്നതിന് അനുസരിച്ച് വിവിധ ഘട്ടങ്ങൾക്ക് ശീർഷകവും നൽകിയിരിക്കുന്നു.

ഓരോ ഘട്ടവും തുടക്കക്കാരനായ ബുദ്ധ സന്യാസിയുടെയും അവന്റെ മുതിർന്ന അധ്യാപകന്റെയും ജീവിതത്തെ അവതരിപ്പിക്കുന്നു. ഒരു ഘട്ടത്തിൽനിന്നും അടുത്തതിലേക്ക് ഇരുപതോ മുപ്പതോ വർഷങ്ങളുടെ ദൈർഘ്യമുണ്ട്. സീസണുകളുടെ സവിശേഷത അനുസരിച്ചാണ് ജീവിതത്തിന്റെ സന്ദിഗ്ധതകൾ ആവിഷ്കരിക്കുന്നത്. വളരെ പതുക്കെയുള്ള ക്യാമറയുടെ ചലനങ്ങൾ ഈ സിനിമയുടെ പ്രത്യേകതയാണ്. കാടും പുഴയുമെല്ലാം ചേരുന്ന ഇടത്ത് ചിത്രീകരിച്ചതുകൊണ്ട് അവിടുത്തെ സൂക്ഷ്മ ചലനങ്ങളും കാഴ്ചകളും പൂർണമായി ഫ്രെയിമിലാക്കാൻ സിനിമയ്ക്ക് സാധിച്ചു. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ ആഴം ഈ സിനിമ വ്യതിരിക്തമായി ആവിഷ്കരിക്കുന്നു.

ഡുക്കിന്റെ സിനിമകളിലധികവും വയലൻസിനും സെക്സിനും അമിത പ്രാധാന്യം നൽകുന്നതാണ്. വലിയ സന്ദേശത്തെ ആവിഷ്കരിക്കാനാണ് അദ്ദേഹം ഇത്തരം ചിത്രീകരണങ്ങൾ നടത്തുന്നത്. ബുദ്ധനിലേയ്ക്കുള്ള യാത്രയിലാണ് എല്ലാ സിനിമകളും അവസാനിക്കുന്നത്. ഈ ചിത്രം അക്രമത്തിന്റെ കാഴ്ചയെ അവതരിപ്പിക്കുന്നില്ല. ബുദ്ധമത

ചിഹ്നങ്ങളും പ്രതിരൂപങ്ങളുമാണ് നിശബ്ദ സാന്നിധ്യമായി സിനിമയിൽ കടന്നു വരുന്നത്. വനത്തിനുള്ളിലെ ശാന്തമായ തടാകത്തിൽ ഒഴുകി നടക്കുന്ന ഫ്ളോട്ടിംഗ് ആശ്രമത്തിലാണ് യജമാനനോടൊപ്പം ചെറുപ്പക്കാരനായ ബുദ്ധ സന്യാസി താമസിക്കുന്നത്. ഇവർ പ്രാർത്ഥനയും ധ്യാനവുമായാണ് ജീവിതം നയിക്കുന്നത്. രാവിലെ നടക്കാൻ പോകുന്നതും വ്യായാമം ചെയ്യുന്നതും തടാകത്തിന്റെ തീരത്താണ്. ഇവിടെനിന്നാണ് ഇവർ പച്ചമരുന്നുകൾ ശേഖരിക്കുന്നത്.



ഒരു ദിവസം, ചെറിയ കല്ല് ചരടിൽ കെട്ടി തോട്ടിലെ പാറക്കെട്ടുകൾക്കിടയിൽവെച്ച് ചെറുപ്പക്കാരൻ മത്സ്യത്തെ പീഡിപ്പിക്കുന്നു. നീന്താൻ പാടുപെടുന്ന അതിനെ കണ്ട് അവൻ ചിരിച്ചു. തവളയേയും പാമ്പിനേയും അതുതന്നെ ചെയ്യുന്നു. യജമാനൻ ഇതെല്ലാം കാണുന്നുണ്ടായിരുന്നു. അന്ന് രാത്രി അവൻ ഉറങ്ങുമ്പോൾ ഒരു വലിയ മിനുസമാർന്ന പാറ പുറത്ത് കെട്ടി. പീഡിപ്പിച്ച ജീവികളെ രക്ഷിക്കാൻ ആവശ്യപ്പെട്ടു. മുതുകിൽ കെട്ടിയ കല്ലുമായി അവൻ എത്തുമ്പോൾ തോടിന്റെ അടിയിൽ മത്സ്യം ചത്തു കിടക്കുന്നതായും തവള അതിനെ ഉപേക്ഷിച്ചിടത്ത് ജീവനോട് മല്ലിടുന്നതായും കണ്ടെത്തുന്നു. അങ്ങനെ ചെയ്തതിയൽ അവന് പ്രായശ്ചിത്തം ഉണ്ടാകുന്നു. മനുഷ്യൻ ചെയ്യുന്ന ക്രൂരതകൾ മറ്റ് ജീവജാലങ്ങളെ ബാധിക്കുന്നത് എങ്ങനെയെന്ന കാഴ്ചപ്പാട് അവതരിപ്പിക്കുകയാണ് ഈ രംഗത്തിലൂടെ. തുടർന്ന് കൗമാരപ്രായത്തിലെത്തുന്ന ബുദ്ധ സന്യാസിയായാണ് ചെറുപ്പക്കാരനെ അവതരിപ്പിക്കുന്നത്.

അടുത്ത ഘട്ടത്തിൽ വർഷങ്ങൾക്കുശേഷം, ചെറുപ്പക്കാരനായിരുന്ന ബുദ്ധ സന്യാസി പ്രായമാകുന്നതും അയാളുടെ മരണവുമാണ് ചിത്രീകരിക്കുന്നത്. തന്റെ സുഹൃത്തായ സ്ത്രീയുടെ ഭർത്താവായ അപ്രന്റീസ് ബുദ്ധ സന്യാസിയെ കൊലപ്പെടുത്തുന്നു. തുടർന്ന് അപ്രന്റീസിനെ അറസ്റ്റു ചെയ്യാൻ രണ്ട് ഡിറ്റക്ടീവുകൾ ആശ്രമത്തിലെത്തുന്നു, എന്നാൽ തന്റെ ചുമതല പൂർത്തിയാക്കാൻ അടുത്ത ദിവസം വരെ അവനെ അനുവദിക്കാൻ യജമാനൻ അവരോട് ആവശ്യപ്പെടുന്നു. യജമാനന്റെ ശാന്തമായ സാന്നിധ്യത്താൽ സ്വാധീനിക്കപ്പെട്ട അവരുടെ ഹൃദയങ്ങൾ ശാന്തമാകുന്നു

ശീതകാലമെത്തുമ്പൊൾ മധ്യവയസ്കനായ അപ്രന്റീസ് തണുത്തുറഞ്ഞ തടാകത്തിലേക്കും വർഷങ്ങളായി ജനവാസമില്ലാതെ ഒഴുകിപ്പോയ പഴയ വീട്ടിലേക്കും മടങ്ങുന്നു. ഓരോ ഘട്ടത്തിലും ഓരോ ജീവികളും ഫ്രെയ്മിലുണ്ട്. വസന്തമെത്തുമ്പോൾ ഉപേക്ഷിക്കപ്പെട്ട കുഞ്ഞിനൊപ്പം പുതിയ യജമാനൻ ആശ്രമത്തിൽ താമസിക്കുന്നു. സ്ത്രീ ജീവിതത്തിന്റെ പ്രതിരോധങ്ങളും ഈ സിനിമയുടെ സവിശേഷതയാണ്. ഒടുവിൽ പർവതത്തിന്റെ മുകളിലുള്ള ബുദ്ധ പ്രതിമ തടാകത്തിന് മുകളിലൂടെ താഴേക്ക് നോക്കുന്ന തോടെയാണ് ചിത്രം അവസാനിക്കുന്നത്. ബുദ്ധൻ ഡുക്ക് സിനിമകളിലെ സജീവ സാന്നിധ്യമാണ്. ബുദ്ധ തത്വചിന്തയുടെ നിരവധി സിംമ്പലുകൾ സ്പ്രിംഗ്, സമ്മർ, ഫാൾ, വിന്റർ... ആൻഡ് സ്പ്രിംഗ് എന്ന സിനിമയുടെ ഭാഗമാണ്.

മനുഷ്യജീവിതത്തിന്റെ താളവും ലയവും തീഷ്ണതയുമെല്ലാം വ്യത്യസ്ത ഋതുക്കളുടെ പശ്ചാത്തലത്തിൽ ആവിഷ്കരിക്കുകയാണ് ഈ സിനിമ. ഡുക്ക് ആവിഷ്കരിക്കുന്ന മൗലികതയാണ് അദ്ദേഹത്തിന് ലോകത്ത് ഇത്രമാത്രം ആരാധകരെ സൃഷ്ടിച്ചത്. •



സൈക്ലിങ് താരമായ കിരൺ കൃഷ്ണന് വിദേശ നിർമ്മിത സൈക്കിൾ വാങ്ങാനുള്ള തുക (2,64,547) മന്ത്രി കെ. രാധാകൃഷ്ണൻ കൈമാറുന്നു. അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. എ. ജയതിലകും കിരണിന്റെ മാതാപിതാക്കളും സമീപം

# കിരണിന്റെ കുതിപ്പുകൾക്ക് കരുത്തേകാൻ സർക്കാർ ധനസഹായം

സൈക്ലിങ് താരമായ കിരൺ കൃഷ്ണന്റെ കുതിപ്പുകൾക്ക് കരുത്തേകാൻ വിദേശ നിർമ്മിത സൈക്കിൾ വാങ്ങാൻ തുക അനുവദിച്ചു. ഈ വർഷത്തെ മൽസരത്തിന് മുന്നോടിയായി ഊട്ടിയിൽ പരിശീലനം നടത്തുന്നതിനിടെയാണ് ഉത്തരവ് വാങ്ങാൻ കിരൺ എത്തിയത്. മാതാപിതാക്കളായ കൃഷ്ണൻ കുട്ടിയും കവിതയും ഒപ്പമെത്തിയിരുന്നു.

അമേരിക്കൻ കമ്പനിയായ ഡൊളാൻ ലേറ്റെപ്പിന്റെ കാർബൺ ഫ്രെയിം സൈക്കിൾ വാങ്ങാനാണ് പട്ടികജാതി വികസന വകുപ്പിൽ നിന്നും 2, 64,547 രൂപ അനുവദിച്ചത്.

2014 ൽ ഒൻപതിൽ പഠിക്കുമ്പോൾ കൊല്ലം ജില്ലാ ചാമ്പ്യനായ കിരണാണ് തുടർന്നിങ്ങോട്ട് എല്ലാ വർഷവും ജേതാവ്. ഫാത്തിമ മാതാ കോളേജിൽ പഠിക്കുമ്പോൾ എൻ സി സി യുടെ സഹായം പരിശീലനത്തിന് ലഭിച്ചിരുന്നു. കോളേജ് പഠനം കഴിഞ്ഞതോടെ NCC നൽകിയ സൈക്കിൾ തിരികെ വാങ്ങി. ഇതോടെയാണ് സൈക്കിളിന് അപേക്ഷ നൽകിയത്. അടുത്ത സംസ്ഥാന ചാമ്പ്യൻഷിപ്പിനുള്ള കഠിന പരിശീലനത്തിലാണ് കിരൺ. 30 കിലോമീറ്റർ സ്ക്രാച്ച് റേസാണ് ഇഷ്ട ഇനം. കൂടുതൽ നേട്ടങ്ങളിലേക്ക് കുതിക്കാൻ സർക്കാരിന്റെ കരുതലും പ്രോത്സാഹനവും കിരണിനെ സഹായിക്കും. ●



ചേലക്കര എം. ആർ. എസ് ഹയർ സെക്കന്ററി കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ ഉദ്ഘാടനം മന്ത്രി കെ രാധാകൃഷ്ണൻ നിർവ്വഹിക്കുന്നു.

കവിത



# ഒസ്ക്കത്ത്

**അനീഷ് ഹാറൂൺ റഷീദ്**

നന്നിമ്മൂട്ടിൽ വേനലവധിക്ക്
നിക്കാൻ വന്ന പേരക്കുട്ടി
ജാഫർഷയോട്
മൂന്തിയായപ്പോൾ
*നന്നിമ്മ പറഞ്ഞു:
ഒസ്ക്കത്തിൽ
*ബിസ്ക്കത്തുണ്ട്,
എടുത്ത് സാപ്പിട്ടുക്കോ.'

നഗരവാസിയായ
ജാഫർഷാ
ഒസ്ക്കത്തെന്തെന്നറിയാതെ
സ്തംഭിച്ചു നിന്നു.

നന്നിമ്മ ജാഫർഷയ്ക്ക്
ബിസ്ക്കത്ത് എടുത്തു
കൊടുത്തു.

അത്രേം മധുരമുള്ള
ബിസ്ക്കത്ത് കടശ്ശി
പേരക്കുട്ടിക്കല്ലാതെ
നന്നിമ്മ ആർക്കും
കൊടുത്തട്ടില്ല.

കുത്തരസി കൊണ്ട്
ചോറ് വയ്ക്കുന്നതും
*ആട്ടുക്കരി വറക്കുന്നതും
ജാഫർഷ വരുമ്പോൾ
മാത്രമായിരുന്നു.

ഇടവഴിയിലൂടെ
കശാപ്പ് കഴിഞ്ഞ്
*നന്നത്ത വരുന്നേരം
നന്നിമ്മ നോക്കിയിരിക്കും;
നന്നത്ത കൊണ്ടുവന്ന
മസാലദോശ ജാഫർഷയ്ക്ക്
വാരിക്കൊടുക്കും.

വേനലവധി കഴിഞ്ഞ്
നന്നത്ത ജാഫർഷയെ
തിരികെ കൊണ്ടാക്കുന്നേരം
നന്നിമ്മ *വാസപ്പടിയിൽ
നിന്ന് കരയും.

നന്നിമ്മ പോച്ച്,
നന്നത്ത പോച്ച്,
ജാഫർഷയുടെ മുടികൾ
നെരച്ചു,

ജാഫർഷയുടെ കണ്ണടകൾ
കനം വച്ചു,
ചാലക്കുടി നഗരമായി,
തൃശ്ശൂർ മഹാനഗരമായി....
ജാഫർഷയിപ്പോഴും
ഒസ്ക്കത്തിനെക്കുറിച്ചോർത്ത്
അന്തം വിടാറുണ്ട്!

നന്നിമ്മൂട്ടിലെ പുരാതനവും
നിഗൂഢവുമായ ഒസ്ക്കത്തിപ്പോഴും
അജ്ഞാതമായി തുടരുന്നു....

വട്ടക്കാട് ജാറത്തിലെ
ചന്ദനക്കുടത്ത്ക്ക്
പേരമക്കൾക്കെല്ലാം
ചെമ്പ് നാണയങ്ങളുമായി
നന്നിമ്മ വന്നു,
ഒസ്ക്കത്തിനെക്കുറിച്ച്
ചോദിച്ചപ്പോൾ  നന്നിമ്മ
ചിരിച്ചു!

* നന്നിമ്മ അമ്മൂമ്മ
* ആട്ടുക്കരി ആട്ടിറച്ചി
* നന്നത്ത അപ്പൂപ്പൻ
* വാസപ്പടി  വാതിൽപ്പടി
* ബിസ്ക്കത്ത്  ബിസ്ക്കറ്റ്

# പത്താൻകോട്ടിലെ തണുത്ത കാറ്റും പകലിരവുകളും



രാധാകൃഷ്ണൻ ചെറുവല്ലി

**പത്താൻകോട്ടിലെ വ്യോമത്താവളത്തിനുചുറ്റും റോന്തു ചുറ്റിയ ഒരു യുദ്ധവിമാനം നമുക്കുവേണ്ടി ശ്രദ്ധാലുവാകുന്നു.ഏതാനും മിലിട്ടറി ട്രക്കുകൾ പഴക്കാരൻതെരുവിലൂടെ ഒന്നിനുപുറകെ ഒന്നായി പോയപ്പോൾ ഒരിക്കൽക്കൂടി ഓർത്തു ഞങ്ങൾ അതിർത്തിപ്രദേശത്താണ്.**



പ്രാതൽ കഴിച്ചെന്നുവരുത്തി ജലന്ധറിൽ നിന്നും പത്താൻകോട്ടിലേക്കുള്ള ബസ്സ്  പിടിച്ചു.നാനൂറിലേറെ കിലോമീറ്റർ ദൂരമുണ്ട്.

സൈന്ധവനാഗരികതയുടെ തിരുശേഷിപ്പുകൾ പേറുന്ന പ്രദേശമാണത്. അതിരുകളില്ലായിരുന്ന ഭൂമിയിൽ ശാദ്വലപ്രദേശങ്ങൾ തേടി ഇടയ സമൂഹങ്ങളും സാർത്ഥവാഹകസംഘങ്ങളും അഫ്ഗാൻ പ്രദേശങ്ങൾ പിന്നിട്ട് ഹിന്ദുക്കുഷ് പർവ്വതനിരകൾ പിന്നിട്ട് വന്നുപോയ കാലത്ത് വഴിയമ്പലങ്ങളും വഴിത്തണലും ഒരുക്കി സാംസ്കാരിക സമന്വയത്തിന്റെ ഈറ്റില്ലങ്ങളൊരുക്കിയ ഭൂമിക. ഹിമാചലത്തിലെ കങ്ഡ്ഡാ താഴ്വര, ഡൽഹൗസി, ചമ്പാ താഴ്വര ധർമ്മശാല  ജമ്മു, പകിസ്ഥാന്റെ നാരോവാൾ ജില്ല എന്നീ പ്രദേശങ്ങളുമായി തൊട്ടുകിടക്കുന്ന പഞ്ചാബ് ജില്ലയാണ് പത്താൻകോട്ട്.

ബസ്സ് ചീറിപ്പായുമ്പോൾ പേടിച്ചരണ്ട തണുപ്പ് ബസ്സ്ജാലകത്തിലെ അജ്ഞാത സുഷിരങ്ങൾ വഴി കാർപ്പറ്റ് ബോംബിങ്ങ് നടത്തിക്കൊണ്ടിരുന്നു.കണ്ണാടി ജാലകത്തിനപ്പുറം പാടങ്ങളാണ്.കോതമ്പും കടുകും ചക്രവാളം തൊട്ടു ചക്രവാളം വരെ.ഒരു പ്രമുഖ മലയാ പത്രം ചെയ്ത കൊലച്ചതി!പഞ്ചാബിലിപ്പോൾ ഗോതമ്പ് കൊയ്ത്തുകാലമാണെന്നും സ്വർണ്ണവർണ്ണാഞ്ചിതമാണെന്നുമൊക്കെ ആ പ്രമുഖ പത്രം തള്ളിയിരുന്നു.ആ പത്രത്തിന്റെ തലവരപോല ഈ വാർത്തയും വ്യാജമായിരുന്നു.പഞ്ചാബിലെവിടെയും ഗോതമ്പ് വിളഞ്ഞ പാടങ്ങളില്ല.

കതിരിട്ട ഹരിതാഭയാണുള്ളത്.എങ്കിലും അതൊരു കാഴ്ചതന്നെയാണ്. അന്തമറ്റ കോതമ്പുപാടത്തിനപ്പുറം മഞ്ഞുപുതച്ച ഹിമാലയത്തിന്റെ ദൃശ്യങ്ങൾ പെരുകി.

കാശ്മീരാണത്രെ!അമ്പോ ,വന്നുവന്ന് ഇങ്ങ് ഹിമാലയം വരെ എത്തിയോ?

അടക്കാനാവാത്ത കൗതുകത്തോടെ പുറം കാഴ്ചയിൽ മുഴുകി.പ്രധാന ഹൈവേ ഒഴികെ മറ്റ്



റോഡുകളും പട്ടണങ്ങളും അവികസിതവും മാലിന്യപൂരിതവുമാണ് പഞ്ചാബ് .കാർഷിക പ്രതിസന്ധി സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയവുമായ പ്രതിസന്ധി സൃഷ്ടിക്കുന്നതിന്റെ അടയാളങ്ങൾ പഞ്ചാബിലെമ്പാടും കണ്ടു.ഇതാ പത്താൻകോട്ട് നഗരം എത്തുന്നു. എങ്ങും സൈനികരും അവരുടെ കേന്ദ്രങ്ങളും താവളങ്ങളുമാണ്. പത്താൻകോട്ട് കണ്ടോൺമെന്റ്. സാമാന്യം വൃത്തിയുള്ള ബസ്സാന്റിൽ ഞങ്ങൾ ഭാണ്ഡമിറക്കി. ഹോട്ടൽ മുൻകൂട്ടി ബുക്ക് ചെയ്തിരുന്നു.ഹോട്ടൽ സായ്. എണ്ണൂറ് രൂപ പ്രതിദിന വാടക. ബുക്കിങ്ങ് ഡോട്ട് കോം. വഴിയാണ് ബുക്കിങ്ങ്. ഓട്ടം പ്രതീക്ഷിച്ചെത്തിയ ഓട്ടോക്കാരൻ ബസ്സാന്റിനടുത്തു തന്നെയുള്ള സായ് ഹോട്ടൽ കാട്ടിത്തന്നു.കറങ്ങിപ്പോകണമത്രെ. അമ്പതുരൂപ പറഞ്ഞുറപ്പിച്ച് സായ് ഹോട്ടൽ ലക്ഷ്യമാക്കി ഞങ്ങൾ പുറപ്പെട്ടു. ഒരു പുരാതന നഗരമാണ് പത്താൻകോട്ട്. നിരവധി ഭരണങ്ങൾ മാറിമറിഞ്ഞു.സംസ്കൃതികൾ ഇടകലർന്നു. മധ്യകാലഘട്ടത്തിൽ അഫ്ഗാൻ വാണിരുന്ന പത്താൻ വംശജർ തങ്ങളുടെ രാജ്യവിസ്തൃതി പഴയ നൂപൂർ രാജ്യംവരെ വ്യാപിപ്പിച്ചു. അവർ വന്നുപാർത്ത സ്ഥലം പിൽക്കാലത്ത് പത്താൻകോട്ട് എന്ന് അറിയപ്പെട്ടു.ഇന്ന് അത് ഒരു മുൻസിപ്പൽ പ്രദേശമാണ്.

**അടയാളപ്പെടുത്തപ്പെട്ട സംഭവങ്ങൾ**

1968 സെപ്തംബർ 19

പത്താൻകോട്ട് എന്ന പേര് സുപരിചിതമാവുന്നത് എങ്ങിനെ? തൊഴിലാളി സംഘടനാ പ്രവർത്തനം തുടങ്ങിയ കാലംമുതൽ കാതിൽ വന്നലച്ച ഒരു മുദ്രാവാക്യമുണ്ട്.

ബിക്കാനീറിൽ പത്താൻകോട്ടിൽ അങ്ങുദില്ലിയിൽ ഇന്ദ്രപ്രസ്ഥയിൽ ഞങ്ങൾക്കായി മരിച്ചവരേ....

1968 സെപ്തംബർ 19 ൽ ജോയിന്റ് ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ റയിൽവെ,പ്രതിരോധം,കമ്പിത്തപാൽ തുടങ്ങിയ തന്ത്രപ്രധാന മേഖലകളിലെ ഉൾപ്പെടെയുള്ള കേന്ദ്രസർക്കാർ ജീവനക്കാർ അവശ്യാധിഷ്ഠിത മിനിമം വേതനം തുടങ്ങി ഏഴ് ആവശ്യങ്ങൾക്കുവേണ്ടി ഏകദിന പണിമുടക്കം നടത്തി. സർക്കാർ എസ്മ പ്രയോഗിച്ചു. അർദ്ധ സൈനികരെ ഇറക്കി.പല സ്ഥലങ്ങളിൽ വെടിവയ്പും ലാത്തി ച്ചാർജ്ജുമുണ്ടായി. പത്താൻകോട്ട്, ബിക്കാനീർ, ഇന്ദ്രപ്രസ്ഥ, അസം എന്നിവിടങ്ങളിലായി 17 പേർ രക്തസാക്ഷികളായി.പത്താൻകോട്ടിലെറയിൽവെ തൊഴിലാളികൾ ഉശിരൻ ചെറുത്തുനില്പ് നടത്തി.പൊലീസ് വെടിവയ്പിൽ നാലു റയിൽവെ തൊഴിലാളികളും ഒരു തൊഴിലാളിയുടെ മകനും രക്തസാക്ഷികളായി. 40,000 പേർ സസ്പെൻഷനിലായി 64,000 പേർക്ക് പിരിച്ചുവിടൽ നോട്ടീസ് ലഭിച്ചു.12,000 പേരെ ജയിലിലടച്ചു.1978 വന്ന ജനതാ സർക്കാരാണ് ശിക്ഷണ നടപടികൾ പിൻവലിച്ചത്.അവശ്യാധിഷ്ഠിത മിനിമം വതനം ലേബർ കോൺഫറൻസിൽ തത്വത്തിൽ അംഗീകരിക്കപ്പെട്ടിട്ടും നാളിതുവരെ നടപ്പാക്കാൻ കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല എന്ന വസ്തുത അവശേഷിക്കുന്നു.

2016 ജനവരി 2

പത്താൻകോട്ട് എയർ ബേസിലെ ഭീകരാക്രമണം.

2016 ലെ ജനവരി ഒന്ന് പുലർച്ചെ 3.30

കുളിരണിരാത്രികളുടെ സുഖാലസ്യത്തിലേക്ക് മനുഷ്യർ പുതച്ചുചുരുളുന്ന നേരം.

പത്താൻകോട്ടിനെ പൊതിഞ്ഞുനിന്ന മഞ്ഞുമറപറ്റി ഇന്ത്യൻ പട്ടാളത്തിന്റെ വേഷം ധരിച്ചെത്തിയ ആറു ഭീകരർ എയർബേസിൽ കടന്നുകയറി.സെർച്ചുലൈറ്റുകൾ അന്ന് പ്രവർത്തനരഹിതമായിരുന്നത്രെ!

വലിയതോതിലെ സ്ഫോടക വസ്തുക്കൾ അവർ കടത്തി.എയർ ഫോഴ്സ് വിമാനത്തിന്റെ 700 മീറ്റർ അടുത്തുവരെ അവർ എത്തി. അവിടെവച്ച് ഗാർഡ് കമൻഡോകൾ തടഞ്ഞു.ശക്തമായ വെടിവ

**പത്താൻകോട്ടിലെ റയിൽവെ തൊഴിലാളികൾ ഉശിരൻ ചെറുത്തുനില്പ് നടത്തി. പൊലീസ് വെടിവയ്പിൽ നാലു റയിൽവെ തൊഴിലാളികളും ഒരു തൊഴിലാളിയുടെ മകനും രക്തസാക്ഷികളായി. 40,000 പേർ സസ്പെൻഷനിലായി 64,000 പേർക്ക് പിരിച്ചുവിടൽ നോട്ടീസ് ലഭിച്ചു.12,000 പേരെ ജയിലിലടച്ചു. 1978 വന്ന ജനതാ സർക്കാരാണ് ശിക്ഷണ നടപടികൾ പിൻവലിച്ചത്.**

യ്യ്പിൽ രണ്ടു സുരക്ഷാ ഭടന്മാർ തൽക്ഷണം കൊല്ലപ്പെട്ടു. മറ്റൊരാൾ പിന്നീട് ആശുപത്രിയിലും.

വെടിയൊച്ചകൾ എയർബേസിന്റെ പല ഭാഗങ്ങളിൽ നിന്നും മുഴങ്ങിക്കൊണ്ടിരുന്നു.

ദേശീയപാത44 അടച്ചിട്ട് സൈന്യം തിരിച്ചടിക്ക് ആക്കം കൂട്ടി.അതിർത്തിയിലൂടെ ഒഴുകുന്ന ബിയാസ് നദി കടന്ന് ഡിസംബർ 31നു തന്നെ ഭീകരർ പത്താൻകോട്ട് എത്തിയിരിക്കണം.ജനു.4വരെ കോമ്പിങ്ങ് ഓപ്പറേഷൻ നീണ്ടു. 5 ഭീകരരെ കൊന്നു.ഒരാളെ പിടികൂടി.

7 സുരക്ഷാ ഭടന്മാരും ഒരു സിവിലിയനും കൊല്ലപ്പെട്ടു.

അതിർത്തിക്കപ്പുറത്തുനിന്നും നിയന്ത്രിക്കപ്പെടുന്ന യണൈറ്റഡ് ജിഹാദ് കൗൺസിൽ,ജെയ്ഷ് ഈ മൊഹമ്മദ് എന്നീ ഭീകര സംഘടനകളാണ് ആക്രമണത്തിൽ പങ്കെടുത്തതെന്നു കരുതുന്നു.അപ്പോൾ നടന്നുവന്ന ഇന്തോ പാക് സമാധാനചർച്ചകൾ തകർക്കാനാവണം ഭീകര സംഘടനകൾ ഈ ദിവസം തെരഞ്ഞെടുത്തത്.തങ്ങൾ പോലും ഭീകരവാദത്തിന്റെ ഇരകളാണെന്നും ആക്രമണത്തിൽ പങ്കില്ലെന്നും പാകിസ്ഥാൻ പ്രതികരിച്ചു.

അതീവ സുരക്ഷാ കേന്ദ്രങ്ങൾ പോലും സുരക്ഷമല്ലെന്ന് ആവർത്തിച്ചുള്ള ഭീകരാക്രമങ്ങൾ തെളിയിക്കുന്നു .

പത്താൻ കോട്ടുനിന്നും മധോപ്പൂർ റോഡിലൂടെ പതിനെട്ടു കിലോമീറ്റർ സഞ്ചരിച്ചാൽ ഇന്തോ പാക് ബോർഡറിനടുത്ത ഷാപൂർ ഗ്രാമത്തിലെത്താം.

അവിടെയാണ് ഷാപൂർ കണ്ടി ദുർഗം. ശിവാലിക് കുന്നുകളുടെ താഴ്വാരത്ത് രവി നദിയുടെ ഇടതുകരയിൽ 1505ൽ പത്താൻ രാജാവ് ജസ്പാൽ സിങ്ങ് നിർമ്മിച്ചതാണീ കോട്ട.1905 ലെ ഭൂമികുലുക്കത്തിൽ തകർന്ന കോട്ടയുടെ അവശിഷ്ടങ്ങൾ ബാക്കിയാണ്.

മേധാപ്പൂർ റോഡിലേക്ക് വന്നുചേരുന്ന ചവിട്ടുവഴികളും മുൾച്ചെടികളും ചിതൽപ്പുറ്റുകളും ചേർന്നൊരുക്കുന്ന വിജന വന്യസൗന്ദര്യവും ഭീതിജകമാണ്. ദുർഗത്തിനരികിൽ ഞങ്ങളെ ഇറക്കി ടാക്സി തിരിക്കാൻ സൗകര്യത്തിനായി അടുത്തുള്ള ആൽമരത്തണലിലേക്ക് ഓടിച്ചുപോയി.

ഇയാൾ ഞങ്ങളെ ഉപേക്ഷിച്ച് പോകയാണോയെന്ന് ഭയപ്പെട്ടവാറെ അയാൾ വണ്ടിനിർത്തി പുറത്തിറങ്ങി കൈവീശി.

അപ്പോൾ ഒരുപറ്റം കൊറ്റികൾ രവി നദീതീരം ലക്ഷ്യമാക്കി പറന്നുപോയി.

ഞങ്ങൾ ഭൂമികുലുക്കത്തിൽ തകർന്ന് ഭീതിതയായ ദുർഗത്തിനുള്ളിൽ കടന്നു.

ഒരുപറ്റം നരച്ചീറുകൾ പ്രതിഷേധിച്ച് പുറത്തേക്കു പറന്നു.എതിർ ദിശകളിലായി അലങ്കരിച്ച ദേവതകളും ചായംപൂശി വൃത്തിവരുത്തിയ ക്ഷത്രസമുച്ചയങ്ങളും കണ്ടു. ദുർഗം രവി നദിയിലേക്കു നീണ്ടുപോകുന്നു.രവി സ്വഛന്ദമായി ഒഴുകുന്നു. നദിയിൽനിന്നാവാം,തണുത്തൊരു വായുപ്രവാഹമുണ്ടായി. അപ്പോൾ ആൽമരത്തിൽ നിന്നും പഴുത്തിലകൾ കൊഴിഞ്ഞു. പൂജാരിയോ ഭക്തജനങ്ങളോ അവിടെ ഉണ്ടായിരുന്നില്ല.

ബോറഡിച്ച ദേവതകൾ കോട്ടവായിടുന്നത് ഞാൻ സങ്കല്പിച്ചു. ഒരിക്കൽ അധികാരത്തിന്റെ കൊമ്പുകുഴൽ വാദ്യങ്ങളും നൂപുരധ്വനികളും മുഴങ്ങിയ ഈസ്ഥലത്ത് ഇന്ന് വിജനത ഭരിക്കുന്നു. വാണകാലം തരിശ്.

രാത്രിയാണ് സത്രത്തിൽ മടങ്ങിയെത്തിയത്.അടുക്കളയിൽ സാവാള മൊരിയുന്നതിന്റെ മണം പെരുകി.

ഭക്ഷണം തരപ്പെടുമോ എന്നു ചോദിച്ചവാറെ അവരുടെ ചപ്പാത്തിപ്പലകൾ സജീവമായി. വണ്ണപുരട്ടിയ റോട്ടികൾ പൊന്തിത്താണു. വെന്തുവിരിഞ്ഞ ഉരുളക്കിഴങ്ങുകളും പച്ചമുളകുകളും കക്ഷണങ്ങളായി ചീനച്ചട്ടിയിൽ വീണു. പഞ്ചാബിന്റെ രുചിപ്പെരുമയിൽ ആ രാത്രി ധന്യമായി. ഭക്ഷണം കഴിഞ്ഞ് നടന്നിറങ്ങിയത് പഴങ്ങളുടെ തെരുവിലേക്കാണ്.പഴങ്ങൾക്കിടയിൽ നിന്നും പരിചിതരെ മാറ്റിനിർത്തിയിട്ടും അപരിചിതരാണേറെയും.ഫലരുചികൾ നുകർന്ന് പത്താൻകോട്ടിലെ രാക്കുളിരേറ്റ് പരസ്പരം ചേർന്ന് ഞങ്ങൾ നടന്നു.

കാൽ നൂറ്റാണ്ടുകളുടെ വിഴിപ്പുകളിറക്കി സ്വതന്ത്രരായപോലെ.

പത്താൻകോട്ടിലെ വ്യോമത്താവളത്തിനുചുറ്റും റോന്തു ചുറ്റിയ ഒരു യുദ്ധവിമാനം നമുക്കുവേണ്ടി ശ്രദ്ധാലുവാകുന്നു.ഏതാനും മിലിട്ടറി ട്രക്കുകൾ പഴക്കാരൻതെരുവിലൂടെ ഒന്നിനുപുറകെ ഒന്നായി പോയപ്പോൾ ഒരിക്കൽക്കൂടി ഓർത്തു ഞങ്ങൾ അതിർത്തിപ്രദേശത്താണ്. •

(തുടരും)



ഹരിത വരുമാന പദ്ധതിയുടെ സ്വിച്ചോൺ കർമ്മം ചേലക്കരയിൽ
വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി നിർവ്വഹിക്കുന്നു

# ഹരിത വരുമാന പദ്ധതി പൂർത്തീകരിച്ചു

## നിരവധി കുടുബങ്ങൾക്ക് സൗജന്യ വൈദ്യുതിയും അധിക വരുമാനവും

തൃശൂർ: പട്ടികജാതി വികസന വകുപ്പിന്റെ 2022-23 വാർഷിക പദ്ധതയിൽ ഉൾപ്പെടുത്തി അനെർട്ട് മുഖേന നടപ്പിലാക്കിയ ഹരിത വരുമാന പദ്ധതിയുടെ സംസ്ഥാന തല പൂർത്തീകരണ പ്രഖ്യാപനം ചേലക്കരയിൽ വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻ കുട്ടി നിർവ്വഹിച്ചു.


സൗരോർജ്ജ പദ്ധതികൾ പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി കുടുംബങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിന്റെ ഭാഗമായി പട്ടികജാതി വികസന വകുപ്പ് അനെർട്ടിന്റെ സഹകരണത്തോടെയാണ് ഹരിത വരുമാന പദ്ധതി നടപ്പിലാക്കിയത്. മന്ത്രി കെ രാധാകൃഷ്ണൻ അധ്യക്ഷനായി.

4, 13, 29, 389 രൂപ വകയിരുത്തിയാണ് ഈ പദ്ധതി അനർട്ട് വഴി നടപ്പാക്കിയത്. എല്ലായിടത്തും 1 കിലോവാട്ട് പദ്ധതി നടപ്പിലാക്കുമ്പോൾ പട്ടികജാതി വികസന വകുപ്പ് അനർട്ടിലൂടെ നടപ്പാക്കുന്ന പദ്ധതിക്ക് 3 കിലോവാട്ട് ശേഷിയുണ്ട്.

പദ്ധതി സ്ഥാപിക്കുന്നതു വഴി കുടുംബങ്ങൾക്ക് സൗജന്യ വൈദ്യുതിയും അധികവരുമാനവും ലഭ്യമാകുന്നു.

പദ്ധതിക്ക് വേണ്ടി ഗുണഭോക്തൃ വിഹിതമായി തുകയൊന്നും അടക്കേണ്ടതില്ല. പദ്ധതിയുടെ ഭാഗമായി മൂന്ന് കിലോവാട്ട് പവർപ്ലാന്റ് സ്ഥാപിക്കുന്നതിനായി ഒരു വീടിന് കേന്ദ്ര സർക്കാർ 57,382/ രൂപ സബ്സിഡിയായി നല്കുമ്പോൾ സംസ്ഥാന സർക്കാർ 1,33,117/ രൂപയാണ് ഒരു വീടിനായി ചെലവഴിക്കുന്നത്. ഒരു വീട്ടിനുള്ള ആകെ പദ്ധതി ചെലവ് 1,90,500/ രൂപ ആണ്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് പട്ടിക ജാതി വികസന വകുപ്പാണ്.

പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, ആലപ്പുഴ, തൃശൂർ ജില്ലകളിലായി 305 പട്ടികജാതി ഭവനങ്ങളിൽ 3 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ സംവിധാനങ്ങൾ സ്ഥാപിച്ചു കഴിഞ്ഞു. ചേലക്കര നിയോജക മണ്ഡലത്തിലെ രാമൻ കണ്ടത്ത്, കുറ്റിക്കാട്, ഏഴരക്കുന്ന്, അടാട്ട് കുന്ന് തുടങ്ങി എട്ട് കോളനികളിൽ നിന്നായി 42 കുടുംബങ്ങൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. •




ജീവിതത്തിൽ ഒരിക്കലെങ്കിലും വായിച്ചിരിക്കേണ്ടതും സമൂഹത്തെ സ്വാധീനിച്ചതുമായ പുസ്തകങ്ങളെ പരിചയപ്പെടുത്തുന്ന പംക്തി



ഡോ. ഒ.കെ.സന്തോഷ്

# ദാക്ഷയാണി വേലായുധൻ: വീണ്ടെടുക്കപ്പെട്ട ചരിത്രം

കേരളത്തിന്റെ സാമൂഹിക – രാഷ്ട്രീയ ചരിത്രത്തിൽ നിർണ്ണായകമായ പദവികൾ വഹിച്ച സ്ത്രീകൾ നിരവധിയുണ്ടെങ്കിലും രേഖപ്പെടുത്തപ്പെട്ട ചരിത്രത്തിൽ അവരുടെ സാന്നിധ്യം തുലോം വിരളമാണ്. സി.എസ്.ചന്ദ്രിക , ജെ.ദേവിക , പി.ഗീത , സജിത മഠത്തിൽ തിടങ്ങിയവർ വ്യത്യസ്ത മേഖലകളിൽ വ്യാപരിച്ചവരുടെ ചരിത്രം ആഖ്യാനം ചെയ്തിട്ടുങ്കിലും പുരുഷാഖ്യാനങ്ങളുമായി താരതമ്യപ്പെടുത്തിയാൽ അവയുടെ വ്യാപ്തിയും വ്യാപനവും കുറവാണ്. പലപ്പോഴും, മേല്ജാതിസമൂഹങ്ങളുടെ സാമൂഹികവും രാഷ്ട്രീയവുമായ വ്യവഹാരങ്ങളെ പൊതുവാക്കിയും കീഴാള –ന്യൂനപക്ഷജീവിതങ്ങളെ അരികുകളിൽ നിർത്തി യും തുടരുന്ന ചരിത്രാഖ്യാങ്ങള്ക്ക് സമീപകാലത്ത് ചില മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. മുസ്ലീം സമുദായത്തിലെ സ്ത്രീകളുടെ ഉന്നമനത്തിനായി പ്രവർത്തിടച്ച ഹലീമ ബീവി , നാടകപ്രവർത്തുക നിലമ്പൂർ ആയിഷ , തുടങ്ങിയവരുടെ ജീവചരിത്രങ്ങൾ ഇതിൽ പ്രത്യേകം എടുത്തുപറയേണ്ടതാണ്. അപ്പോഴും ദളിത് സ്ത്രീകളുടെ സാമുദായിക –രാഷ്ട്രീയചരിത്രം വിസ്മൃതിയിലോ അപൂർണ്ണ മോമായി തുടര്നുചരി എന്നതാണ് സത്യം. ആ ശൂന്യതയിലേക്ക് ഒരു തിരുത്തുമായി , ശക്തമായി എഴുതപ്പെട്ട ഗവേഷണപരമായ കൃതിയാണ് ചെറായി രാമദാസ് എഴുതിയ കാലശാസനകള്ക്കി കീഴടങ്ങാത്ത ദാക്ഷയാണി വേലായുധൻ എന്നത് ശ്രദ്ധേയമായി തോന്നുന്നു.

ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ , കൊച്ചി മുളവുകാട് എന്ന അവികസിതഗ്രാമത്തിൽ ജനിച്ചു ഇന്ത്യൻ ഭരണഘടനയിൽ ഒപ്പുവച്ച ശ്രദ്ധേയവ്യക്തിത്വമായി വളരുകയും പിന്നീട് വ്യത്യസ്ത കാരണങ്ങളാൽ ഇന്ത്യയുടെ രാഷ്ട്രീയ –സാമൂഹികരംഗങ്ങളില്നിക്കന്ന് പതിയെ പതിയെ അപ്രത്യക്ഷമാവുകയും ചെയ്ത അസാധാരണയായ വ്യക്തിത്വത്തിന്റെ ജീവിതകഥയാണ് ദാക്ഷയാണി വേലായുധന്റെത്.ഈ പുസ്തകമാവട്ടെ , അവരുടെ ജീവിതകഥയോടൊപ്പം രാഷ്ട്രീയരംഗത്തും ഭരണരംഗത്തും ഇടപെട്ടതിന്റെ നിരവധി രേഖകൾ കണ്ടെത്തിക്കൊണ്ട് അനന്യമായ ആ ജീവിതത്തെ ഗവേഷണപരമായി അടയാളപ്പെടുത്താനുള്ള ശ്രമമാണ്. അതുകൊണ്ടുതന്നെ ചരിത്രത്തിലും സാമൂഹിക –രാഷ്ട്രീയമേഖലയിലും പ്രവർത്തി ക്കുന്ന ഗവേഷകര്ക്കും സാമാന്യവായനക്കാര്ക്കും പുതിയൊരു അനുഭവവും അറിവും സൃഷ്ടിക്കുന്ന ഗ്രന്ഥമായി ഇതിനെ രേഖപ്പെടുത്താം.

1912 ജൂലൈ 4 നു മുളവുകാട് കല്ലച്ചംമുറി കുഞ്ഞന്റെയും എളങ്കുന്നപ്പുഴ തയ്യിതറ മാണിയുടെയും അഞ്ചു മക്കളിൽ നാലാമത്തെയാളായി ആയിരുന്നു ദാക്ഷയാണിയുടെ ജനനം. മുളവുകാടുള്ള വ്യത്യസ്ത സ്കൂളുകളിൽ വിദ്യാഭ്യാസം നേടിയതിനുശേഷം എറണാകുളം മഹാരാജാസ് കോളേജ് , മദ്രാസ് സെന്റ് ക്രിസ്റ്റഫെഴ്സ് ടെയിനിംഗ് കോളേജ് എന്നിവടങ്ങളില്നിന്നന്ന് ബി.എ.യും എൽ.ടി.യും പാസ്സായാണ് അവർ പൊതുരംഗത്തെക്ക് പ്രവേശിച്ചത്. ദാക്ഷയാണി മഹാരാജാസിൽ പഠിക്കുമ്പോൾ കെമസ്ടി ലാബിൽ കയറ്റാതെയും പിന്നീട് ഉന്നതവിദ്യാഭ്യാസത്തിനുള്ള അവസരം നിഷേധിച്ചും

അവരോടുള്ള അയിത്തത്തിന്റെ വ്യത്യസ്തരൂപങ്ങൾ പ്രയോഗിച്ചതായി ഈ പുസ്തകം പറയുന്നുണ്ട്. കൊച്ചി നിയമസഭയിൽ ദളിത് പ്രതിനിധിയായി നോമിനേറ്റ് ചെയ്യപ്പെട്ട വി.എസ്.കൃഷ്ണൻ വൈദ്യരുടെ ഒരു ചോദ്യത്തിന്റെ മറുപടിയായാണ് ദാക്ഷയാണി വേലായുധൻ മദ്രാസിൽ ഉപരിപഠനത്തിനുള്ള അവസരം നിഷേധിച്ചതിന്റെ ചരിത്രം രേഖപ്പെടുത്തുന്നത്. എന്നാൽ ബിരുദം നേടി രണ്ടാഴ്ചയ്ക്കുള്ളിൽ അവർ ജോലിക്ക് അപേക്ഷിച്ചെന്നും അതുകൊണ്ട് ജോലി കൊടുത്തുമേന്നുമാണ് സർക്കാർ മറുപടി കൊടുത്തത്. പിന്നീട് മദ്രാസിലെ കോൺഗ്രസ് നേതൃത്വവും അവിടുത്തെ ദളിത് നേതാക്കളും എതിർത്തി ട്ടും കോൺഗ്രസ് ഹൈക്കമാന്റ് അവരെ ഭരണഘടനാ അസംബ്ലിയിൽ എത്തിക്കുകയും ചെയ്തതിന്റെ ചരിത്രം ഈ പുസ്തകത്തിൽ വിശദീകരിക്കുന്നുണ്ട്. സ്വന്തം നിലപാടുകളിലും ധാരണകളിലും അവസാനംവരെ ഉറച്ചുനിന്നുകൊണ്ട് പൊരുതിയതുകൊണ്ട് അവരുടെ രാഷ്ട്രീയഭാവി ശോഭനമായിരുന്നില്ല. ഇത്രയേറെ മുന്നോട്ടുപോയിട്ടും ഒരു ഇന്ഷുറന്സ് കമ്പനിയിലെ ഉദ്യോഗസ്ഥയായി ഒടുങ്ങേണ്ടി വന്ന ജീവിതം പറയുന്നത് മറ്റെന്താണ് ? തന്റെയൊപ്പം ഭരണഘടന അസംബ്ലിയിൽ പ്രവർത്തിച്ച മറ്റ് വനിതാ അംഗങ്ങൾ പില്ക്കാലത്ത് മുഖ്യമന്ത്രി , എം.പി., യു.എൻ. അസംബ്ലിയിലെ ക്ഷണിതാക്കൾ എന്നിവരായി മാറുന്നത് ദാക്ഷയാണി വേലായുധന് കാണേണ്ടിയും വന്നു.

അപൂർവ്വം ചിത്രങ്ങളും നിയമസഭാരേഖകളും ഭരണഘടന അസംബ്ലിയിലെ സംവാദങ്ങളും ഒക്കെ ഉള്പ്പെ ട്ട ഈ പുസ്തകം ഗവേഷണപരമായ രചനയ്ക്ക് മികച്ച ഉദാഹരണമാണ്. അതുകൊണ്ടുതന്നെ കീഴാള –ദളിത് ചരിത്രഗവേഷണത്തിനായി ജീവിതം സമര്പ്പിച്ച ചെറായി രാമദാസിനെ എത്ര അഭിനന്ദിച്ചാലും അധികമാവില്ല. നമ്മുടെ കാലഘട്ടത്തിലെ ഏറ്റവും ധീരവും സൂക്ഷ്മവുമായ ഇടപെടലാണിത്. •

# അയ്യൻകാളി എം. ആർ. എസിന് പ്ലസ് ടു പരീക്ഷയിൽ നൂറുശതമാനം വിജയം



എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ അയ്യങ്കാളി എം.ആർ.എസിലെ വിദ്യാർത്ഥിനി അഭിനയയ്ക്ക് മന്ത്രി കെ. രാധാകൃഷ്ണൻ ഉപഹാരം നൽകുന്നു

പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള വെള്ളായണി ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിന് പ്ലസ്ടു പരീക്ഷയിൽ നൂറു ശതമാനം വിജയം. മന്ത്രി കെ. രാധാകൃഷ്ണൻ വകുപ്പുമന്ത്രിയായിരിക്കെ 1999ൽ ശിലാസ്ഥാപനം നടത്തി തുടക്കമിട്ട സ്ഥാപനമാണിത്. 24 വർഷങ്ങൾ പിന്നിട്ടപ്പോൾ ഈ എം.ആർ. എസിലെ കുട്ടികൾ കായിക രംഗത്തെന്നപോലെ പഠനത്തിലും കഴിവ് തെളിയിച്ചിരിക്കുകയാണ്.

5 മുതൽ 12 വരെയുള്ള ക്ലാസുകളിലായി 240 കുട്ടികൾക്ക് താമസിച്ച് പഠിക്കാനായി മികച്ച സൗകര്യങ്ങളാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്. SSLC പരീക്ഷയിലും സ്കൂൾ നൂറു ശതമാനം വിജയം നേടിയിരുന്നു. അഭിനയ എന്ന വിദ്യാർത്ഥി എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയാണ് SSLC വിജയിച്ചത്. •




ഉന്നതവിദ്യാഭ്യാസം

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് എറണാകുളത്ത് സംഘടിപ്പിച്ച മുഖാമുഖം പരിപാടി മന്ത്രി കെ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

# എം.ആർ.എസ്. വിദ്യാർത്ഥികളുമായി മുഖാമുഖം

സംസ്ഥാനത്തെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് പട്ടികവർഗ വികസന വകുപ്പ് യു.എൻ.ഡി.പിയുടെ ദുരന്ത ലഘൂകരണ വിഭാഗം തലവൻ മുരളി തുമ്മാരക്കുടിയുമായി മുഖാമുഖം സംഘടിപ്പിച്ചു. മന്ത്രി കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

ഉന്നത വിദ്യാഭ്യാസമേഖലയിലെ നൂതന ആശയങ്ങളെ സംബന്ധിച്ചും പഠനസാധ്യതകളെക്കുറിച്ചും മുരളി തുമ്മാരക്കുടി വിദ്യാർത്ഥികളോട് സംസാരിച്ചു.

പട്ടികജാതിപട്ടികവർഗ വിഭാഗങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ രംഗത്തെ പുതിയ സാധ്യതകളെക്കുറിച്ച് മനസ്സിലാക്കുവാനും അവർക്ക് പഠനത്തിലുള്ള അവസരമൊരുക്കുവാനും സഹായകമാകുന്ന വിധത്തിലാണ് മുഖാമുഖം പരിപാടി സംഘടിപ്പിച്ചത്. •




മുഖാമുഖത്തിൽ മുരളി തുമ്മാരുക്കുടി സംസാരിക്കുന്നു. പട്ടികജാതി വകുപ്പ് ഡയറക്ടർ കെ. ഗോപാലകൃഷ്ണൻ, അഡീഷണൽ സെക്രട്ടറി മിനിമോൾ വി.ജി എന്നിവർ സമീപം

# ഡിജിറ്റലി കണക്റ്റഡ് ട്രൈബൽ ഏരിയ



“ഡിജിറ്റലി കണക്റ്റഡ് ട്രൈബൽ ഏരിയ” പദ്ധതിയുടെ ഭാഗമായി നിയമിക്കപ്പെട്ടവർക്കുള്ള ഉത്തരവ് കെ. രാധാകൃഷ്ണൻ കൈമാറുന്നു

ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ ഉൾപ്പടെയുള്ള എല്ലാ മേഖലകളിലും ആദിവാസി വിഭാഗത്തെ സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്നതിനായി പട്ടികവർഗ വികസന വകുപ്പും സിഡാക്കും സംയുക്തമായി നടപ്പാക്കുന്ന “ഡിജിറ്റലി കണക്റ്റഡ് ട്രൈബൽ ഏരിയ” പദ്ധതിയുടെ ഭാഗമായി വയനാട് മാനന്തവാടിയിൽ നടന്ന രോഗനിർണ്ണയ ക്യാമ്പ് നടത്തി. പദ്ധതിയുടെ ഭാഗമായി നിയമിക്കപ്പെട്ട പട്ടികവർഗ്ഗക്കാരായ നേഴ്സുമാർ, എഞ്ചിനീയർ, സപ്പോർട്ടിംഗ് സ്റ്റാഫ് എന്നിവർക്കുള്ള നിയമന ഉത്തരവും കൈമാറി. ഒ.ആർ. കേളു എംഎൽഎ യോഗത്തിൽ അധ്യക്ഷനായിരുന്നു.

അട്ടപ്പാടിയിലും ഇടുക്കിയിലും ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. •



പട്ടികജാതി വികസന വകുപ്പ് തലശ്ശേരി കതിരൂരിൽ നിർമ്മിച്ച ഗവ. പ്രീമെട്രിക് ഹോസ്റ്റലിന്റെ ഉദ്ഘാടനം നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ നിർവഹിക്കുന്നു. മന്ത്രി കെ. രാധാകൃഷ്ണൻ സമീപം




ഓണാഘോഷം 2023
സമാപനത്തിന്റെ ഭാഗമായി
തിരുവനന്തപുരത്ത് നടത്തിയ
ഘോഷയാത്രയിൽ പട്ടിക വർഗ്ഗ വികസന
വകുപ്പിന്റെ ഫ്ലോട്ടും പട്ടികജാതി വികസന
വകുപ്പിന്റെ ഫ്ലോട്ടും അണിനിരന്നപ്പോൾ...



# വിജ്ഞാന ഉന്നതി

1 . ചന്ദ്രയാൻ 3 എന്നാണ് വിജയകരമായി വിക്ഷേപിച്ചത്?



2. ചന്ദ്രയാൻ 3 എന്നാണ് വിജയകരമായി ചന്ദ്രനിൽ ഇറങ്ങിയത്?

3. സസ്യങ്ങൾക്ക് ജീവനുണ്ടെന്ന് കണ്ടെത്തിയ ശാസ്ത്രജ്ഞൻ?



4. യൂറോപ്പിൽ നവോത്ഥാനം ആരംഭിച്ചത് എവിടെയാണ് ?

5. പി.സി കൾച്ചർ ഏത് മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു ?

6. ഇന്ത്യയെ കൂടാതെ ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനമായ ഏഷ്യൻ രാജ്യം?

7. ജൂത മതസ്ഥരുടെ വിശുദ്ധ ഗ്രന്ഥം?

8. ലോകത്തിലെ ആദ്യത്തെ വർത്തമാന പത്രം ഏതാണ്?

9. ഇന്ത്യൻ ദേശീയ പതാക രൂപകല്പന ചെയ്തത് ആരാണ്?

10. ഇന്ത്യയുടെ തപാൽ സ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ആദ്യ മലയാളി?

11. മൂന്ന് വട്ടമേശ സമ്മേളനങ്ങളിലും പങ്കെടുത്ത ഇന്ത്യൻ നേതാവ്?

12. ഇന്ത്യയിലെ ആദ്യത്തെ മെട്രോ റെയിൽ എവിടെയായിരുന്നു ?

13. തമിഴ്നാടിന്റെ ഔദ്യോഗിക മൃഗം?

14. ആറ്റത്തിലെ പോസിറ്റീവ് ചാർജുള്ള കണം?

15. വിമാനത്തിലെ ബ്ലാക് ബോക്സിന്റെ നിറം?

16. മൂന്ന് ഹൃദയമുള്ള ജീവിയേത്?



17. നവജാത ശിശുക്കൾ ആദ്യായി തിരിച്ചറിയുന്ന നിറം?

18. കോത്താരി കമ്മീഷൻ ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?

19. ഇംഗ്ലീഷ് ഔദ്യോഗിക ഭാഷയായ ഇന്ത്യൻ സംസ്ഥാനം ?

**ഉത്തരങ്ങൾ**

1. ജൂലൈ 14 20203
2. അഗസ്റ്റ് 23 2023
3. ജെ.സി ബോസ്
4. ഇറ്റലി
5. മത്സ്യ കൃഷി
6. ദക്ഷിണ കൊറിയ
7. തോറ
8. പീക്കിംഗ്
9. പിങ്കളി വെങ്കയ്യ
10. ശ്രീ. നാരായണ ഗുരു
11. ഡോ. ബി.ആർ അംബേദ്കർ
12. കൊൽക്കത്ത
13. വരയാട്
14. പ്രോട്ടോൺ
15. ഓറഞ്ച്
16. നീരാളി
17. ചുവപ്പ്
18. വിദ്യാഭ്യാസം
19. നാഗാലാന്റ്

തയ്യാറാക്കിയത് : അനീസ ഇഖ്ബാൽ

കവിത

**അമൃത രാജ്**
എം.എ ഇക്കണോമിക്സ്
ഗവ. ആർട്സ് കോളേജ്, കോഴിക്കോട്

# ചോദ്യങ്ങൾ


സനാഥ ബീജങ്ങൾ
ഒന്നായതിൻ ശേഷം
അനാഥമായതെങ്ങനെ?
ചൂടിനായ് പരതിയ
പിഞ്ചുകരങ്ങൾ
നെഞ്ചിൽനിന്നടർത്തിമാറ്റി
യതെങ്ങനെ?

ലോകം തിരിയാത്ത
കുഞ്ഞിളം കണ്ണിലെ
മൊട്ടിടും കൗതുകം
കാണാത്തതെന്തേ?
അമ്മയെന്നറക്കെ
കരയും വിളികളിൽ
മാറിടം ചുരത്താതെ
പോയതെങ്ങിനെ ?

പിച്ചയെടുത്തും ഊരു തെണ്ടിയും
കുപ്പക്കുഴികളിൽ
അന്നം തിരഞ്ഞോൻ
അഴുക്ക പുരണ്ട പത്രങ്ങളിൽ
കൈവിരലാൽ
മോഹാക്ഷരങ്ങൾ വരച്ചവൻ

അനാഥൻ
ആട്ടിയകറ്റപ്പെടുന്നവൻ

വീർപ്പുമുട്ടും മോഹം
കെട്ടുപൊട്ടും വഴികളിൽ
അനാഥ ബീജത്തിൻ
ബാക്കിപത്രം



**അഖിൽ. എസ്.** ഗവ. ഐ ടി. ഐ. എസ്. സി. ഡി.ഡി. ഹരിപ്പാട്



**അഖില. എസ്.** ഗവ. ഐ.ടി.ഐ, എസ്. സി. ഡി.ഡി ഹരിപ്പാട്



**ശ്രീക്കുട്ടൻ,** ഗവ. ഐ.ടി.ഐ എസ്. സി. ഡി. ഡി. ഹരിപ്പാട്


ഉന്നതി
"സംരംഭങ്ങൾ
സംഭവമാക്കാം"
ഉന്നതി എംപവർമെന്റ് സൊസൈറ്റിയും
കേരള സ്റ്റാർട്ട് അപ്പ് മിഷനും
കൈകോർക്കുന്നു
പട്ടികജാതി പട്ടികവർഗ്ഗ
വിഭാഗങ്ങളിലെ സംരംഭകർക്ക്
എല്ലാവിധ സഹായങ്ങളും
ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു
https://bit.ly/ksumstartupcity
K.Radhakrishnan
Minister for SC, ST,BC Development
Devaswoms & Parliamentary Affairs
Government of Kerala
radhakrishnanofficial

# വായിക്കുക
# വരിക്കാരാകുക...




## പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രസിദ്ധീകരണം

ചീഫ് പബ്ലിസിറ്റി ആഫീസ്, എസ്.സി. വികസന വകുപ്പ്, അയ്യൻകാളി ഭവൻ, കനക നഗർ,
കവടിയാർ പി.ഒ., വെള്ളയമ്പലം, തിരുവനന്തപുരം 695003 ഫോൺ: 0471-2737213, 2737214
Email: unnathimasika.cpo@gmail.com Office: cposcdd@gmail.com

കേരള സർക്കാർ

Printed and Published by K. Gopalakrishnan IAS, Director, Scheduled Caste Development Department, Govt. of Kerala.
Editor: Rajesh Chirappadu. Printed at Orange Press, Thiruvananthapuram-13. Private Circulation only